بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 5

വാർഷിക വരിസംഖ്യ 500 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 19

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 മെയ് 07/ഹി.ശം. 1399 ഹിജ്റത്ത് 07/1441 റമളാൻ 13

## അല്ലാഹുവിന്റെ വചനം

رَبَّنَا وَاٰتِنَا مَا وَعَدۡتَّنَا عَلٰی رُسُلِکَ وَلَا تُخۡزِنَا یَوۡمَ الۡقِیٰمَۃِ ؕ اِنَّکَ لَا تُخۡلِفُ الۡمِیۡعَادَ ۝

(آل عمران:195)

'ഞങ്ങളുടെ നാഥാ! നിന്റെ ദൂതന്മാർ മുഖേന നീ ഞങ്ങൾക്ക് വാഗ്ദാനം ചെയ്തത് നീ ഞങ്ങൾക്കു പ്രദാനം ചെയ്യേണമേ. പുനരുഥാന നാളിൽ നീ ഞങ്ങളെ അപമാനിക്കരുതേ, നിശ്ചയമായും നീ വാഗ്ദാനം ലംഘിക്കുകയില്ല.'(3:195)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## ന്യായാധിപന്മാർക്കുള്ള ദീനിന്റെ ഒരു ഭാഗമാണ് ആരുടേയും അവകാശം നിഷേധിക്കപ്പെടാതിരിക്കാൻ അവർ കേസ് നല്ലവണ്ണം പഠിക്കുക എന്നത്.

മുത്തഖി അല്ലാഹുവിലേക്ക് പോകുന്നു. ലോകം അവരുടെ പിന്നാലെ സ്വയമേവ വരുന്നു. എന്നാൽ, ലൗകികർ ഭൗതികാഭിവൃദ്ധിക്കുവേണ്ടി ദുഃഖവും ബുദ്ധിമുട്ടും പേറുന്നു. എന്നിട്ടും അവർക്ക് ലോകത്തുനിന്ന് സൗഖ്യം കിട്ടുന്നില്ല. നോക്കൂ! സ്വഹാബത്ത് ലോകം ഉപക്ഷിച്ചു. അവർ ഇഹലോകത്തും വലിയ സമ്പന്നരായി, പരലോകത്തിലെ ഫലങ്ങളും ഭക്ഷിച്ചു.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

കോടതികളിലെ പ്രസ്താവനകളേയും കോടതികളിൽ സാക്ഷികളുടെമേലുണ്ടാകുന്ന വക്കീലുമാരുടേയും ന്യായാധിപന്മാരുടേയും വലിപ്പത്തിന്റെ പ്രഭാവവും സംബന്ധിച്ച ചർച്ച നടക്കുകയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: കോടതികളിൽ അധികവും സാക്ഷികളുടെമേൽ നിയമജ്ഞന്മാരുടേയും വക്കീലുമാരുടേയും പ്രഭാവം എങ്ങനെ പതിയുന്നുവെന്നാൽ അവർക്ക് മനുഷ്യരുടെ അവകാശങ്ങൾ കാത്തുസൂക്ഷിക്കാൻ പറ്റാതെ വരുന്നു. എന്തെങ്കിലുമൊക്കെ അനാവശ്യവും അബദ്ധജടിലവുമായ കാര്യം അവരെക്കൊണ്ടു പറയിപ്പിക്കുന്നു. ഇതുമുഖേന അക്രമമുണ്ടാകുന്നു. കോടതികളുടെ ഭയവും ഒരു ബിംബാരാധനയാണ്. *ഇന്നശ്ശിർക്ക ലളുൽമുൻ അളീം.* അല്ലാഹുവിനോടു പങ്കുചേർക്കുന്നത് തീർച്ചയായും ഗുരുതരമായ അക്രമമാണ്.(31:14) പറഞ്ഞു: ചില ഇംഗ്ലീഷുകാർ കേസുകളുടെ വിധികളിൽ ഒരുപാടു പരിശോധന നടത്താറുണ്ട്. ചിന്തിച്ച് ആലോചിച്ചാലോചിച്ച് വിധി നടത്തുന്നു. അത്ഭുതകരമായ കാര്യമാണ്, ഞാൻ മിർസാ സാഹിബിന്റെ(ഹദ്റത്ത് അഹ്മദ്(അ)ന്റെ പിതാവ്)കാലത്ത് ജന്മികളുമായുള്ള ഒരു കേസിൽ അമൃതസറിൽ കമ്മീഷണറുടെ കോടതിയിലുണ്ടായിരുന്നു. വിധിക്കു ഒരു ദിവസം മുമ്പേ കമ്മീഷണർ ജന്മികൾക്ക് അങ്ങേയറ്റം ഇളവ് അനുവദിച്ചുകൊണ്ടും അവരുടെ ദ്രോഹങ്ങൾ വകവെക്കാതേയും കോടതിയിൽ, 'ദരിദ്രരാണ് നിങ്ങൾ അവരുടെമേൽ അക്രമം കാണിക്കുന്നു' എന്ന് പറഞ്ഞിരുന്നു. ആ രാത്രിയിൽ ഒരു ഇംഗ്ലീഷുകാരൻ ചെറിയ കുട്ടിയുടെ രൂപത്തിൽ എന്റെ അടുത്തുനിൽക്കുന്നതായി ഞാൻ സ്വപ്നത്തിൽ കണ്ടു. ഞാൻ അയാളുടെ തലയിൽ തടവുന്നുണ്ട്. രാവിലെ ഞാൻ കോടതിയിൽ പോയപ്പോൾ ആദ്യം കണ്ട ഇംഗ്ലീഷുകാരനെയല്ല എന്ന് തോന്നുമാറ് അയാളുടെ അവസ്ഥ ആകെ മാറിയിരുന്നു. അയാൾ ജന്മികളെ ഒരുപാട് വഴക്കുപറയുകയും കേസ് ഞങ്ങൾക്ക് അനുകൂലമായി വിധിക്കുകയും ഞങ്ങളുടെ സകല ചെലവുകളും ഞങ്ങൾക്കു അവരിൽനിന്ന് വാങ്ങിത്തരികയും ചെയ്തു.

പറഞ്ഞു: ന്യായാധിപന്മാർക്കുള്ള ദീനിന്റെ ഒരു ഭാഗമാണ് ആരുടേയും അവകാശം നിഷേധിക്കപ്പെടാതിരിക്കാൻ അവർ കേസ് നല്ലവണ്ണം പഠിക്കുക എന്നത്.

പറഞ്ഞു: നോക്കൂ! മനുഷ്യൻ സ്ഥിരചിത്തതയുള്ളവനും ഉത്സാഹിയുമല്ലെങ്കിൽ ആ ഭൗതികരായ ന്യായാധിപന്മാരുടെ മുമ്പിൽ നിലക്കുക എന്നത് ദുഷ്കരമാകുന്നു. അപ്പോൾപ്പിന്നെ അഹ്കമുൽ ഹാക്കിമീന്റെ മുമ്പിൽ നിറുത്തുന്ന സമയത്ത് എന്തായിരിക്കും അവസ്ഥ.

പറഞ്ഞു: തൗറാത്തിന്റെ അടിസ്ഥാനത്തിൽ... .......കുരിശിൽ മരിക്കുന്നവനും ശപ്തനാണ്. ക്രിസ്ത്യാനികൾ തങ്ങളുടെ മോക്ഷത്തിനുവേണ്ടി, പാപപരിഹാര സിദ്ധാന്തം സ്ഥാപിക്കുന്നതിനുവേണ്ടി യേശു കുരിശിലേറി ശപിക്കപ്പെട്ടവനായി എന്ന് അംഗീകരിക്കുന്നതു കാണുമ്പോൾ അത്ഭുതം തോന്നുന്നു. ഒരു ശാപത്തെ അവർ യേശുവിനുവേണ്ടി ശരിവെക്കുമ്പോൾ പാപപരിഹാര സിദ്ധാന്തത്തെ ദൃഢഗാഢമാക്കാൻ മറ്റു ശാപവും എന്തുകൊണ്ട് ശരിവെച്ചുകൂട? ശാപം എന്ന വാക്കു വന്ന സ്ഥിതിക്ക് പിന്നെ ഒന്നെന്ത്, രണ്ടെന്ത്? എന്നാൽ, വിശുദ്ധ ഖുർആൻ ഈ രണ്ടുശാപത്തേയും ഖണ്ഡിച്ചു. രണ്ടിനും മറുപടി നല്കി. അവരുടെ ജനനവും പരിശുദ്ധമായിരുന്നു. അവരുടെ മരണവും സാധാരണക്കാരെ പോലെയായിരുന്നു; കുരിശിലായിരുന്നില്ല.

പറഞ്ഞു: മുത്തഖി അല്ലാഹുവിലേക്ക് പോകുന്നു. ലോകം അവരുടെ പിന്നാലെ സ്വയമേവ വരുന്നു. എന്നാൽ, ലൗകികർ ഭൗതികാഭിവൃദ്ധിക്കുവേണ്ടി ദുഃഖവും ബുദ്ധിമുട്ടും പേറുന്നു. എന്നിട്ടും അവർക്ക് ലോകത്തുനിന്ന് സൗഖ്യം കിട്ടുന്നില്ല. നോക്കൂ! സ്വഹാബത്ത് ലോകം ഉപക്ഷിച്ചു. അവർലോകത്തും വലിയ സമ്പന്നരായി, പരലോകത്തിലെ ഫലങ്ങളും ഭക്ഷിച്ചു.

#### സത്യവാനേയും അസത്യവാനേയും തിരിച്ചറിയാൻ

ചോദിക്കപ്പെട്ടു, ചില എതിരാളികളും ഇൽഹാമുകൾ ഉണ്ടാകുന്നുവെന്ന് വാദിക്കുന്നുണ്ടല്ലോ. അപ്പോൾപ്പിന്നെ സത്യവാനേയും അസത്യവാനേയും തിരിച്ചറിയുന്നതെങ്ങനെ?

അവിടന്ന് പറഞ്ഞു: ഇതു വളരെ എളുപ്പമാണ്. നമ്മുടെ എതിരാളികൾ എതിരിൽ വന്ന് 'തങ്ങൾ സത്യവാന്മാരാണെങ്കിൽ തങ്ങൾക്കുമുമ്പേ എതിരാളി മരിക്കും' എന്ന വാദം പ്രസിദ്ധീകരിക്കുകയാണെങ്കിൽ നമ്മുടെ എതിരാളി നമുക്കു മുമ്പേ മരിക്കുന്നതായിരിക്കും. ജീവിക്കാനുള്ള എല്ലാ സൗകര്യങ്ങളുമുള്ള പത്തുവയസ്സുള്ള ഒരു കുട്ടി-അവന് ജീവിച്ചിരിക്കാൻ ഒരുപാടു കാലം ബാക്കിയുണ്ടല്ലോ-ഈ വാദമുന്നയിച്ച് നമുക്കെതിരിൽ എഴുന്നേറ്റുനിന്നാൽ അല്ലാഹു എനിക്കുമുമ്പേ അവനെ മരിപ്പിക്കുന്നതായിരിക്കുമെന്നുള്ള ദൃഢഗാഢമായ വിശ്വാസം നമുക്ക് അല്ലാഹുവിൽനിന്ന് നല്കപ്പെട്ടിരിക്കുന്നു.

#### ശിയാ മതത്തിന്റെ വിശ്വാസാദർശങ്ങൾ

പറഞ്ഞു: ശിയമതക്കാർ ഇസ്ലാമിന്റെ കടുത്ത വിരോധികളാണ്. ഒന്ന്, ജിബ്രീൽ വഹ്‌യ് കൊണ്ടുവരുന്നതിൽ പിഴവുവരുത്തിയെന്നത് ശിയാക്കളുടെ വിശ്വാസമാണ്. രണ്ട്, നബി(സ)തിരുമേനിയുടെ ദുആകൾക്കു ശേഷം നല്കപ്പെട്ട അവിടത്തെ സ്വഹാബത്ത് മആദല്ലാഹ് മുസ്‌ലിമായിരുന്നില്ല. മൂന്ന്, അല്ലാഹുവിന്റെ വിശുദ്ധ ഗ്രന്ഥമായ വിശുദ്ധ ഖുർആൻ-അതിന്റെ സംരക്ഷണം അല്ലാഹു ഏറ്റെടുത്തിട്ടുള്ളതാണ്-ശിയാക്കളുടെ വിശ്വാസപ്രകാരം അസലല്ല. ഇമാം മഹ്ദി യഥാർഥ ഖുർആൻ എടുത്തുകൊണ്ടുപോയി ഗുഹയിൽ മറഞ്ഞിരുന്നു. നാല്, 12 ഇമാമീങ്ങളോടുകൂടി വിലായത്ത് അവസാനിച്ചു കഴിഞ്ഞു. ബാക്കിയുള്ള ജനങ്ങൾ പുനരുഥാനനാൾവരെ മൃഗങ്ങളെപ്പോലെ വസിച്ചുകൊള്ളണം. അവരോടു അല്ലാഹുവിന് സ്നേഹമില്ല. അഞ്ച്. അല്ലാഹുവിന്റെ സ്നേഹിതനായ നബി(സ)തിരുമേനിയുടെ സ്വഹാബത്തിനെ ചീത്ത വിളിക്കുകയും അത് നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലുന്നതിനെക്കാൾ കൂടുതൽ പുണ്യമായി മനസ്സിലാക്കുകയും ചെയ്യുന്നു. അവർ ഒരു മഹത്തുക്കളേയും അല്ലാഹുവിന്റെ ഇഷ്ടദാസരേയും നല്ലവരെന്ന് കരുതുന്നില്ല. എന്റെ ഉസ്താദ് ഹദ്റത്ത് സയ്യിദ് അബ്ദുൽഖാദിർ ജീലാനിയെ ചീത്ത വിളിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. യഥാർഥ കാര്യമെന്താണെന്നാൽ 'യസീദ്' എന്നതാണ് ഏറ്റവും ദുഷിച്ച നാമം. അയാളുടെ പങ്കാളിത്തത്തോടെ ഇമാം ഹുസയ്

(ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫർലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# നമസ്കരിക്കുന്നതും ജമാഅത്തായി നമസ്കരിക്കുന്നതും നിർബന്ധമാണെന്നപോലെ സക്കാത്തും നിർബന്ധമാണ്.

ഇസ്‌ലാമിലെ അഞ്ച് അടിസ്ഥാനപരമായ കാര്യങ്ങളിൽ ഒന്നാണ് സക്കാത്ത്. തോത് പൂർത്തിയായിട്ടുള്ള മുസ്‌ലിമിന് അത് കൊടുക്കുക എന്നത് ശരീഅത്തുപരമായ ഒരു പ്രധാനപ്പെട്ട കടമയാണ്. സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) സക്കാത്ത് കൊടുക്കേണ്ടതിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് പറയുന്നു: 'ഞാൻ വീണ്ടും നിങ്ങളോടു അഭ്യർഥിക്കുകയാണ്. നമ്മുടെ നബി(സ)തിരുമേനി സക്കാത്തിന്റെ സമ്പത്ത് ഒരിടത്ത് ഒരുമിച്ചുകൂട്ടി വിതരണം ചെയ്യുന്ന മാതൃക കാണിച്ചതുപോലെ, അല്ലാഹുവിന്റെ പരിശുദ്ധഗ്രന്ഥം അത് ചെലവഴിക്കേണ്ടതു പറഞ്ഞുതന്നതുപോലെ ആകാത്തിടത്തോളം, നമ്മുടെ ജമാഅത്ത് അത് ഒരിടത്ത് സമാഹരിച്ച് അത് ചെലവഴിക്കുന്നില്ലെങ്കിൽ–ഇസ്‌ലാമിക നിയമങ്ങളുടെ നാലു നിയമങ്ങളിൽനിന്ന് ഒരു മഹത്തായ നിയമം അവർ പാലിക്കുന്നവരാണെന്ന് പറയപ്പെടുകയില്ല. നമസ്കാരങ്ങൾ നിർബന്ധമാണെന്നതുപോലെ, മസ്ജിദിൽ പോയി ജമാഅത്തോടുകൂടി നമസ്കരിക്കുന്നത് നിർബന്ധമാണെന്നപോലെ സക്കാത്തും നിർബന്ധമാണ്. അത് ഒരിടത്ത് സമാഹരിച്ച് വിതരണം ചെയ്യുകയും അതിന് നിശ്ചയിച്ചവരിൽ ചെലവഴിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്. അതുകൊണ്ട് നമസ്കാരവും നോമ്പും ഹജ്ജും ചെയ്യുന്നത് നിർബന്ധമാണെന്നപോലെ സക്കാത്ത് കൊടുക്കലും നിർബന്ധമാണെന്ന് മനസ്സിലാക്കുക." (മാലീ നിളാം ഭാഗം 2, പേജ് 30)

സക്കാത്തിന്റെ തോതിനെ സംബന്ധിച്ച് സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി (റ) പറയുന്നു: 'സക്കാത്ത് എന്നു പറയുന്ന ഈ ടാക്സ് വരുമാനത്തിനല്ലെന്ന കാര്യം ഓർക്കുക. മറിച്ച്, മൂലധനവും ലാഭവും എല്ലാംകൂടിയുള്ളതിലാണ് നികുതി ചുമത്തുന്നത്. ഇപ്രകാരം രണ്ടര ശതമാനം യഥാർഥത്തിൽ ചിലപ്പോൾ ലാഭത്തിന്റെ 50% ആയിത്തീരുന്നു. (അഹ്മദിയ്യത്ത് യഅ്നീ ഹഖീഖി ഇസ്‌ലാം, അൻവാറുൽ ഉലൂം വാല്യം 8 പേജ് 306). ആഭരണങ്ങളുടേയും നാണയങ്ങളുടേയും സക്കാത്തിനെ സംബന്ധിച്ച് സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു: 'വെള്ളിക്ക് വെള്ളിയുടേയും സ്വർണത്തിന് സ്വർണത്തിന്റേയും തോതായിരിക്കും. അത് നബി(സ)തിരുമേനി തന്റെ അനുഗൃഹീത കാലഘട്ടത്തിൽ നേരിട്ട് നടപ്പിൽ വരുത്തിയതാണ്. റൊക്കം പണത്തിനുള്ള സക്കാത്തിന്റെ തോതിനെ സംബന്ധിച്ചിടത്തോളം ഇക്കാലത്ത് ലോകത്തെ ഭൂരിപക്ഷവും സ്വർണത്തെയാണ് മാനദണ്ഡമാക്കിയിട്ടുള്ളത്. അതുകൊണ്ട് രൂപയുടെ സക്കാത്തും സ്വർണം തന്നെ മാനദണ്ഡമായി മനസ്സിലാക്കുന്നതായിരിക്കും." (സ്വദ്ർ സാഹിബ് മജ്‌ലിസെ ഇഫ്ത്തായ്ക്ക് ഹുദൂർ അയ്യദഹുല്ലാഹ് എഴുതിയ കത്ത് )

നബി(സ) തിരുമേനി വെള്ളിയ്ക്ക് 52 1/2 തോലയും സ്വർണത്തിന് 7 1/2 തോലയും തോത് നിശ്ചയിച്ചിരിക്കുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ ഒരാളുടെ കൈയിൽ 52 1/2 തോല (612 ഗ്രാം) വെള്ളിയുണ്ടെങ്കിൽ, അതിന് ഒരു വർഷം കഴിഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ നാല്പതിൽ ഒരുഭാഗം അതായത് രണ്ടര ശതമാനം സക്കാത്ത് കൊടുക്കേണ്ടത് നിർബന്ധമാണ്.

ഇപ്രകാരംതന്നെ ഒരാളുടെ കൈയിൽ ഏഴര തോല (87 ഗ്രാം) സ്വർണമുണ്ടെങ്കിൽ അതിനു തുല്യമായ നാണയമുണ്ടെങ്കിൽ അതിന് ഒരു വർഷം കഴിഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ നാൽപതിലൊരു ഭാഗം അതായത് രണ്ടരശതമാനം സക്കാത്ത് കൊടുക്കേണ്ടത് നിർബന്ധമാണ്.

ആഭരണങ്ങളെ സംബന്ധിച്ച് ഓർക്കേണ്ടത് ആഭരണം ധരിക്കുന്നതിനുവേണ്ടിയാണ് വെച്ചിട്ടുള്ളതെങ്കിൽ, വ്യക്തിപരമായ ഉപയോഗിക്കുന്നുവെങ്കിൽ, ഇടയ്ക്കിടയ്ക്ക് ആർക്കെങ്കിലും ഇരവ് കൊടുക്കാറുണ്ടെങ്കിൽ അത്തരം ആഭരണങ്ങൾക്ക് സക്കാത്ത് കൊടുക്കുന്നത് നല്ലതാണ്. ധരിക്കുന്ന ആഭരണങ്ങളുടെ സക്കാത്തിനെ സംബന്ധിച്ച് സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ധരിക്കുന്ന ആഭരണങ്ങൾക്കും ഇടയ്ക്കിടെ ദരിദ്രരായ സ്ത്രീകൾക്ക് ഉപയോഗിക്കാൻ കൊടുക്കുന്ന ആഭരണങ്ങൾക്കും ചിലരുടെ ഫത്‌വ, അതിന് സക്കാത്തില്ലെന്നാണ്. ധരിക്കുന്നതും മറ്റുള്ളവർക്ക് ഉപയോഗിക്കാൻ കൊടുക്കാത്തതുമായ ആഭരണത്തിന് സക്കാത്ത് കൊടുക്കുന്നത് ഉത്തമമാണ്; അത് തങ്ങളുടെ ആത്മാവിനുവേണ്ടിയാണ് ഉപയോഗിക്കുന്നത്. ഇതനുസരിച്ചാണ് നമ്മുടെ വീട്ടിൽ പ്രവർത്തിക്കുന്നത്. ഓരോ വർഷത്തിനുശേഷവും തന്റെ കൈയിലുള്ള ആഭരണത്തിന് സക്കാത്ത് കൊടുക്കുക. രൂപപോലെ സമാഹരിച്ചുവെക്കുന്ന ആഭരണത്തിന് സക്കാത്ത് കൊടുക്കുന്ന കാര്യത്തിൽ ആർക്കും അഭിപ്രായഭിന്നതയില്ല." (അൽഹക്കം 1905, സപ്തംബർ 17, പേജ് 11)

അനുഗൃഹീത റമളാൻമാസം തുടർന്നുവരികയാണ്. ഈ മാസത്തിൽ നബി(സ)തിരുമേനി ധാരാളമായി സക്കാത്തും സ്വദഖയും ദാനധർമങ്ങളും കൊടുക്കുമായിരുന്നു; അവിടത്തെ കരങ്ങൾ ശക്തമായ പൊടിക്കാറ്റുപോലെ ചലിച്ചിരുന്നു.

അതുകൊണ്ട് തോതുകൾ പൂർത്തിയായിട്ടുള്ള പുരുഷന്മാരും സ്ത്രീകളും എത്രയും വേഗം ഈ സുപ്രധാന നിർബന്ധകർമം നിർവഹിക്കുന്നതിലേക്ക് ശ്രദ്ധിച്ച് അല്ലാഹുവിന്റെ പ്രതിഫലത്തിന് അർഹരാകുക. അല്ലാഹു നമുക്കെല്ലാം അതിന് തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ. സക്കാത്തിന്റെ പണമെല്ലാം കേന്ദ്രത്തിൽ അടയ്ക്കേണ്ടതാണ്. സ്വയം വിതരണം ചെയ്യാൻ ആർക്കും അനുവാദമില്ല.

**(നാളിർ ബയ്ത്തുൽമാൽ, ആമദ്, ഖാദിയാൻ)**

## സ്വദഖത്തുൽ ഫിത്‌ർ

അൽഹംദുലില്ലാഹ് അനുഗൃഹീത റമളാൻ മാസം ഏപ്രിൽ മാസത്തിന്റെ അവസാനത്തോടെ ആരംഭിക്കുകയാണ്. ഇസ്‌ലാമിൽ ഫിത്‌ർ സക്കാത്ത് കൊടുക്കുന്നതിന് ഒരു സ്വാഅ് ധാന്യം (ഏകദേശം 2 കിലോ 750 ഗ്രാം) തോതാണ് നിശ്ചയിച്ചിട്ടുള്ളത്. ജമാഅത്തംഗങ്ങൾ പൂർണ ശ്രദ്ധയോടുകൂടി റമളാന്റെ ആദ്യമോ രണ്ടാമത്തെ പത്തിന്റെ ഉള്ളിലോ ഫിത്‌ർ സക്കാത്ത് കൊടുക്കാൻ ശ്രമിക്കുക. ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ (ഗോതമ്പ്, അരി) എന്നിവയുടെ തോത് വിഭിന്നങ്ങളാണ്. അതുകൊണ്ട് നമ്മുടെ തദ്ദേശ വിലയനുസരിച്ച് നിശ്ചിത തോതനുസരിച്ച് ഫിത്‌ർ സക്കാത്ത് നല്കുക. പഞ്ചാബിൽ ഇതിന്റെ തോത് നിശ്ചയിച്ചിട്ടുള്ളത് ഒരു സ്വാഅ്ന് സമാനമായി ആളോഹരി 55 രൂപയാണ്. തദ്ദേശ ജമാഅത്തിൽ ദരിദ്രരും അർഹരും ഉണ്ടെങ്കിൽ ഫിത്‌ർ സക്കാത്തിന്റെ മൊത്തം തുകയിൽനിന്ന് 90%വരെ മജ്‌ലിസെ ആമിലയുടെ അഭിപ്രായവും തീരുമാനവും അനുസരിച്ച് വിതരണം ചെയ്യാവുന്നതാണ്. ബാക്കിതുക കേന്ദ്രത്തിൽ അടയ്ക്കേണ്ടതാണ്. ദരിദ്രരും അർഹരുമില്ലെങ്കിൽ മുഴുവൻ തുകയും സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ ജമാഅത്ത് അക്കൗണ്ടിൽ വരേണ്ടതാണ്. ഫിത്‌ർ സക്കാത്തിന്റെ തുക മസ്ജിദു തുടങ്ങിയവയുടെ ആവശ്യങ്ങൾക്കായി ചെലവഴിക്കാൻ അനുവാദമില്ല.

## ഈദു ഫണ്ട്

ഈ ചന്ദ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് സ്ഥാപിച്ചിട്ടുള്ളതാണ്. ഇതിന്റെ ഉദ്ദേശ്യം സന്തോഷവേളകളിൽ വ്യക്തിപരമായ സന്തോഷത്തിന് വസ്ത്രങ്ങൾക്കും ഭക്ഷണങ്ങൾക്കും സ്ത്രീകൾക്കും വേണ്ടി പല ചെലവുകളും നടത്തുന്നു. മറ്റുള്ളവർക്ക് സമ്മാനം നല്കുന്നു. ആ സന്തോഷത്തിൽ ദീനിപരമായ ഉദ്ദേശ്യങ്ങളും ഓർമിക്കുക എന്നതാണ്. അഹ്മദി അംഗങ്ങൾ ബയ്അത്തിൽ പ്രതിജ്ഞ ചെയ്തിട്ടുള്ളത് ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്നാണ്. അതുകൊണ്ട് സന്തോഷവേളകളിൽ ദീനിന്റെ ഉദ്ദേശ്യങ്ങൾ തീർച്ചയായും അഹ്മദി അംഗങ്ങൾ ഓർക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ഉദ്ദേശ്യത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് ഈ വകുപ്പിൽ വരുമാനമുള്ള അഹ്മദി ആളോഹരി ഒരു രൂപയാണ് ഈദുഫണ്ടിൽ കൊടുത്തിരുന്നത്. ഇപ്പോൾ രൂപയ്ക്ക് ആ മൂല്യമില്ല. അതിനാൽ ഒരു രൂപയിൽ ഒതുക്കിനിറുത്തുന്നത് ശരിയല്ല. ഈദുൽഫിത്‌റിന്റെ വരവ്, സന്തോഷകരമാണ്. അതുകൊണ്ട് കഴിവിനനുസരിച്ച് ഈദ് ദിവസം കൂടുതൽ തുക ഈ ഫണ്ടിൽ നൽകുക. ഈദു ഫണ്ട് ഈദിന് മുമ്പേ എപ്പോൾ വേണമെങ്കിലും കൊടുക്കാവുന്നതാണ്. ഇത് കേന്ദ്രചന്ദയാണ്. മുഴുവൻ തുകയും സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ ഖജനാവിൽ വരേണ്ടത് നിർബന്ധമാണ്. ഇതിൽനിന്ന് തദ്ദേശപരമായി ചെലവഴിക്കാൻ അനുവാദമില്ല.

**(നാളിർ ബയ്ത്തുൽമാൽ ആമദ്, ഖാദിയാൻ)**

### ഹദീഥുന്നബ്‌വി (സ):

*നബി(സ)തിരുമേനി പറഞ്ഞു: 'നീ ധാരാളം സുജൂദ് ചെയ്യണം. എന്തുകൊണ്ടെന്നാൽ അല്ലാഹുവിനുവേണ്ടി നീ ചെയ്യുന്ന ഒരു സുജൂദിനു പകരം അല്ലാഹു നിന്നെ ഒരു പടി ഉയർത്തുകയും അതുകൊണ്ടുതന്നെ ഒരു പാപം നിനക്കു പൊറുക്കുകയും ചെയ്യും.'(മുസ്‌ലിം)*

ത്വാലിബെ ദുആ:
Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.

### ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു:**
**'സദ്‌വൃത്തിയോടൊപ്പം ദീർഘായുസ്സ് ലഭിച്ചിട്ടുള്ളവനാണ് ജനങ്ങളിൽ മഹോന്നതൻ.'**
**(തിർമുദി)**

ത്വാലിബെ ദുആ:
Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.

## ഖുത്ബ ജുമുഅ

ഉഹുദ് യുദ്ധാവസരത്തിൽ......നൂറുക്കണക്കിന് അമ്പെയ്ത്തുകാർ വില്ലുകളെടുത്തു. നബി(സ)തിരുമേനി മുഖത്തെ അവർ ലക്ഷ്യമാക്കി; അമ്പുകൾകൊണ്ട് അവിടുത്തെ മുഖകമലം വികൃതമാക്കാൻ. ആ നേരത്ത് നബി(സ)തിരുമേനിയുടെ മുഖകമലം സംരക്ഷിക്കാൻ തന്നെ മുന്നിൽനിറുത്തിയത് ത്വൽഹയായിരുന്നു.

ജമൽ യുദ്ധത്തിൽ ഹദ്റത്ത് ത്വൽഹ മരണാസന്നനായിരിക്കെ, ഹദ്റത്ത് അലിയുടെ സൈന്യത്തിൽ നിന്നുള്ള ഒരാളുടെ കൈയിൽ ഹദ്റത്ത് അലിയ്ക്ക് ബയ്അത്ത് ചെയ്തിരുന്നു.

ജമൽ യുദ്ധത്തിന്റെ കാരണങ്ങളും, അവസ്ഥകളും സംഭവങ്ങളും, അതുസംബന്ധമായി ഉയരുന്ന ചില ചോദ്യങ്ങൾക്കുള്ള തൃപ്തികരമായ മറുപടികളും

ജമൽ യുദ്ധത്തിൽ സ്വഹാബത്തിന്റെ ഒരു കൈകടത്തലുമുണ്ടായിരുന്നില്ല. പ്രത്യുത ഈ ദ്രോഹങ്ങളും ഉഥ്മാന്റെ ഘാതകരുടേതു തന്നെയായിരുന്നു.

കൊറോണ വൈറസ് കാരണത്താൽ ഉണ്ടായിരിക്കുന്ന അസാധാരണമായ അവസ്ഥകളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ലിഖിതശകലത്തെ ഉദ്ധരിച്ച് വീടുകൾ വൃത്തിയാക്കിവെക്കാനും ഭരണതലത്തിൽനിന്ന് ലഭിക്കുന്ന നിർദേശങ്ങൾ പാലിക്കാനും ഉപദേശം.

**ഖുത്ബ ജുമുഅ 2020 ഏപ്രിൽ 03/1399 ശഹാദത്ത് 03**
**മസ്ജിദ് മുബാറക്, ഇസ്ലാമാബാദ്, ടിൽഫോർഡ് (സർറെ) യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ-الرَّحْمٰنِ الرَّحِيْمِ-مٰلِكِ يَوْمِ الدِّيْنِ-
اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ-
صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഇപ്പോഴത്തെ സാഹചര്യമനുസരിച്ചും ഇവിടെയുള്ള ഭരണകൂടത്തിന്റെ നിയമമനുസരിച്ചും ഔദ്യോഗികമായി ആളുകളെ മുന്നിലിരുത്തിക്കൊണ്ട് ഖുത്ബ നൽകാൻ സാധിക്കുകയില്ല. നിയമപരിധിയിൽ നിന്നുകൊണ്ട് അനുവദനീയമായ രീതിയിൽ ഇന്ന് എനിക്ക് മസ്ജിദിൽ നിന്നുതന്നെ ഖുത്ബ നല്കാനുള്ള സംവിധാനം ഒരുക്കിയിരിക്കുകയാണ്. എന്തുകൊണ്ടെന്നാൽ ലോകത്ത് ഈ നേരത്ത് ഖുത്ബ കേൾക്കുന്നവർ ആയിരക്കണക്കിന് ലക്ഷക്കണക്കിനുണ്ട്; മസ്ജിദിൽ എന്റെ മുമ്പിൽ ആരെങ്കിലും ഉണ്ടാവട്ടെ, ഉണ്ടാവാതിരിക്കട്ടെ. ഐക്യം നിലനിറുത്താനുള്ള ഈയൊരു ശ്രമം എപ്പോഴും ഉണ്ടായിരിക്കേണ്ടതാണ്. ദുആയും ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. അല്ലാഹു അവസ്ഥകൾ നന്നാക്കിത്തീർക്കുമാറാകട്ടെ. ഈ പകർച്ചവ്യാധി അകറ്റുമാറാകട്ടെ. വീണ്ടും മസ്ജിദുകളിൽ ആ പഴയ പ്രശോഭിതമായ അവസ്ഥ തിരിച്ചുവരുമാറാകട്ടെ.

ഇനി ഞാൻ ഖുത്ബയുടെ തുടർന്നു വരുന്ന വിഷയം ആരംഭിക്കുകയാണ്. ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലാ(റ)യെക്കുറിച്ചു രണ്ടു ഖുത്ബകൾക്ക് മുമ്പേയുള്ള ഖുത്ബയിൽ പറഞ്ഞുവരികയായിരുന്നു. അദ്ദേഹത്തിന്റെ ശഹാദത്തുണ്ടായത് ജമൽ യുദ്ധത്തിലായിരുന്നു. അതുദ്ധരിച്ചുകൊണ്ട് പിന്നീട് വിവരിക്കുന്നതാണെന്ന് ഞാൻ പറഞ്ഞിരുന്നു. അതിനാൽ ഇന്ന് അത് വിവരിക്കുന്നതായിരിക്കും.

ഹദ്റത്ത് ഉമർ(റ) തന്റെ വഫാത്തിനു മുമ്പേ ഖിലാഫത്തുമായി ബന്ധപ്പെട്ട് ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. ഇതുസംബന്ധമായി സ്വഹീഹ് ബുഖാരിയുടെ ഒരു ഹദീഥിൽ ഇങ്ങനെ വിശദീകരണം എഴുതപ്പെട്ടിരിക്കുന്നു. ഹദ്റത്ത് ഉമർ(റ)ന്റെ വഫാത്തിന്റെ സമയമടുത്തപ്പോൾ, 'അമീറുൽ മുഅ്മിനീൻ അങ്ങ് വസ്വിയ്യത്ത് ചെയ്താലും' എന്ന് ആളുകൾ പറഞ്ഞു; ആരെയെങ്കിലും ഖലീഫയായി നിശ്ചയിച്ചാലും. അപ്പോൾ അദ്ദേഹം പറഞ്ഞു: 'നബി(സ)തിരുമേനിയുടെ വഫാത്തിന്റെ സമയത്ത് അവിടന്ന് തൃപ്തി പ്രകടിപ്പിച്ച ആ ഏതാനും ആളുകളല്ലാതെ ഖിലാഫത്തിന് അവകാശികളായി ഞാൻ ആരെയും കാണുന്നില്ല. തുടർന്ന് ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് അലി(റ), ഹദ്റത്ത് ഉഥ്മാൻ(റ), ഹദ്റത്ത് സുബയ്ർ(റ), ഹദ്റത്ത് ത്വൽഹ(റ), ഹദ്റത്ത് സഅ്ദ്(റ), ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) എന്നിവരുടെ പേരുകൾ എടുത്തു പറഞ്ഞു. എന്നിട്ടു പറഞ്ഞു, അബ്ദുല്ലാഹ് ബിൻ ഉമർ നിങ്ങളുടെ കൂടെ ഉണ്ടാവുന്നതായിരിക്കും. പക്ഷേ, ആ ഖിലാഫത്തിൽ അദ്ദേഹത്തിന് ഒരു അവകാശവുമുണ്ടായിരിക്കുകയില്ല. ഇത് അദ്ദേഹം പറഞ്ഞത് അബ്ദുല്ലായെ സമാധാനിപ്പിക്കുന്നതിനുവേണ്ടിയായിരുന്നു. ഖിലാഫത്തു സഅ്ദിന് കിട്ടുകയാണെങ്കിൽ അദ്ദേഹമായിരിക്കും ഖലീഫ. ഇല്ലെങ്കിൽ ആര് നിങ്ങളിൽനിന്ന് അമീറായാലും അദ്ദേഹം സഅ്ദിൽനിന്ന് സഹായം എടുത്തുകൊണ്ടിരിക്കട്ടെ. കാരണം ഞാൻ അദ്ദേഹത്തെ ഒഴിവാക്കിയത് അദ്ദേഹം ഏതെങ്കിലും ജോലി ചെയ്യുന്നതിൽ പ്രാപ്തനല്ലാത്തതുകൊണ്ടല്ല. അല്ലെങ്കിൽ എന്തെങ്കിലും വഞ്ചന കാണിച്ചതുകൊണ്ടുമല്ല. ഇപ്രകാരം പറഞ്ഞു, എനിക്കു ശേഷം വരുന്ന ആ ഖലീഫയോടു ആദ്യം മുഹാജിരീങ്ങൾക്ക് നന്മ ചെയ്യുവാൻ ഞാൻ വസ്വിയ്യത്തു ചെയ്യുന്നു; അവരുടെ അവകാശങ്ങൾ അംഗീകരിച്ചുകൊടുക്കുവാനും അവരുടെ പവിത്രത കാത്തുസൂക്ഷിക്കുവാനും. അൻസ്വാറിനും നന്മ ചെയ്യുവാൻ ഞാൻ അദ്ദേഹത്തിനോടു വസ്വിയ്യത്ത് ചെയ്യുന്നു; അവരാണ് മുഹാജിറുകളെക്കാൾ ആദ്യമായി ഈമാനും ഭവനവും തയ്യാറാക്കിയവർ. അവരുടെ നന്മയെ അംഗീകരിക്കുവാനും തിന്മയെ വിട്ടുവീഴ്ച ചെയ്യുവാനും ഞാൻ ഉദ്ദേശിക്കുന്നു. ഞാൻ എല്ലാ നഗരവാസികളോടും നല്ലരീതിയിൽ പെരുമാറണമെന്ന് അദ്ദേഹത്തോടു വസ്വിയ്യത്ത് ചെയ്യുന്നു. കാരണം അവർ ഇസ്ലാമിന്റെ സംരക്ഷകരാണ്. അവർ കരം പിരിക്കുന്നവരാണ്. അവർ ശത്രുക്കളെ അലട്ടുന്നതിന് ഹേതുവാണ്. അവരുടെ സംതൃപ്തിയോടുകൂടി അവരിൽനിന്ന് അവരുടെ ആവശ്യങ്ങളിൽനിന്ന് ബാക്കിയാകുന്നത് വാങ്ങുക. ഞാൻ അദ്ദേഹത്തോടു ബദ്വികളായ അറബികളോടു നല്ല രീതിയിൽ പെരുമാറണമെന്നും വസ്വിയ്യത്തു ചെയ്യുന്നു. കാരണം അവർ അറബികളുടെ വേരാണ്. ഇസ്ലാമിന്റെ ബീജമാണ്. അവർക്ക് പ്രയോജനപ്പെടാത്ത സമ്പത്തിൽനിന്ന് ധനം വാങ്ങിക്കൊള്ളുക. പിന്നീട് അവരിൽനിന്നുള്ള ആശ്രിതർക്ക് അത് നല്കുക. ഞാൻ അദ്ദേഹത്തെ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും ഉത്തരവാദിത്വത്തിൽ ഏല്പിക്കുന്നു. ആരിൽനിന്നാണോ ഉടമ്പടി വാങ്ങിയിട്ടുള്ളത് അവരുടെ ഉടമ്പടി അവർക്ക് പൂർത്തിയാക്കിക്കൊടുക്കുക. അവരുടെ സംരക്ഷണത്തിന് അവർക്കുവേണ്ടുന്ന പ്രതിരോധം ചെയ്യുക. അവർക്ക് എത്ര കഴിവുണ്ടോ അത്രമാത്രം അവരിൽനിന്ന് വാങ്ങുക.

അദ്ദേഹം വഫാത്തായപ്പോൾ ഞങ്ങൾ അദ്ദേഹത്തേയുമെടുത്ത് പുറപ്പെട്ടു. നടന്നുപോകാൻ തുടങ്ങി. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ), ഹദ്റത്ത് ആഇശയ്ക്ക്(റ) അസ്സലാമു അലയ്ക്കും പറഞ്ഞു. ഉമർ ബിൻ ഖത്ത്വാബ് അനുവാദം ചോദിക്കുന്നുവെന്ന് പറഞ്ഞു. അദ്ദേഹത്തെ ഉള്ളിൽ കൊണ്ടുവരികയെന്ന് അവർ പറഞ്ഞു. അങ്ങനെ അദ്ദേഹത്തെ ഉള്ളിൽ കൊണ്ടുപോയി. അവിടെ അദ്ദേഹത്തിന്റെ രണ്ടു സ്നേഹിതന്മാരോടൊപ്പം വെക്കപ്പെട്ടു. അദ്ദേഹത്തിന്റെ ഖബ്റടക്കം കഴിഞ്ഞപ്പോൾ ഹദ്റത്ത് ഉമർ പേരു പറഞ്ഞ ആളുകൾ ഒരുമിച്ചുകൂടി. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) പറഞ്ഞു: നിങ്ങളുടെ കാര്യം നിങ്ങളിൽനിന്നുള്ള മൂന്നുപേരെ ഏല്പിക്കുക. ഹദ്റത്ത് സുബയ്ർ(റ) പറ

ഞ്ഞു: ഞാൻ എന്റെ അധികാരം ഹദ്റത്ത് അബ് ദുർറഹ്മാൻ ബിൻ ഔഫ്(റ)ന് നല്കിയിരിക്കുന്നു. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) ഹദ്റത്ത് അലിയോടും ഹദ്റത്ത് ഉഥ്മാനോടും പറഞ്ഞു: നിങ്ങളിൽനിന്ന് ആരാണോ ഇക്കാര്യത്തിൽനിന്ന് പിന്മാറുന്നത്, പിന്മാറാത്ത ആളിന് ഞങ്ങൾ ഇക്കാര്യം ഏല്പിച്ചുകൊടുക്കുന്നതായിരിക്കും. അല്ലാഹുവും ഇസ്‌ലാമും അദ്ദേഹത്തിന്റെ രക്ഷകരായിരിക്കും. അല്ലാഹു അവരിൽനിന്നുള്ള ഉത്തമരായ ആളെ തീരുമാനിക്കുന്നതായിരിക്കും; അതായത് അല്ലാഹുവിന്റെ പക്കൽ ശ്രേഷ്ഠനായ ആളെ! ഇക്കാര്യം രണ്ടു മഹാത്മാക്കളേയും നിശബ്ദരാക്കി. അതായത് അവർ ഒരു മറുപടിയും നല്കിയില്ല. പിന്നീട് ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) പറഞ്ഞു: നിങ്ങൾ ഇക്കാര്യം എനിക്ക് ഏല്പിച്ചുതരുന്നുണ്ടോ? അല്ലാഹു എന്റെ മേൽനോട്ടക്കാരനാണ്. നിങ്ങളിലാരാണോ ശ്രേഷ്ഠൻ അയാളെ തീരുമാനിക്കുന്നതിൽ ഞാൻ ഒരു കുറവും വരുത്തുകയില്ല. 'സമ്മതം' എന്ന് അവർ ഇരുവരും പറഞ്ഞു. പിന്നീട് ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)ഒരാളുടെ കൈപിടിച്ചു മാറ്റിക്കൊണ്ടുപോയി. അദ്ദേഹത്തോടു പറഞ്ഞു, താങ്കൾക്ക് നബി(സ)തിരുമേനിയുമായി കുടുംബബന്ധമുണ്ട്. ഇസ്‌ലാമിലുള്ള താങ്കളുടെ സ്ഥാനം താങ്കളും അറിയുന്നതാണ്. അല്ലാഹു താങ്കളുടെ സംരക്ഷകനാണ്. ഞാൻ താങ്കളെ അമീറാക്കിയാൽ താങ്കൾ നിർബന്ധമായും നീതി പുലർത്തുമോ? ഞാൻ ഉഥ്മാനെ അമീറാക്കിയാൽ താങ്കൾ അദ്ദേഹം പറയുന്നത് കേൾക്കുമോ? അദ്ദേഹത്തിന്റെ കല്പനകൾ പാലിക്കുമോ? പിന്നീട് ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) രണ്ടാമത്തെയാളേയും മാറ്റിക്കൊണ്ടുപോയി. അദ്ദേഹത്തോടും അതുതന്നെ ചോദിച്ചു. അവരിൽനിന്ന് ദൃഢഗാഢമായ ഉടമ്പടി വാങ്ങിച്ചപ്പോൾ പറഞ്ഞു, ഉഥ്മാൻ അങ്ങ് അങ്ങയുടെ കൈ നീട്ടുക. അദ്ദേഹം ഹദ്റത്ത് ഉഥ്മാന് ബയ്അത്തു ചെയ്തു; ഹദ്റത്ത് അലിയും അദ്ദേഹത്തിന് ബയ്അത്തു ചെയ്തു. വീട്ടുകാർ ഉള്ളിൽവന്നു. അവരും അദ്ദേഹത്തിന് ബയ്അത്ത് ചെയ്തു. ഇത് ബുഖാരിയിലുള്ള നിവേദനമാണ്.(സ്വഹീഹുൽ ബുഖാരി, കിതാബുൽ ഫളാഇൽ അസ്ഹാബുന്നബി(സ), ഹദീഥ് 3700)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ ഖിലാഫത്ത് തിരഞ്ഞെടുപ്പിനെ വിശദമായി വിവരിച്ചുകൊണ്ട് ഈ സംഭവം ഇങ്ങനെ വിവരിക്കുന്നു: ഹദ്റത്ത് ഉമർ(റ)ന് മുറിവേല്ക്കുകയും തന്റെ സമയം അടുത്തിരിക്കുന്നുവെന്ന് അദ്ദേഹത്തിന് തോന്നുകയും ചെയ്തപ്പോൾ അദ്ദേഹം ആറുപേരെ സംബന്ധിച്ച് വസിയ്യത്ത് ചെയ്തു; അവർ അവരിൽ ഒരാളെ ഖലീഫയായി തിരഞ്ഞെടുക്കണമെന്ന്. ആ ആറുപേർ ഇവരായിരുന്നു, ഹദ്റത്ത് ഉഥ്മാൻ(റ), ഹദ്റത്ത് അലി(റ), ഹദ്റത്ത് അബ്ദുർറഹമാൻ ബിൻ ഔഫ്(റ), ഹദ്റത്ത് സഅ്ദ് ബിൻ വഖാസ്, ഹദ്റത്ത് സുബയ്ർ(റ), ഹദ്റത്ത് ത്വൽഹ(റ). അവരോടൊപ്പംതന്നെ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമറിനേയും അവിടന്ന് കൂടിയാലോചനയിൽ പങ്കെടുക്കുന്നതിനുവേണ്ടി ഉൾപ്പെടുത്തി നിശ്ചയിച്ചു. എന്നാൽ, ഖിലാഫത്തിന് അർഹനായി നിശ്ചയിച്ചില്ല. ഇവർ മൂവരും മൂന്നുദിവസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന്വസിയ്യത്തു ചെയ്തു. മൂന്നു ദിവസത്തേക്ക് ഹദ്റത്ത് സുഹയ്ബിനെ ഇമാമുസ്സ്വലാത്തായി നിശ്ചയിച്ചു. കൂടിയാലോചനയുടെ മേൽനോട്ടം മിഖ്ദാദ് ബിൻ അസ്‌വദി(റ)നെ ചുമതലപ്പെടുത്തി. എല്ലാവരേയും ഒരിടത്ത് ഒരുമിച്ചുകൂട്ടി തീരുമാനമെടുക്കാൻ നിർബന്ധിക്കണമെന്നും വാൾ കൈയിലേന്തി വാതിക്കൽ കാവൽ നില്ക്കണമെന്നും അദ്ദേഹത്തിനോടു നിർദേശിച്ചു. ഭൂരിപക്ഷ തീരുമാനമുണ്ടായിക്കഴിഞ്ഞാൽ എല്ലാവരും അദ്ദേഹത്തിന് ബയ്അത്ത് ചെയ്യണമെന്നും ആരെങ്കിലും നിഷേധിച്ചാൽ അയാളെ വധിക്കണമെന്നും പറഞ്ഞു. ഇനി ഇരുവശത്തും മൂന്നു മൂന്നാണെങ്കിൽ അബ്ദുല്ലാഹ് ബിൻ ഉമർ ആരെയാണോ പറയുന്നത് അയാൾ ഖലീഫയായിരിക്കും. ഈ തീരുമാനത്തിൽ അവർ സംതൃപ്തരാകുന്നില്ലെങ്കിൽ ഏതു ഭാഗത്താണോ അബ്ദുർറഹ്മാൻ ബിൻ ഔഫുള്ളത് അദ്ദേഹം ഖലീഫയായിരിക്കും. അവസാനം അഞ്ചു സ്വഹാബിമാരും കൂടിയാലോചിച്ചു. കാരണം ആ നേരത്ത് ഹദ്റത്ത് ത്വൽഹ(റ) മദീനയിലുണ്ടായിരുന്നില്ല. എന്നാൽ, ഒരു തീരുമാനവുമുണ്ടായില്ല. ദീർഘമായ ചർച്ചയ്ക്കുശേഷം ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) പറഞ്ഞു, ആരാണോ തങ്ങളുടെ പേര് പിൻവലിക്കാനാഗ്രഹിക്കുന്നത് അവർ പേരു പറയുക. എല്ലാവരും മൗനം പാലിച്ചപ്പോൾ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) പറഞ്ഞു, ഏറ്റവുമാദ്യം ഞാനെന്റെ പേര് പിൻവലിക്കുന്നു. പിന്നീട് ഹദ്റത്ത് ഉഥ്മാനും മറ്റു രണ്ടുപേരും പിൻവലിച്ചു. ഹദ്റത്ത് അലി മൗനം പാലിച്ചു. അവസാനം അദ്ദേഹം ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫിൽ(റ)നിന്ന് തീരുമാനമെടുക്കുന്നതിൽ ഒരു വിട്ടുവീഴ്ചയും ചെയ്യുകയില്ലെന്ന് ഉറപ്പുവാങ്ങി. അതായത് ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) തീരുമാനമെടുക്കുന്നതിൽ ഒരു വിട്ടു വീഴ്ചയും ചെയ്യുകയില്ലെന്ന് പ്രതിജ്ഞ ചെയ്തു. അങ്ങനെ എല്ലാ ജോലിയും ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)ന്റെ ചുമതലയിലായി. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) മൂന്നു ദിവസം മദീനയിലെ ഓരോ വീട്ടിലും പോയി. പുരുഷന്മാരോടും സ്ത്രീകളോടും അവരുടെ അഭിപ്രായത്തിൽ ഖിലാഫത്തിന് അവകാശി ആരാണെന്ന് ചോദിച്ചു. ഹദ്റത്ത് ഉഥ്മാന്റെ ഖിലാഫത്ത് സമ്മതിക്കുന്നുവെന്ന് എല്ലാവരും പറഞ്ഞു. അങ്ങനെ അദ്ദേഹം ഹദ്റത്ത് ഉഥ്മാന് അനുകൂലമായി തീരുമാനമെടുക്കുകയും അദ്ദേഹം ഖലീഫയാകുകയും ചെയ്തു.(ഖിലാഫത്തെ റാശിദ, അൻവാറുൽഉലൂം വാള്യം 15, പേജ് 488–489)

ഇത് ചരിത്രങ്ങളെ ഉദ്ധരിച്ചുകൊണ്ടുള്ള ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ വിവരണമാണ്. സ്വഹീഹ് ബുഖാരിയുടെ ശറഹായ ഫത്ഹുൽബാരിയിൽ എഴുതിയിരിക്കുന്നു, ഹദ്റത്ത് ത്വൽഹ(റ) ഹദ്റത്ത് ഉമറിന്റെ വസിയ്യത്തു നേരത്ത് ഉണ്ടായിരുന്നില്ല. ഹദ്റത്ത് ഉമറിന്റെ വഫാത്തിനുശേഷം വന്നതാകാനാണ് സാധ്യത. കൂടിയാലോചന അവസാനിക്കുന്നതിനുമുമ്പേ അദ്ദേഹം വന്നുവെന്നും പറയപ്പെടുന്നുണ്ട്. ഒരു നിവേദനമനുസരിച്ച് അദ്ദേഹം ആളുകൾ ഹദ്റത്ത് ഉഥ്മാന് ബയ്അത്തു ചെയ്തതിനുശേഷം വന്നുവെന്നുണ്ട്. ഇത് കൂടുതൽ ശരിയായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു.(ഫതഹുൽബാരി,ശറഹ് സ്വഹീഹുൽബുഖാരി വാള്യം 7, പേജ് 69, കിതാബുൽഫാളാഇൽ അസ്ഹാബുന്നബി(സ), ഹദീഥ് 3700, പ്രസാധകർ ദാറുൽമഅ്റൂഫ, ബേറൂത്ത്, അൽ മക്തബത്തുശ്ശാമില)

എന്തായാലും ഹദ്റത്ത് ഉഥ്മാൻ ഖലീഫയാകുകയും ആ വ്യവസ്ഥിതി സാധാരണ നിലയിൽ വരാൻ തുടങ്ങുകയും ചെയ്തു. ഹദ്റത്ത് ഉഥ്മാൻ(റ)ശഹീദായപ്പോൾ എല്ലാവരും ഹദ്റത്ത് അലിയുടെ അടുക്കലേക്കോടി. അവരിൽ സ്വഹാബത്തും അവർക്കുപുറമെ താബിയീനുമുണ്ടായിരുന്നു. ഹദ്റത്ത് അലി അമീറുൽ മുഅ്മിനാണെന്ന് അവരെല്ലാവരും പറയുന്നുണ്ടായിരുന്നു. അവരെല്ലാവരും അദ്ദേഹത്തിന്റെ വീട്ടിലേത്തി. തങ്ങൾ താങ്കൾക്ക് ബയ്അത്തു ചെയ്യുന്നുവെന്ന് പിന്നീട് അവർ പറഞ്ഞു. അതുകൊണ്ട് അങ്ങ് കൈനീട്ടിയാലും. കാരണം താങ്കളാണ് അതിനു കൂടുതൽ അവകാശി. അപ്പോൾ ഹദ്റത്ത് അലി പറഞ്ഞു: ഇതു നിങ്ങളുടെ പണിയല്ല. ഇത് ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത സ്വഹാബത്തിന്റെ ജോലിയാണ്. ആരെ കുറിച്ചാണോ ബദ്‌രീ സ്വഹാബ തൃപ്തരാകുന്നത് അദ്ദേഹമായിരിക്കും ഖലീഫ. അങ്ങനെ ബദ്‌രീ സ്വഹാബ എല്ലാവരും ഹദ്റത്ത് അലിയുടെ സന്നിധിയിൽ ഹാജരായി. താങ്കളെക്കാൾ കൂടുതൽ അർഹനായി ഞങ്ങളാരേയും കാണുന്നില്ലെന്ന് അവർ പറഞ്ഞു. അതുകൊണ്ട് ബയ്അത്തു ചെയ്യുന്നതിന് അങ്ങ് കൈനീട്ടിയാലും. അവിടന്ന് ചോദിച്ചു ത്വൽഹാ(റ)യും സുബയ്റും(റ) എവിടെ? ഏറ്റവുമാദ്യം വാക്കാൽ ബയ്അത്ത് ചെയ്തത് ഹദ്റത്ത് ത്വൽഹ(റ)യായിരുന്നു. കൈയിൽ ബയ്അത്ത് ചെയ്തത് ഹദ്റത്ത് സഅ്ദാ(റ)യിരുന്നു. ഇതു കണ്ടപ്പോൾ ഹദ്റത്ത് അലി(റ)മസ്ജിദിൽ പോകുകയും മിമ്പറിൽ കയറുകയും ചെയ്തു. അദ്ദേഹത്തിന്റെ അടുക്കൽ മുകളിൽ വരികയും ബയ്അത്തു ചെയ്യുകയും ചെയ്ത് ആദ്യത്തെ വ്യക്തി ഹദ്റത്ത് ത്വൽഹ(റ)ആയിരുന്നു. അതിനുശേഷം ഹദ്റത്ത് സുബയ്റും മറ്റു സ്വഹാബത്തും ഹദ്റത്ത് അലിക്ക് ബയ്അത്ത് ചെയ്തു.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ ലിഇബ്നി അഥീർ വാള്യം 4, പേജ് 107, ദിക്ർ അലി ബിൻ അബീത്വാലിബ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, 2003)

ഹദ്റത്ത് ത്വൽഹ(റ), ഹദ്റത്ത് സുബയ്ർ(റ), ഹദ്റത്ത് ആഇശ(റ) തുടങ്ങിയവർ ഹദ്റത്ത് ബയ്അത്ത് ചെയ്തിരുന്നുവോ എന്നത് ചർച്ച ചെയ്തുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഇത് അദ്ദേഹം തന്റെ ഒരു പ്രസംഗത്തിലാണ് പറയുന്നത്. ഖാജ കമാലുദ്ദീൻ സാഹിബിന്റെ ചില ആക്ഷേപങ്ങൾക്കുള്ള മറുപടിയിലാണ് അദ്ദേഹം ഇത് പറയുന്നത്. ഇത് പറയേണ്ടത് അങ്ങേയറ്റം നിർബന്ധമാണ്. അതുകൊണ്ടാണ് ഞാൻ വിവരിക്കുന്നത്. ഹദ്റത്ത് മു

**ഹദീഥുന്നബവി (സ):**

***നബി(സ)തിരുമേനി പറഞ്ഞു:'അല്ലാഹു പറയുന്നു, എന്റെ ദാസൻ എന്നിലേക്ക് ഒരു ചാൺ അടുത്താൽ അവനിലേക്ക് ഞാൻ ഒരു മുഴം അടുക്കും. ഒരു മുഴം അവനടുത്താൽ ഒരു വാര ഞാനടുക്കും. എന്റെ അടുത്ത് അവൻ നടന്നുവന്നാൽ അവന്റെ അടുക്കലേക്ക് ഞാൻ ഓടിച്ചെല്ലും.'(ബുഖാരി)***

ത്വാലിബെ ദുആ
P.P.Raheem & Family
Ahmadiyya Jama-ath Payangadi, Kerala.

**ഹദീസുന്നബവി(സ)**

**നബി(സ)തിരുമേനി പറഞ്ഞു: നരകം ദേഹേച്ഛകൊണ്ടും സ്വർഗം കയ്പേറിയ കാര്യങ്ങൾകൊണ്ടും തടുക്കപ്പെട്ടിരിക്കുന്നു. (ആ തട ഭേദിച്ചാലല്ലാതെ അതിൽ കടക്കുക സാധ്യമല്ല) (ബുഖാരി മുസ്‌ലിം)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala.

സ്ലിഹ് മൗഊദ്(റ) പറയുന്നു: ത്വൽഹയും(റ) സുബയ്റും(റ) ആഇശയും(റ) ബയ്അത്തു ചെയ്തില്ല എന്നതിനെ നിങ്ങൾ തെളിവായി ഉദ്ധരിക്കരുത്. അതായത് ഖാജ സാഹിബിനോടു പറയുകയാണ്. അവരുടേത് ഖിലാഫത്ത് നിഷേധമായിരുന്നില്ല. പ്രത്യുത ഹദ്റത്ത് ഉഥ്മാന്റെ ഘാതകരെ സംബന്ധിച്ചുള്ള പ്രശ്നമായിരുന്നു. പിന്നെ ഞാൻ താങ്കളോടു പറയട്ടെ, അവർ ഹദ്റത്ത് അലിക്കു ബയ്അത്തു ചെയ്തിരുന്നില്ല എന്ന് താങ്കൾക്കു പറഞ്ഞുതന്നവർ തെറ്റാണ് പറയുന്നത്. ഹദ്റത്ത് ആഇശ(റ) തന്റെ തെറ്റ് ഏറ്റുപറഞ്ഞുകൊണ്ട് മദീനയിൽപോയി ഇരുന്നു. ത്വൽഹയും സുബയ്റും(റ) മരിക്കുന്നതിനു മുമ്പേ ബയ്അത്തു ചെയ്തിരുന്നു. ചില ഉദ്ധരണികൾ താഴെ രേഖപ്പെടുത്തുകയാണ്. ഖസ്വാഇസ് കുബ്റാ വാള്യം രണ്ടിലെ ഉദ്ധരണിയാണ്. ഹാക്കിമാണ് നിവേദനം ചെയ്തിട്ടുള്ളത്. അറബി ഭാഗം ഞാൻ വിടുക്കയാണ്. തർജമ വായിക്കുകയാണ്.

ഹാക്കിം നിവേദനം: ഥൗർ ബിൻ മജ്സാ എന്നോടു പറഞ്ഞു: ഞാൻ ജമൽ സംഭവദിവസം ഹദ്റത്ത് ത്വൽഹായുടെ അടുത്തുകൂടി പോയി. ആ നേരത്ത് അദ്ദേഹത്തിന്റെ മരണ സമയം അടുത്തിരുന്നു. താങ്കൾ ഏതു കക്ഷിയിൽനിന്നാണെന്ന് അദ്ദേഹം എന്നോടു ചോദിച്ചു. അമീറുൽ മുഅ്മിനീൻ ഹദ്റത്ത് അലിയുടെ കക്ഷിയിൽനിന്നാണെന്ന് ഞാൻ പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'എനിക്ക് താങ്കളുടെ കൈയിൽ ബയ്അത്തു ചെയ്യാൻ കൈ നീട്ടുക.' അങ്ങനെ അദ്ദേഹം എന്റെ കൈയിൽ ബയ്അത്ത് ചെയ്തു. പിന്നീട് വഫാത്താകുകയും ചെയ്തു. ഞാൻ വന്ന് ഹദ്റത്ത് അലിയോടു എല്ലാ കാര്യങ്ങളും പറഞ്ഞു. ഹദ്റത്ത് അലി എല്ലാ കേട്ടുകൊണ്ട് പറഞ്ഞു, അല്ലാഹു അക്ബർ! അല്ലാഹുവിന്റെ റസൂൽ പറഞ്ഞ കാര്യം എങ്ങനെയാണ് സത്യമായി സ്ഥാപിതമായത്. എനിക്ക് ബയ്അത്തു ചെയ്യാതെ ത്വൽഹാ അല്ലാഹുവിന്റെ സ്വർഗത്തിൽ പോകരുതെന്ന് അല്ലാഹു ആഗ്രഹിച്ചു.

അദ്ദേഹം അശ്റ മുബശ്ശിറയിൽപ്പെട്ടയാളായിരുന്നു."........ഹദ്റത്ത് ആഇശായുടെ അടുത്ത് ഒരിക്കൽ ജമൽ സംഭവം പറയപ്പെട്ടപ്പോൾ പറഞ്ഞു, എന്ത്! ആളുകൾ ജമൽ സംഭവം സംസാരിക്കുന്നുണ്ടോ? ആരോ ഒരാൾ പറഞ്ഞു, സംസാരിക്കുന്നുണ്ട്. അതിനെക്കുറിച്ചാണ് പറയുന്നത്. അവർ പറഞ്ഞു: അഹോ കഷ്ടം! മറ്റുള്ളവർ ആ ദിവസം അടങ്ങിയിരുന്നതുപോലെ ഞാനും ഇരുന്നിരുന്നെങ്കിൽ! എനിക്ക് നബി(സ)തിരുമേനിയിൽനിന്ന് പത്തുകുട്ടികൾ ജനിക്കുകയും അവരിൽ ഓരോ കുട്ടിയും അബ്ദുർറഹ്മാൻ ബിൻ ഹാരിഥിനെപോലെ ആകുകയും ചെയ്തിരുന്നുവെങ്കിൽ എന്നതിനെക്കാൾ എത്രയോ അധികമാണ് എന്റെ ഈ ആഗ്രഹം. പിന്നീട് അടുത്ത കാര്യം പറഞ്ഞത് ഇതാണ്:'.......ഹദ്റത്ത് ത്വൽഹയും ഹദ്റത്ത് സുബയ്റും(റ) നബി(സ) തിരുമേനി സ്വർഗ്ഗത്തെക്കുറിച്ച് സുവാർത്ത നൽകിയവരിൽപ്പെട്ടവരാണ്. നബി(സ)തിരുമേനിയുടെ പ്രവചനം സത്യമായി പുലരുമെന്നത് തീർച്ചയാണ്. ഇതു മാത്രമല്ല അവർ പുറത്തുപോകുന്നതിൽനിന്ന് മടങ്ങുകയും പശ്ചാത്തപിക്കുകയും ചെയ്തു.'(അൽഖൗലുൽ ഫസ്ൽ, അൻവാറുൽ ഉലൂം വാള്യം 2, പേജ് 318–319)

ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ ശഹാദത്ത്, ഹദ്റത്ത് അലി(റ)ക്ക് ബയ്അത്ത്, ജമൽ യുദ്ധത്തിന്റെ ചർച്ച വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു: ഘാതകരുടെ സംഘം വിവിധ ദിശകളിലൂടെ വ്യാപിച്ചിരുന്നു. തങ്ങളെ ആക്ഷേപങ്ങളിൽനിന്ന് രക്ഷിക്കുന്നതിനുവേണ്ടി മറ്റുള്ളവരുടെമേൽ ആക്ഷേപങ്ങൾ ഉന്നയിച്ചിരുന്നു. മുസ്ലിമീങ്ങൾ ഹദ്റത്ത് അലിയുടെ കൈയിൽ ബയ്അത്ത് ചെയ്തിരിക്കുന്നുവെന്ന് അവർ അറിഞ്ഞപ്പോൾ അദ്ദേഹത്തിനുമേൽ ആക്ഷേപം ഉന്നയിക്കാനുള്ള നല്ല അവസരം അവർക്ക് കൈ വന്നു. ഹദ്റത്ത് ഉഥ്മാന്റെ ഘാതകരിൽ ചിലർ ഹദ്റത്ത് അലിയുടെ ചുറ്റും കൂടിയിരുന്നുവെന്നതും സത്യമായിരുന്നു. അതുകൊണ്ട് ആ എതിരാളികൾക്ക്, കപടവിശ്വാസികൾക്ക് ആക്ഷേപം ഉന്നയിക്കാൻ പറ്റിയ അവസരം കിട്ടിയിരുന്നു. അങ്ങനെ അവരിൽനിന്ന് മക്കയിലേക്ക് പോയവർ, ഹദ്റത്ത് ഉഥ്മാന്റെ രക്തത്തിനു പ്രതിക്രിയചെയ്യുന്നതിന് ജിഹാദിന് ആഹ്വാനം ചെയ്യാൻ ഹദ്റത്ത് ആഇശ(റ)യെ പ്രേരിപ്പിച്ചു. അങ്ങനെ അവർ വിളംബരം ചെയ്യുകയും സ്വഹാബാക്കളോട് സഹായം ആവശ്യപ്പെടുകയും ചെയ്തു. ഹദ്റത്ത് ത്വൽഹയും ഹദ്റത്ത് സുബയ്റും(റ) ഹദ്റത്ത് ഉഥ് മാന്റെ ഘാതകരോടു എത്രയും വേഗം പകരം വീട്ടുമെന്ന നിബന്ധനയിലായിരുന്നു ഹദ്റത്ത് അലിക്ക് ബയ്അത്തു ചെയ്തത്. അവർ ഇരുവരും 'എത്രയുംവേഗം' എന്ന അലിയുടെ ഉദ്ദേശ്യത്തെ മനസ്സിലാക്കിയത് അലിയുടെ പക്കൽ അദ്ദേഹത്തിന്റെ ഉദ്ദേശ്യത്തിന് വിരുദ്ധമായിരുന്നു. അദ്ദേഹം ചിന്തിച്ചത് ആദ്യം എല്ലാ സംസ്ഥാനങ്ങളുടേയും നില ഭദ്രമാക്കുകയും പിന്നീട് ഘാതകർക്ക് എതിരിൽ നടപടി കൈക്കൊള്ളുകും ചെയ്യാം എന്നായിരുന്നു. കാരണം ഒന്നാമത്തേത് ഇസ്ലാമിന്റെ സംരക്ഷണമാണ്. ഘാതകരുടെ പ്രശ്നം താമസിക്കുകയാണെങ്കിൽ ഒന്നും സംഭവിക്കാനില്ല. ഇപ്രകാരംതന്നെ ഘാതകർ ആരാണെന്ന് നിശ്ചയിക്കുന്നതിലും ഭിന്നാഭിപ്രായം നിലനിന്നിരുന്നു. അങ്ങേയറ്റം ദുഃഖിതരായി ഏറ്റവുമാദ്യം ഹദ്റത്ത് അലിയുടെ അടുത്ത് എത്തിയവരേയും ഇസ്ലാമിൽ ഭിന്നിപ്പുണ്ടാകുമെന്ന് പറഞ്ഞ് ആശങ്ക പ്രകടിപ്പിച്ചവരേയും അവരാണ് യഥാർഥത്തിൽ ഈ കുഴപ്പങ്ങളുടെയെല്ലാം കാരണക്കാർ എന്ന് ഹദ്റത്ത് അലി(റ) സംശയിച്ചിരുന്നില്ല. മറ്റുള്ളവർ അവരെ സംശയിക്കുകയും ചെയ്തിരുന്നു. ഈ ഭിന്നത കാരണത്താൽ ഹദ്റത്ത് ത്വൽഹയും ഹദ്റത്ത് സുബയ്റും ഹദ്റത്ത് അലി തന്റെ പ്രതിജ്ഞയിൽനിന്ന് പിന്മാറുകയാണെന്ന് ധരിച്ചു. കാരണം അവർ ഒരു നിബന്ധനയോടുകൂടിയാണ് ബയ്അത്ത് ചെയ്തിരുന്നത്. ആ നിബന്ധന ഹദ്റത്ത് അലി(റ) നിറവേറ്റിയില്ല. അതുകൊണ്ട് അവർ മതനിയമപ്രകാരം തങ്ങളെ ബയ്അത്തിൽനിന്ന് സ്വതന്ത്രരായി മനസ്സിലാക്കിയിരുന്നു. ഹദ്റത്ത് ആഇശാ(റ)യുടെ ആഹ്വാനം അവർക്കു ലഭിച്ചപ്പോൾ അവരും ഹദ്റത്ത് ആഇശാ(റ)യുടെ കൂടെ ചേരുകയുണ്ടായി. അതായത് എല്ലാവരും ചേർന്ന് ബസ്റയിലേക്കു പോയി. ബസ്റയിൽ ഗവർണർ ജനങ്ങളെ അവരോടൊപ്പം ചേരുന്നതിൽനിന്ന് മാറ്റിനിറുത്തി. പക്ഷേ, ത്വൽഹയും സുബയ്റും(റ) നിർബന്ധംകൊണ്ടും ഒരു നിബന്ധനയുടെ അടിസ്ഥാനത്തിലുമാണ് ഹദ്റത്ത് അലിക്ക് ബയ്അത്ത് ചെയ്തതെന്ന് ആളുകൾ അറിഞ്ഞപ്പോൾ അധികമാളുകളും അവരോടൊപ്പം ചേർന്നു. ഹദ്റത്ത് അലി ഈ വിവരം അറിഞ്ഞപ്പോൾ അദ്ദേഹവും ഒരു സൈന്യത്തെ തയ്യാറാക്കുകയും ബസ്റയിലേക്ക് അയക്കുകയും ചെയ്തു. ബസ്റയിലെത്തിയതിനു ശേഷം അദ്ദേഹം ഒരാളെ ഹദ്റത്ത് ആഇശാ(റ)യുടെയും ത്വൽഹ(റ)യുടെയും സുബയ്റിന്റെയും(റ) അടുത്തേക്കയച്ചു. അയാൾ പോയി അവരോട്, നിങ്ങളുടെ ഉദ്ദേശ്യമെന്താണെന്ന് ചോദിച്ചു. തങ്ങളുടെ ഉദ്ദേശ്യം ഇസ്ലാഹ് (പരിഷ്കരണം) മാത്രമാണെന്ന് അവർ മറുപടി പറഞ്ഞു. അതിനുശേഷം അയാൾ ത്വൽഹായേയും സുബയ്റിനേയും വിളിപ്പിച്ചു. നിങ്ങളും ഇതുകൊണ്ടാണോ യുദ്ധം ചെയ്യാൻ തൽപരരായതെന്ന് ചോദിച്ചു. 'അതേ' എന്ന് അവർ പറഞ്ഞു. കാരണം പറഞ്ഞിരുന്നല്ലോ. അപ്പോൾ അയാൾ പറഞ്ഞു; ഇസ്ലാഹ് ആണ് നിങ്ങളുടെ ഉദ്ദേശ്യമെങ്കിൽ അതിന് നിങ്ങൾ സ്വീകരിച്ചിരിക്കുന്ന ഈ രീതി ശരിയല്ല. ഇതിന്റെ ഫലം കലാപമായിരിക്കും. ഈ സമയത്ത് രാജ്യത്തിന്റെ അവസ്ഥ എങ്ങനെയുള്ളതാണെന്നാൽ നിങ്ങൾ ഒരാളെ വധിക്കുകയാണെങ്കിൽ ആയിരമാളുകൾ അയാളെ പിന്തുണക്കാനായി മുന്നോട്ടു വരും. അതിനെ നേരിടും. അപ്പോൾ വേറേയും ധാരാളമാളുകൾ അവരെ പിന്തുണച്ചുകൊണ്ട് എഴുന്നേറ്റു നില്ക്കും. അതുകൊണ്ട് ഇസ്ലാഹ് എന്നത് ആദ്യം രാജ്യത്തെ ഒത്തൊരുമയുടെ ചരടിൽ കോർക്കുകയും അതിനുശേഷം അക്രമികളെ ശിക്ഷിക്കുകയും ചെയ്യുക എന്നതാണ്. ഈ അശാന്തിയുടെ അവസ്ഥയിൽ ആരെയെങ്കിലും ശിക്ഷിച്ചാൽ അത് രാജ്യത്തെ കൂടുതൽ കുഴപ്പത്തിൽ ഇടുകയായിരിക്കും ചെയ്യുക. ഭരണം ആദ്യം സ്ഥാപിതമായാൽ പിന്നീട് ശിക്ഷ നല്കുന്നതായിരിക്കും. ഇതു കേട്ട അവർ പറഞ്ഞു: ഹദ്റത്ത് അലിയുടെ നിലപാട് അങ്ങനെയാണെങ്കിൽ അദ്ദേഹം വരട്ടെ ഞങ്ങൾ അദ്ദേഹത്തോടൊപ്പം നിൽക്കാൻ തയ്യാറാണ്. അക്കാര്യം അയാൾ ഹദ്റത്ത് അലി(റ)യെ അറിയിച്ചു. ഇരു കക്ഷികളുടെ ഭാഗത്തുനിന്നുമുള്ള പ്രതിനിധികൾ തമ്മിൽ കൂടിക്കാഴ്ച നടത്തി തീരുമാനത്തിലെത്തി, യുദ്ധം ചെയ്യുന്നത് ശരിയല്ല അനുരഞ്ജനമാണ് വേണ്ടത്.

സബാഇകൾ അഥവാ അബ്ദുല്ലാഹ് ബിൻ സബായുടെ സംഘത്തിലുള്ളവരും ഹദ്റത്ത് ഉഥ്മാന്റെ ഘാതകരും ഈ വിവരം അറിഞ്ഞപ്പോൾ പരിഭ്രാന്തരായി. അതീവ രഹസ്യമായി അവരുടെ ഒരു സംഘം കൂടിയാലോചനയ്ക്ക് സംഘടിച്ചു. അവർ പരസ്പരം കൂടിയാലോചിച്ച്, മുസ്ലിമീങ്ങളിൽ രഞ്ജിപ്പുണ്ടാകുകയാണെങ്കിൽ അത് തങ്ങൾക്ക് അങ്ങേയറ്റം ബുദ്ധിമുട്ടായിരിക്കുമെന്ന് തീരുമാനിച്ചു. മുസ്ലിമീങ്ങൾ പരസ്പരം പോരടിച്ചുകൊണ്ടിരിക്കുന്നതുവരെ ഹദ്റത്ത് ഉഥ്മാന്റെ വധത്തിന്റെ ശിക്ഷയിൽനിന്ന്


**ഹദീഥുന്നബ്‌വി (സ):**

***നബി(സ)തിരുമേനി പറഞ്ഞു:'ഒരു കാരക്കയുടെ കീറ് ധർമം ചെയ്തുകൊണ്ടെങ്കിലും നരകത്തെ നിങ്ങൾ സൂക്ഷിക്കുക.' (ബുഖാരി, മുസ്ലിം)***

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ahmadiyya Jama-ath Koodali, Kerala.**

**ഹദീഥുന്നബ്‌വി (സ):**

**നബി(സ)തിരുമേനി പറഞ്ഞു:മുസ്ലിമീങ്ങളെ ശല്യപ്പെടുത്തിയിരുന്ന വഴിവക്കിലെ ഒരു വൃക്ഷം മുറിച്ചു നീക്കിയതിന്റെ പേരിൽ സ്വർഗത്തിൽ സഞ്ചരിക്കാൻ കഴിഞ്ഞ ഒരാളെ ഞാൻ കാണാനിടയായി.' (മുസ്ലിം)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

തങ്ങൾ രക്ഷപ്പെട്ടിരിക്കുന്നതാണ്. ഇനി അവർ രഞ്ജിപ്പിലാകുകയും സമാധാനം ഉണ്ടാകുകയും ചെയ്താൽ തങ്ങൾക്ക് നിൽക്കക്കള്ളി ഉണ്ടാകുകയില്ല. അതുകൊണ്ട് ഏതുവിധേനയും രഞ്ജിപ്പിലെത്താതെ നോക്കേണ്ടതാണ്.

ഇത്രയുമായപ്പോൾ ഹദ്റത്ത് അലി(റ)യുമെത്തി. അദ്ദേഹം എത്തിയതിന്റെ രണ്ടാമത്തെ ദിവസം അദ്ദേഹവും ഹദ്റത്ത് സുബയ്റും(റ) തമ്മിലുള്ള കൂടിക്കാഴ്ച നടന്നു. കൂടിക്കാഴ്ചയുടെ നേരത്ത് ഹദ്റത്ത് അലി(റ)പറഞ്ഞു: 'താങ്കൾ ഞാനുമായി പോരാടുന്നതിന് സൈന്യത്തെ തയ്യാറാക്കി. എന്നാൽ, അല്ലാഹുവിന്റെ സന്നിധിയിൽ അവതരിപ്പിക്കുന്നതിന് എന്തെങ്കിലും ഒഴികഴിവും തയ്യാറാക്കിയിട്ടുണ്ടോ? നിങ്ങളെന്തിനാണ് സ്വന്തം കരങ്ങളാൽ ഇസ്‌ലാമിനെ തകർക്കാൻ തുനിഞ്ഞിരിക്കുന്നത്. അതിനുവേണ്ടി നിങ്ങൾ ജീവൻ നൽകിയാണ് സേവനം ചെയ്തിരുന്നത്. ഞാൻ നിങ്ങളുടെ സഹോദരനല്ലെ? മറ്റൊരാളെ വധിക്കുന്നത്, നിങ്ങൾ മുമ്പേ നിഷിദ്ധമായിക്കരുതിയിരുന്നതാണ്. ഇപ്പോൾ അതെങ്ങനെ അനുവദനീയമായി? പുതിയ കാര്യം വല്ലതും നടന്നിട്ടുണ്ടെങ്കിൽ എന്തെങ്കിലും കഴമ്പുണ്ടാകുമായിരുന്നു. അല്ലാത്തപക്ഷം എതിർപ്പിന്റെ ആവശ്യമെന്താണ്?' അപ്പോൾ ഹദ്റത്ത് സുബയ്ർ(റ)ന്റെ കൂടെയുണ്ടായിരുന്ന ഹദ്റത്ത് ത്വൽഹ(റ)പറഞ്ഞു: 'താങ്കൾ ഹദ്റത്ത് ഉഥ്മാന്റെ വധത്തിൽ ജനങ്ങളെ പ്രകോപിപ്പിച്ചു.' ഹദ്റത്ത് അലി(റ) പറഞ്ഞു: 'ഹദ്റത്ത് ഉഥ്മാന്റെ വധത്തിൽ പങ്കാളികളായവരുടെമേൽ ഞാൻ ശാപം ചൊല്ലുന്നു.' തുടർന്ന് ഹദ്റത്ത് സുബയ്റിനോട് പറഞ്ഞു: 'ഹദ്റത്ത് അലിയുമായി യുദ്ധം ചെയ്യുന്നതിലൂടെ നീ തീർച്ചയായും അക്രമിയായിത്തീരുന്നതാണെന്ന് നബി(സ)തിരുമേനി പറഞ്ഞിരുന്നത് താങ്കൾക്കോർമയില്ലേ?' ഇതുകേട്ട് ഹദ്റത്ത് സുബയ്ർ(റ) തന്റെ സൈന്യത്തിന്റെ അടുക്കലേക്ക് തിരിച്ചു. ഹദ്റത്ത് അലിയുമായി ഒരിക്കലും യുദ്ധം ചെയ്യുകയില്ലെന്ന് സത്യം ചെയ്യുകയും തനിക്ക് ധാരണാ പിശകു സംഭവിച്ചെന്ന് അംഗീകരിക്കുകയും ചെയ്തു. സൈന്യത്തിൽ ഈ വാർത്ത പരന്നപ്പോൾ എല്ലാവർക്കും ആശ്വാസമായി. ഇനി യുദ്ധമുണ്ടാകുകയില്ല, മറിച്ച് സ്വുൽഹ്-രഞ്ജിപ്പാണ് ഉണ്ടാകുക. എന്നാൽ, കലാപകാരികൾക്ക് ആശങ്കയുണ്ടായി. രാത്രിയായപ്പോൾ അവർ രഞ്ജിപ്പ് തകർക്കുന്നതിന് ഒരു പദ്ധതി ആസൂത്രണം ചെയ്തു. അവരിൽ നിന്ന് ഹദ്റത്ത് അലിയുടെ പക്ഷത്തുണ്ടായിരുന്നവർ ഹദ്റത്ത് ആഇശ, ഹദ്റത്ത് ത്വൽഹ, ഹദ്റത്ത സുബയ്ർ(റ)എന്നിവരുടെ മേൽ രാത്രി കടന്നാക്രമണം നടത്തി. അവരുടെ തന്നെ സൈന്യത്തിലുണ്ടായിരുന്നവർ ഹദ്റത്ത് അലിയുടെ സൈന്യത്തേയും രാത്രി കടന്നാക്രമിച്ചു. തൽഫലമായി ഒച്ചപ്പാടുണ്ടായി. മറുപക്ഷം വഞ്ചിച്ചിരിക്കുന്നു എന്നു ഇരുകൂട്ടരും ധരിച്ചു. യഥാർഥത്തിൽ'സബായി'കളുടെ-ഇബ്നുസബായുടെ അനുയായികൾ-ഒരു തന്ത്രമായിരുന്നു അത്. യുദ്ധം ആരംഭിച്ചപ്പോൾ ഹദ്റത്ത് അലി(റ) വിളിച്ചു പറഞ്ഞു: 'ആരെങ്കിലും ഹദ്റത്ത് ആഇശായെ വിവരം അറിയിക്കുക, ഒരുപക്ഷേ, അല്ലാഹു അവർ മുഖേന ഈ ഫിത്നയെ ഇല്ലാതാക്കും.' അങ്ങനെ ഹദ്റത്ത് ആഇശായുടെ ഒട്ടകത്തെ മുമ്പിൽ നിറുത്തി. എന്നാൽ, അതു കൂടുതൽ അപകടകരമായി. തങ്ങളുടെ തന്ത്രങ്ങൾ വീണ്ടും തിരിച്ചടിയായി എന്നു കണ്ട കലാപകാരികൾ ഹദ്റത്ത് ആഇശായുടെ ഒട്ടകത്തിനു നേർക്ക് അമ്പെയ്യാൻ തുടങ്ങി. ഹദ്റത്ത് ആഇശാ(റ), 'അല്ലയോ ജനങ്ങളേ യുദ്ധം ഉപേക്ഷിക്കുക, അല്ലാഹുവിനെയും രക്ഷാശിക്ഷയുടെ നാളിനെയും ഭയപ്പെടുക എന്ന് ഉച്ചത്തിൽ, ഉച്ചത്തിൽ വിളിച്ചു പറയാൻ തുടങ്ങി.' എന്നാൽ, കലാപകാരികൾ പിൻതിരിഞ്ഞില്ല. ഒട്ടകത്തിനു നേരെ അമ്പെയ്തുകൊണ്ടേയിരുന്നു. ബസ്റക്കാർ ഹദ്റത്ത് ആഇശായുടെ ചുറ്റുമുണ്ടായിരുന്ന സൈന്യത്തോടൊപ്പമായിരുന്നു നിന്നിരുന്നത്. അതുകണ്ട് അവർ വളരെയധികം കോപാകുലരായി. ഉമ്മുൽ മുഅ്മിനീനോടുള്ള ഈ ധിക്കാരം കണ്ട് അവർക്ക് കോപം അതിരു വിട്ടു. അവർ വാൾ ഊരിക്കൊണ്ട് എതിർ സൈന്യത്തിനു മേൽ ആക്രമണം നടത്തി. അങ്ങനെ ഹദ്റത്ത് ആഇശായുടെ ഒട്ടകം യുദ്ധത്തിന്റെ കേന്ദ്രമായി മാറി. സ്വഹാബാക്കളും വലിയ വലിയ ധീരൻമാരും അതിനു ചുറ്റും കൂടി. ഓരോരുത്തരായി വധിക്കപ്പെടാൻ തുടങ്ങി. എങ്കിലും ഒട്ടകത്തിന്റെ കടിഞ്ഞാണിൽ നിന്ന് അദ്ദേഹം പിടിവിട്ടില്ല. ഹദ്റത്ത് സുബയ്ർ യുദ്ധത്തിൽ പങ്കെടുത്തതേയില്ല. ഒരുവശത്തേക്കു മാറിനിന്നു എങ്കിലും അദ്ദേഹം നമസ്കരിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയിൽ ഒരു ക്രൂരൻ പിറകിൽ നിന്ന് ആക്രമിച്ച് അദ്ദേഹത്തെ ശഹീദാക്കി. ഹദ്റത്ത് ത്വൽഹ(റ)യും അതേ യുദ്ധത്തിൽത്തന്നെ കലാപകാരികളുടെ കൈകളാൽ വധിക്കപ്പെട്ടു. യുദ്ധം ആളിപ്പടരുന്നതു കണ്ടപ്പോൾ ഹദ്റത്ത് ആഇശാ(റ)യെ ഇടയിൽനിന്ന് മാറ്റാത്തിടത്തോളം യുദ്ധം അവസാനിക്കുകയില്ലെന്ന് കണ്ട് ചിലയാളുകൾ അവരുടെ ഒട്ടകത്തിന്റെ കാലു മുറിച്ചു. ഒട്ടകത്തിന്റെ മുകളിൽനിന്ന് അമ്പാരി ഇറക്കി താഴെ വെച്ചു. അപ്പോഴാണ് എവിടെയോ എത്തി യുദ്ധം അവസാനിച്ചത്. ഈ സംഭവം കണ്ട് ഹദ്റത്ത് അലിയുടെ മുഖകമലം ദുഃഖഭാരത്താൽ ചെമന്നുപോയി. പക്ഷേ, എന്തൊന്നാണോ ഉണ്ടായത് അതിന് പ്രതിവിധിയും ഇല്ലായിരുന്നു. യുദ്ധം അവസാനിക്കുകയും വധിക്കപ്പെട്ടവരുടെ ഇടയിൽനിന്ന് ഹദ്റത്ത് ത്വൽഹായുടെ മൃതശരീരം കിട്ടുകയും ചെയ്തപ്പോൾ ഹദ്റത്ത് അലി(റ) വളരെയേറെ വിഷമിച്ചു.

ഈ എല്ലാ സംഭവങ്ങളിൽനിന്നും സ്വഹാബാക്കൾക്ക് ഈ യുദ്ധത്തിൽ ഒരുവിധ പങ്കും ഉണ്ടായിരുന്നില്ലെന്നും ഈ വിദ്രോഹപ്രവർത്തനങ്ങളെല്ലാം ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ ഘാതകരുടേതു തന്നെയായിരുന്നുവെന്നും ഹദ്റത്ത് അലി(റ)യ്ക്കു ബയ്അത്തു ചെയ്തതിനുശേഷമാണ് ഹദ്റത്ത് ത്വൽഹ(റ)യും ഹദ്റത്ത് സുബയ്റും(റ)ശഹീദായതെന്നും വളരെ വ്യക്തമാകുന്നു. അവർ തങ്ങളുടെ ഉദ്ദേശ്യങ്ങളിൽ നിന്നും പിൻമാറുകയും ഹദ്റത്ത് അലി(റ)യുടെ കൂടെ നിൽക്കാമെന്ന് സമ്മതിക്കുകയും ചെയ്തിരുന്നു. പക്ഷേ, ചില ദുഷ്ടന്മാരുടെ കൈകളാൽ അവർ വധിക്കപ്പെടുകയാണുണ്ടായത്. അതുകൊണ്ടു തന്നെ ഹദ്റത്ത് അലി(റ) അവരുടെ ഘാതകരെ ശപിക്കുകയും ചെയ്തു.'(അൻവാറെ ഖിലാഫത്ത്, അൻവാറുൽ ഉലൂം വാള്യം 3, പേജ് 198 -201)

ജമൽ യുദ്ധത്തേയും ഹദ്റത്ത് ത്വൽഹയുടെ ശഹാദത്തിനേയും സ്മരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു സ്ഥലത്ത് പറയുന്നു: 'പ്രവാചകന്മാർ ലോകത്തുവരുമ്പോൾ അവരുടെ പ്രാരംഭ നാളുകളിൽ അവരെ വിശ്വസിക്കുന്നവരാണ് വലിയവരായി മനസ്സിലാക്കപ്പെടുന്നത്. നബി(സ)തിരുമേനിക്കുശേഷം ഹദ്റത്ത് അബൂബക്കർ(റ), ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഉഥ്മാൻ(റ), ഹദ്റത്ത് അലി(റ), ഹദ്റത്ത് ത്വൽഹ(റ), ഹദ്റത്ത് സുബയ്ർ(റ), ഹദ്റത്ത് അബ്ദുർറഹ്മാൻബിൻഔഫ്(റ),ഹദ്റത്ത് സഅ്ദ്(റ), ഹദ്റത്ത് സയീദ്(റ) തുടങ്ങിയവരെല്ലാം വലിയവരായി മനസ്സിലാക്കപ്പെട്ടിരുന്നുവെന്ന് എല്ലാ മുസ്‌ലിമീങ്ങൾക്കും അറിയാം. എന്നാൽ, അവർ വലിയവരായി മനസ്സിലാക്കപ്പെടാൻ കാരണം അവർക്ക് സമാധാനം ധാരാളം കിട്ടിയിരുന്നുവെന്നതായിരുന്നില്ല. പ്രത്യുത ദീനിനുവേണ്ടി അവർ മറ്റുള്ളവരെക്കാൾ കൂടുതൽ ബുദ്ധിമുട്ടുകൾ സഹിച്ചിരുന്നുവെന്നതാണ്. നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷവും ഹദ്റത്ത് ത്വൽഹ(റ), ജീവിച്ചിരുന്നു. ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ ശഹാദത്തിനുശേഷം മുസ്‌ലിമീങ്ങളിൽ ഭിന്നിപ്പുണ്ടായപ്പോൾ ഒരുസംഘം പറഞ്ഞു, 'ഹദ്റത്ത് ഉഥ്മാന്റെ ഘാതകരോടു നമുക്ക് പകരം വീട്ടേണ്ടതാണ്.' ആ സംഘത്തിന്റെ നേതാക്കന്മാർ ഹദ്റത്ത് ത്വൽഹയും ഹദ്റത്ത് സുബയ്റും ഹദ്റത്ത് ആഇശായുമായിരുന്നു. പക്ഷേ, മറ്റേ സംഘം പറഞ്ഞു, മുസ്‌ലിമീങ്ങളിൽ ഭിന്നിപ്പുണ്ടായിക്കഴിഞ്ഞിരിക്കുന്നു. ആളുകൾ മരിച്ചുകൊണ്ടിരിക്കുക തന്നെ ചെയ്യും. ഈ നേരത്ത് ഇസ്‌ലാമിന്റെ ഗാംഭീര്യവും അതിന്റെ മഹത്ത്വവും സ്ഥാപിക്കുന്നതിനുവേണ്ടി നമുക്ക് എല്ലാ മുസ്‌ലിമീങ്ങളേയും ഒരുമിച്ചു കൂട്ടേണ്ടതാണ്. പിന്നീട് നമുക്ക് ഉഥ്മാന്റെ ഘാതകരോടു പകരം വീട്ടാം. ആ സംഘത്തിന്റെ നേതാവ് ഹദ്റത്ത് അലി(റ) ആയിരുന്നു. ഈ ഭിന്നത എത്രമാത്രം രൂക്ഷമായെന്നാൽ ഹദ്റത്ത് ത്വൽഹയും ഹദ്റത്ത് സുബയ്റും ഹദ്റത്ത് ആഇശായും ഹദ്റത്ത് ഉഥ്മാന്റെ ഘാതകർക്ക് അഭയം നല്കാനാണ് ഹദ്റത്ത് അലി ആഗ്രഹിക്കുന്നതെന്ന് ആക്ഷേപം ഉന്നയിച്ചു. അത്തരക്കാർ തങ്ങളുട സ്വാർഥപരമായ ഉദ്ദേശ്യങ്ങളാണ് മുന്തിക്കുന്നതെന്ന് ഹദ്റത്ത് അലി(റ)യും ആക്ഷേപം ഉന്നയിച്ചു; ഇസ്‌ലാമിന്റെ നേട്ടമല്ല അത്തരക്കാരുടെ ഉദ്ദേശ്യം. അങ്ങനെ ഭിന്നിപ്പ് അതിന്റെ മൂർധന്യാവസ്ഥയിലെത്തി. പിന്നീട് പരസ്പരം യുദ്ധവും തുടങ്ങി. ആ യുദ്ധത്തിൽ ഹദ്റത്ത് ആഇശാ(റ) യാണ് സൈന്യത്തിന്റെ നേതൃത്വം വഹിച്ചത്.

ഹദ്റത്ത് ത്വൽഹായും ഹദ്റത്ത് സുബയ്റും ഈ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ആദ്യമേ പറഞ്ഞതുപോലെ ആരംഭത്തിൽ അവർ എതിരാളികളുടെ കൂടെയായിരുന്നു. പിന്നീട് ഹദ്റത്ത് സുബയ്ർ ഹദ്റത്ത് അലിയുടെ വാക്കുകൾകേട്ട് അവരിൽനിന്ന് വേറിട്ടു. മറ്റുള്ളവരും രഞ്ജിപ്പ് ആഗ്രഹിച്ചിരുന്നു. പക്ഷേ, പിന്നീട് എതിരാളികളും കപടവിശ്വാസികളും കുഴപ്പക്കാരും കലഹമു

## ഹദീഥുന്നബവി (സ):

***നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു പറയുന്നു,'എന്റെ ദാസരേ! രാവും പകലും നിങ്ങൾ കുറ്റകൃത്യങ്ങൾ ചെയ്യുന്നു. ഞാനാണെങ്കിൽ എല്ലാ പാപങ്ങളും പൊറുത്തു കൊടുക്കുന്നു. നിങ്ങളെന്നോടു പാപമോചനം അർഥിക്കുക. ഞാൻ നിങ്ങൾക്കു പൊറുത്തുതരാം.'(മുസ്‌ലിം)***

ത്വാലിബെ ദുആ:
Ahmadiyya Muslim Jama'at Palluruthy, Ernakulam dist:

## ഹദീസുന്നബവി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പുണ്യകർമങ്ങളിൽ ഒന്നിനേയും നീ നിസാരമാക്കിത്തള്ളരുത്;അത് നിന്റെ സഹോദരനുമായി മുഖപ്രസന്നതയോടെ കണ്ടുമുട്ടുക എന്നതാണെങ്കിലും.' (മുസ്‌ലിം)**

ത്വാലിബെ ദുആ:
Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala

ണ്ടാക്കി. എന്തായാലും രണ്ടു സംഘമായിരുന്നു. ഇവർ മറ്റു യുദ്ധത്തിൽ പങ്കെടുത്തിരുന്നു. രണ്ടു സംഘങ്ങളും തമ്മിൽ യുദ്ധം നടന്നുകൊണ്ടിരുന്നു. അപ്പോൾ ഒരു സ്വഹാബി ഹദ്റത്ത് ത്വൽഹയുടെ അടുക്കൽ വന്നുപറഞ്ഞു: 'ത്വൽഹാ, ഒരിക്കൽ ഞാനും താങ്കളും നബി(സ)തിരുമേനിയുടെ സദസ്സിൽ ഇരിക്കുകയായിരുന്നപ്പോൾ, 'ത്വൽഹാ! താങ്കൾക്ക് ഒരു സമയം വരുമെന്നും താങ്കൾ ഒരു സൈന്യത്തിലും അലി മറ്റൊരു സൈന്യത്തിലുമായിരിക്കുമെന്നും അപ്പോൾ അലി ശരിയായ പക്ഷത്തും നീ തെറ്റായ ഭാഗത്തുമായിരിക്കുമെന്നും നബി(സ)തിരുമേനി പറഞ്ഞത് താങ്കൾക്കോർമയുണ്ടോ? ഇതുകേട്ടപ്പോൾ ഹദ്റത്ത് ത്വൽഹയുടെ കണ്ണുകൾ തുറന്നു. അദ്ദേഹം പറഞ്ഞു: 'അതെ എനിക്കോർമ്മയുണ്ട്.' അങ്ങനെ അപ്പോൾത്തന്നെ അദ്ദേഹം ആ സൈന്യത്തിൽ നിന്ന് പുറപ്പെട്ടുപോയി. അദ്ദേഹം നബി(സ)തിരുമേനിയുടെ വാക്കുകൾ പൂർത്തിയാകുന്നതിന് യുദ്ധം ഉപേക്ഷിച്ച് പോകുമ്പോൾ ഹദ്റത്ത് അലിയുടെ സൈന്യത്തിലുണ്ടായിരുന്ന ഒരു ദുർഭഗൻ പിന്നിൽനിന്ന് കഠാരകൊണ്ട് ആക്രമിച്ച് അദ്ദേഹത്തെ ശഹീദാക്കി. ഹദ്റത്ത് അലി തന്റെ ഇരിപ്പിടത്തിൽത്തന്നെ ഇരിക്കുകയായിരുന്നു. ആ ഘാതകൻ തനിക്ക് വലിയ പാരിതോഷികം ലഭിക്കുമെന്ന ചിന്തയിൽ ഓടി വന്ന് ഹദ്റത്ത് അലി(റ)യോട് പറഞ്ഞു: 'അല്ലയോ അമീറുൽ മുഅ്മിനീൻ! താങ്കളുടെ ശത്രു വധിക്കപ്പെട്ട വാർത്തയിതാ ഞാനറിയിക്കുന്നു.' ഹദ്റത്ത് അലി ചോദിച്ചു; ഏതു ശത്രു? അയാൾ പറഞ്ഞു: 'അല്ലയോ അമീറുൽ മുഅ്മിനീൻ! ഞാൻ ത്വൽഹയെ വധിച്ചിരിക്കുന്നു.' ഹദ്റത്ത് അലി പറഞ്ഞു: 'ഹേ മനുഷ്യാ! നബി(സ)തിരുമേനിയുടെ ഭാഗത്തുനിന്ന് ഞാൻ നിനക്കും നരകത്തിന്റെ വാർത്തയറിയിക്കുകയാണ്. നബി(സ) തിരുമേനി ഒരിക്കൽ പറഞ്ഞിരുന്നു, 'അല്ലയോ ത്വൽഹാ! സത്യത്തിനും നീതിക്കുംവേണ്ടി നീ ഒരിക്കൽ അപമാനിതനാകും. നിന്നെ ഒരാൾ വധിക്കും. അല്ലാഹു ആ വ്യക്തിയെ നരകത്തിൽ ഇടുന്നതായിരിക്കും. എന്തുകൊണ്ടെന്നാൽ, ഞാനും ത്വൽഹായും ഒരിക്കൽ നബി(സ)തിരുമേനിയുടെ അടുത്തിരിക്കുമ്പോൾ അവിടന്ന് പറഞ്ഞു: 'ത്വൽഹേ! നീ ഒരിക്കൽ സത്യത്തിനും നീതിക്കുംവേണ്ടി നിന്ദ്യത സഹിക്കുന്നതായിരിക്കും. നിന്നെ ഒരാൾ കൊന്നിടും. എന്നാൽ, അല്ലാഹു അവനെ നരകത്തിൽ ഇടുന്നതായിരിക്കും.'

ഈ യുദ്ധത്തിൽ ഹദ്റത്ത് അലിയുടേയും ഹദ്റത്ത് ത്വൽഹായുടേയും ഹദ്റത്ത് സുബയ്റിന്റേയും സൈന്യത്തിന്റെ അണികൾ പരസ്പരം നിരന്നപ്പോൾ ഹദ്റത്ത് ത്വൽഹാ തന്നെ പിന്തുണച്ചുകൊണ്ട് തെളിവുകൾ വിവരിക്കാൻ തുടങ്ങി. ഇത് ഒരു സ്വഹാബി അദ്ദേഹത്തെ ഹദീഥ് ഓർമപ്പെടുത്തുകയും അദ്ദേഹം യുദ്ധം ഉപേക്ഷിച്ച് പോകുകയും ചെയ്തതിനുമുമ്പേയുള്ള കാര്യമാണ്. അദ്ദേഹം തെളിവുകൾ വിവരിക്കുകയായിരുന്നപ്പോൾ അലിയുടെ സൈന്യത്തിൽപ്പെട്ട ഒരാൾ 'ഒറ്റക്കയ്യാ! മിണ്ടാതിരിക്കുക' എന്നു പറഞ്ഞു. ഹദ്റത്ത് ത്വൽഹായുടെ കൈ തികച്ചും തളർന്നു പോയിരുന്നു. അത് പ്രവൃത്തിച്ചിരുന്നില്ല. 'ഒറ്റക്കയ്യാ! മിണ്ടാതിരിക്കുക' എന്ന് അയാൾ പറഞ്ഞപ്പോൾ ഹദ്റത്ത് ത്വൽഹാ പറഞ്ഞു: നീ പറഞ്ഞത് 'ഒറ്റക്കയ്യാ! മിണ്ടാതിരിക്കുക' എന്നാണ്. എന്നാൽ, ഞാനെങ്ങനെയാണ് ഒറ്റക്കയ്യൻ ആയതെന്ന് നിനക്കറിയുമോ? ഉഹുദ് യുദ്ധത്തിൽ മുസ്‌ലിമീങ്ങളുടെ അടിതെറ്റുകയും നബി(സ)തിരുമേനിയോടൊപ്പം 12 പേർ മാത്രം അവശേഷിക്കുകയും ചെയ്തപ്പോൾ മൂവായിരം വരുന്ന കാഫിറുകളുടെ സൈന്യം ഞങ്ങളെ വളഞ്ഞു. അവർ നാലുഭാഗത്തുനിന്നും നബി(സ)തിരുമേനിയുടെ നേരെ അമ്പെയ്ത്തു തുടങ്ങി; അവിടന്ന് വധിക്കപ്പെട്ടാൽ പ്രശ്നം തീരുമല്ലോ എന്നുദ്ദേശ്യത്തോടെ. ആ നേരത്ത് സത്യനിഷേധികളുടെ സൈന്യത്തിലെ ഓരോ പട്ടാളക്കാരന്റേയും വില്ലിൽനിന്ന് നബി(സ)തിരുമേനിയുടെ മുഖത്തിനുനേരെ അമ്പുകൾ വന്നുകൊണ്ടിരുന്നു. അപ്പോൾ ഞാനെന്റെ കൈ നബി(സ)തിരുമേനിയുടെ മുഖത്തിനുമുമ്പിൽ പിടിച്ചു. ആ അമ്പുകളെല്ലാം എന്റെ കൈയിലാണ് തറച്ചത്. അങ്ങനെ എന്റെ കൈ തികച്ചും തളർന്ന് ഒറ്റക്കയ്യനായി. എന്നാൽ, ഞാൻ നബി(സ)തിരുമേനിയുടെ മുഖകമലത്തിനു മുന്നിൽനിന്ന് എന്റെ കൈ മാറ്റിയില്ല.'(ആയിൻദ വഹീ ഖൗമെ ആദരണിയരാകു......., അൻവാറുൽ ഉലൂം വാള്യം 21, പേജ് 149-151)

ജമൽ യുദ്ധം വിവരിക്കുന്ന അവസരത്തിൽ, മറ്റൊരിടത്ത് ഹദ്റത്ത് ത്വൽഹായുടെ സംഭവം പ്രതിപാദിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ആ ഒറ്റക്കയ്യൻ വധിക്കപ്പെട്ടുവെന്ന് ആരോ പറഞ്ഞു. അക്കാര്യം കേട്ടുകൊണ്ടിരുന്ന ഒരു സ്വഹാബി പറഞ്ഞു: ഭാഗ്യഹീനാ! നിനക്കറിയുമോ അദ്ദേഹം എങ്ങനെയാണ് ഒറ്റക്കയ്യൻ ആയതെന്ന്. ഉഹുദ് യുദ്ധത്തിന്റെ അവസരത്തിൽ ഒരു തെറ്റായ ധാരണ കാരണത്താൽ സ്വഹാബത്തിന്റെ സൈന്യം യുദ്ധമൈതാനത്തുനിന്ന് ഓടിപ്പോയി. നബി(സ)തിരുമേനി കുറച്ചു പേരോടൊപ്പം യുദ്ധമൈതാനത്തുണ്ടെന്നറിഞ്ഞപ്പോൾ ഏകദേശം മൂവായിരം ആളുകളടങ്ങുന്ന സത്യനിഷേധികളുടെ സൈന്യം നബിയുടെ മേൽ നാലുഭാഗത്തുനിന്നും ഇരച്ചുവന്നു. നൂറു കണക്കിന് അമ്പെയ്ത്തുകാർ വില്ലുകളെടുത്തു. നബി(സ)തിരുമേനി മുഖത്തെ അവർ ലക്ഷ്യമാക്കി; അമ്പുകൾകൊണ്ട് അവിടുത്തെ മുഖകമലം വികൃതമാക്കാൻ. ആ നേരത്ത് നബി(സ) തിരുമേനിയുടെ മുഖകമലം സംരക്ഷിക്കാൻ തന്നെ മുന്നിൽനിറുത്തിയത് ത്വൽഹയായിരുന്നു. ത്വൽഹ തന്റെ കരം നബി(സ)തിരുമേനിയുടെ മുഖത്തിനുമുമ്പിൽ പിടിച്ചു. ഓരോ അമ്പും നബി(സ)തിരുമേനിയുടെ മുഖത്തു പതിയുന്നതിനുപകരം ത്വൽഹായുടെ കൈകളിലാണ് പതിഞ്ഞത്. അങ്ങനെ അമ്പുകൾ പതിഞ്ഞുകൊണ്ടിരുന്നു. അവസാനം ആ മുറിവുകൾ ഗുരുതരമായി മാറി. അങ്ങനെ അദ്ദേഹത്തിന്റെ കൈ തളർന്നുപോയി. നീ ആരെയാണോ പരിഹസിച്ച് ഒറ്റക്കയ്യൻ എന്നു വിളിച്ചത് അയ്യാൾ ഒറ്റക്കയ്യനായത് എങ്ങനെയുള്ള അനുഗ്രഹമാണെന്നാൽ ഞങ്ങളിൽ ഞരോരുത്തരും ആ ബർക്കത്തിനുവേണ്ടി വെമ്പൽ കൊള്ളുകയാണ്.'(ഖുത്ബാത്തെ മഹ്മൂദ്, വാള്യം 26, പേജ് 386, ഖുത്ബ ജുമുഅ, 1945 സെപ്റ്റംബർ 28)

റിബ്യീ ബിൻ ഹിറാശ് നിവേദനം. ഞാൻ ഹദ്റത്ത് അലിയുടെ അടുത്തിരിക്കുകയായിരുന്നു. ഇംറാൻ ബിൻ ത്വൽഹ വന്നു. അദ്ദേഹം ഹദ്റത്ത് അലിക്ക് സലാം പറഞ്ഞു. ഹദ്റത്ത് അലി അദ്ദേഹത്തോടു പറഞ്ഞു: 'മർഹബാ. ഇംറാൻ ബിൻ ത്വൽഹാ മർഹബാ.' ഇംറാൻ ബിൻ ത്വൽഹാ പറഞ്ഞു: 'അമീറുൽ മുഅ്മിനീൻ! അങ്ങ് എനിക്ക് മർഹബാ പറയുന്നു. വാസ്തവത്തിൽ അങ്ങാണ് എന്റെ പിതാവിനെ വധിച്ചത്. എന്റെ സ്വത്തും എടുത്തു.' ഹദ്റത്ത് അലി(റ) പറഞ്ഞു: 'താങ്കളുടെ ധനം ബയ്ത്തുൽമാലിൽ വേറെതന്നെ കിടപ്പുണ്ട്. രാവിലെ നിങ്ങളുടെ ധനം കൊണ്ടുപൊയ്ക്കൊള്ളുക.' മറ്റൊരു നിവേദനത്തിലുണ്ട്, അവിടന്ന് പറഞ്ഞു: 'ഞാൻ അത് എന്റെ നിയന്ത്രണത്തിലെടുക്കാൻ കാരണം ആളുകൾ തട്ടിയെടുക്കാതിരിക്കാനാണ്. ഞാനാണ് താങ്കളുടെ പിതാവിനെ കൊന്നതെന്ന് താങ്കൾ പറഞ്ഞു. ഞാൻ പ്രതീക്ഷിക്കുന്നത് ഞാനും താങ്കളുടെ പിതാവും വ *നസഅ്നാ മാ ഫീ സുദൂരിഹിം മിൻ ഗില്ലിൻ ഇഖ്‌വാനൻ അലാ സുറുരിൻ മ്മുത്തഖാബിലീൻ* എന്ന് അല്ലാഹു പറഞ്ഞവരിൽപ്പെട്ടവരായിരിക്കും.'(15:48) 'അവരുടെ ഹൃദയങ്ങളിലുള്ള ഏതൊരു പകയേയും നാം നീക്കം ചെയ്യുന്നതാണ്. അങ്ങനെ അവർ പരസ്പരം അഭിമുഖമായി ചാരുകട്ടിലുകളിൽ സഹോദരങ്ങളായി ഇരിക്കുന്നവരായിരിക്കും.'(അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് ഭാഗം 3, പേജ് 169, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

മുഹമ്മദ് അൻസ്വാരി തന്റെ പിതാവിൽനിന്ന് നിവേദനം. ജമൽയുദ്ധ ദിവസം ഒരാൾ ഹദ്റത്ത് അലിയുടെ അടുത്തുവന്നു. ത്വൽഹായുടെ ഘാതകന് അകത്തുവരാൻ അനുവാദം തരണമെന്ന് പറഞ്ഞു. നിവേദകൻ പറയുന്നു: ഞാൻ ഹദ്റത്ത് അലി ഇങ്ങനെ പറയുന്നതായി കേട്ടു: 'ആ ഘാതകനോടു നരകത്തിലാണെന്ന വിവരം പറയുക.'(അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് ഭാഗം 3, പേജ് 169, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഹദ്റത്ത് ത്വൽഹ ശഹീദാകുകയും ഹദ്റത്ത് അലി അദ്ദേഹത്തെ വധിക്കപ്പെട്ട നിലയിൽ കാണുകയും ചെയ്തപ്പോൾ അദ്ദേഹത്തിന്റെ മുഖത്തുനിന്ന് മണ്ണ് തുടച്ചു നീക്കിക്കൊണ്ട് പറഞ്ഞു: 'അബൂമുഹമ്മദേ! ആകാശത്തിലെ നക്ഷത്രങ്ങൾക്കു കീഴെ താങ്കളെ ഇത്തരത്തിൽ മണ്ണുപുരണ്ട അവസ്ഥയിൽ കാണാൻ എനിക്കു വളരെ വിഷമമുണ്ട്.' പിന്നീട് ഹദ്റത്ത് അലി ഇങ്ങനെ പറഞ്ഞു: 'ഞാൻ അല്ലാഹുവിന്റെ സന്നിധിയിൽ എന്റെ ന്യൂനതകളേയും ദുഃഖങ്ങളേയും കുറിച്ച് വിലപിക്കുന്നു.' പിന്നീട് ഹദ്റത്ത് ത്വൽഹയുടെ കാരുണ്യത്തിനുവേണ്ടി ദുആ ചെയ്തു. എന്നിട്ടു പറഞ്ഞു: 'ഞാൻ ഇരുപതു വർഷം മുമ്പേ മരിച്ചുപോയിരുന്നെങ്കിൽ എത്ര നന്നായേനെ!' ഹദ്റത്ത് അലിയും അദ്ദേഹത്തിന്റെ സ്നേഹിതന്മാരും ഒരുപാട് കരഞ്ഞു. ഹദ്റത്ത് അലി ഒരിക്കൽ ഒരാൾ ഈ കവിതാശകലം ചൊല്ലുന്നത് കേട്ടു:

*ഫത്തൻ കാന യുദ്നീഹിൽഗിനാ മിൻ സ്വദീഖിഹീ*

(ശേഷം പേജ് 10ൽ)

## ഹദീഥുന്നബവി (സ):

***നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു, 'എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.' (മുസ്‌ലിം)***

ത്വാലിബെ ദുആ:
K.Muhammad Shareef & Family
Ahmadiyya Jama-ath Vaniyambalam, Kerala.

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു: 'എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.'(മുസ്‌ലിം)**

ത്വാലിബെ ദുആ:
P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

(തുടർച്ച...)

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

## 2018 ഒക്ടോബർ 31 ബുധനാഴ്ച:

ഹുദൂറിന്റെ നിർദേശം അനുസരിച്ച് സെക്രട്ടറി നൗ മുബായിആത്ത് പറഞ്ഞു: നവഅഹ്മദികളിൽ അറബ് അഹ്മദികളും ചില പാക്കിസ്താനി അഹ്മദികളുമുണ്ട്. ബാക്കിയുള്ളവർ മറ്റു സമുദായത്തിൽ നിന്ന് വന്നവരാണ്.

**ഹുദൂർ:** നിങ്ങളുടെ ടീമിൽ അറബി അറിയാവുന്ന ആരെങ്കിലുമുണ്ടോ?

സെക്രട്ടറി നൗ മുബായിആത്ത്: ഇപ്പോൾ ടീമിൽ അറബ് സ്ത്രീകളാരുമില്ല. ഭാഷയുമായി ബന്ധപ്പെട്ട് അറബ് സ്ത്രീകളുമായി ബന്ധപ്പെടുന്നതിന് ഒരു തരത്തിലുമുള്ള ബുദ്ധിമുട്ടുമില്ല.

**ഹുദൂർ:** ഇപ്പോൾ പഴയ അറബ് അഹ്മദികളും മതിയാവോളമുണ്ടെന്ന് ഞാൻ വിചാരിക്കുന്നു. ഇക്കാര്യത്തിൽ നിങ്ങളെ സഹായിക്കാൻ അവർക്കു കഴിയും. ഭാഷയുടെ പ്രശ്നം ഇല്ലെങ്കിലും സംസ്കാരത്തിൽ വ്യത്യാസമുണ്ട്. അതുകൊണ്ട് ഒരു അറബ് വനിതക്ക് കൂടുതൽ നല്ല നിലയിൽ അറബ് നവ അഹ്മദികളെ നോക്കാൻ കഴിയും. കേവലം ഭാഷ മാത്രമല്ല തടസ്സം. മറ്റ് പല കാര്യങ്ങളും നോക്കേണ്ടി വരുന്നു.

ഹുദൂർ സെക്രട്ടറി തബ്ലീഗിനോടു ചോദിച്ചു: ഈ വർഷം നിങ്ങളുടെ ബയ്അത്തിന്റെ ടാർഗറ്റ് എത്രയാണ്? നിങ്ങൾ പറഞ്ഞ ഈ 24 നവഅഹ്മദികൾ ലജ്നകൾ മുഖേന അഹ്മദിയായതാണോ?

സെക്രട്ടറി തബ്ലീഗ്: 50 മുതൽ 60 വരെയാണ് ഞങ്ങളുടെ ബയ്അത്തിന്റെ ടാർഗറ്റ്. ഈ 24 പേരും ലജ്നകൾ മുഖേന അഹ്മദിയായവരാണ്. എന്നാൽ, ഇതര ശാഖാ സംഘടനകൾ മുഖേന നടക്കുന്ന ബയ്അത്തുകളെ കുറിച്ചും വിവരങ്ങൾ അറിയേണ്ടതാണെന്ന് സെക്രട്ടറി നൗമുബായിയാത്തിനോട് സംസാരിച്ചിരുന്നു.

**ഹുദൂർ:** ഇപ്പോൾ വർഷം അവസാനിക്കാൻ പോകുകയാണ്. നിങ്ങൾ ഇപ്പോഴാണ് പ്ലാനിംഗ് ചെയ്യുന്നത്. ഇനി അടുത്ത ടേമിലെ തിരഞ്ഞെടുപ്പും ആരംഭിക്കാൻ പോകുകയാണ്. അതിനുശേഷം പുതിയ ആമില വരും. അതുകൊണ്ട് നിങ്ങൾ ഇക്കാര്യം രേഖപ്പെടുത്തി വെക്കേണ്ടതാണ്. നിങ്ങളുടെ സ്ഥാനത്ത് മറ്റേതെങ്കിലും സെക്രട്ടറി വികയാണെങ്കിൽ ഇതു സംബന്ധമായി അവർക്ക് കാര്യങ്ങൾ ശിപാർശ ചെയ്യുക.

സെക്രട്ടറി ഖിദ്മത്തെ ഖൽഖ്: അമേരിക്കയിലെ ലജ്നാ ഇമാഇല്ലായുടെ ഭാഗത്ത് നിന്ന് ഒരു മോഡൽ വില്ലേജിന്റെ നിർമാണ പദ്ധതിയുണ്ട്. അതിനു വേണ്ടി എഴുപത്തി അയ്യായിരം ഡോളറാണ് കൊടുത്തത്.

**ഹുദൂർ:** വളരെ നല്ല കാര്യം തന്നെ. ഞാൻ അൻസാറുല്ലായോടും ലജ്നയുടെ ഉദാഹരണം ചൂണ്ടി കാണിച്ചു കൊണ്ട് പറഞ്ഞിരുന്നു. ലജ്ന മോഡൽ വില്ലേജിനുവേണ്ടി ചെലവ് വഹിക്കാൻ തയ്യാറാണെങ്കിൽ അൻസാറുല്ലായും ഏതെങ്കിലും വലിയ പ്രൊജക്ടിൽ ചെലവ് ചെയ്യുക. ഇത് ഞാൻ നിങ്ങളോട് പറയുന്നത് നിങ്ങൾ നിങ്ങളുടെ ഭർത്താക്കന്മാരെ ഇതു സംബന്ധമായി ഓർമപ്പെടുത്തിക്കൊണ്ടിരിക്കാനാണ്.

സെക്രട്ടറി ഖിദ്മത്തെ ഖൽഖ്: നാല്പതിനായിരം ഡോളർ ഈദിന്റെ അവസരത്തിൽ കുട്ടികൾക്ക് ഉപഹാരങ്ങൾ നല്കാനായി നല്കുകയുണ്ടായി. 8 ലജ്നകൾക്ക് ഖദീജ സ്കോളർഷിപ്പ് നല്കി; അവർക്ക് അവരുടെ പഠനം പൂർത്തിയാക്കാൻ വേണ്ടി.

ഹുദൂർ ചോദിച്ചപ്പോൾ ഖിദ്മത്തെ ഖൽഖ് സെക്രട്ടറി പറഞ്ഞു: ചാരിറ്റി വാക്സും മീനാ ബാസാറും മുഖേന പതിമൂവായിരത്തിലധികം ഡോളർ തുക ഹ്യൂമാനിറ്റി ഫസ്റ്റിന് നല്കി. ഇതു കൂടാതെ വളരെയധികം ലജ്നകൾ നേരിട്ടും ഹ്യൂമാനിറ്റി ഫസ്റ്റിന് തുക സംഭാവന ചെയ്യുന്നുണ്ട്.

നാഷണൽ സെക്രട്ടറി നാസിറാത്ത്: ഈ സമയത്ത് അമേരിക്കയിൽ ആകെ 1015 നാസിറാത്തുണ്ട്.

**ഹുദൂർ:** ഈ എണ്ണം ശരിയല്ലെന്നാണ് ഞാൻ കരുതുന്നത്. 1015ൽ അധികം നാസിറാത്ത് വേണ്ടതാണ്.

നാസിറാത്ത് സെക്രട്ടറി: ഹുദൂർ പറഞ്ഞത് ശരിയാണ്. കാരണം പല പുതിയ കുടുംബങ്ങളും ഇവിടെ വന്നിട്ടുണ്ട്. അവരുടെ എണ്ണത്തെ കുറിച്ച് ഇപ്പോൾ അറിവില്ല.

**ഹുദൂർ:** തജ്നീദ് സെക്രട്ടറിമാർ വീടുകളിൽപോയി തജ്നീദ് സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക. തജ്നീദിന്റെ ജോലി ഗ്രാസ് റൂട്ട് ലെവലിൽ(grass root level) ഉണ്ടാകേണ്ടതാണ്. സ്ത്രീകൾക്ക് മറ്റുള്ളവരുടെ വീട്ടിനുള്ളിലും പോകാൻ സാധിക്കും. പുരുഷന്മാർക്ക് മറ്റുള്ളവരുടെ വീട്ടിനുള്ളിലേക്ക് പോകാൻ പറ്റാറില്ല. അതുകൊണ്ട് ലജ്നകളുടെ കൈകളിൽ തജ്നീദ് സംബന്ധമായ വിവരങ്ങൾ കൂടുതൽ വേണ്ടതാണ്.

ഞാൻ അമേരിക്കയിൽ വന്നതിനെ തുടർന്ന് അസംഖ്യം വ്യക്തികൾ കൂടിക്കാഴ്ചക്കുവേണ്ടി അപേക്ഷ നല്കാൻ തുടങ്ങിയെന്ന് ഹ്യൂസ്റ്റണിൽവച്ച് എന്നോട് പറഞ്ഞിരുന്നു. അവരെപ്പറ്റി ജമാഅത്തിന് അറിവേയുണ്ടായിരുന്നില്ല. ഇങ്ങനെയുള്ള കുടുംബങ്ങളുടെ നല്ലൊരു എണ്ണം ഉണ്ടായിരുന്നു. അവർക്ക് ജമാഅത്തുമായി ബന്ധം തുടങ്ങി. അതുകൊണ്ട് ലജ്നകൾക്ക് വളരെ നല്ല രീതിയിൽ തജ്നീദ് ഡിപ്പാർട്ട്മെന്റിനെ സഹായിക്കാൻ കഴിയും.

നിങ്ങൾ ഹല്ലോവീൻ(Halloween) തുടങ്ങിയവയെ സംബന്ധിച്ച് നാസിറാത്തിന് പറഞ്ഞു കൊടുക്കാൻ പ്രോഗ്രാമുകളൊന്നും ഉണ്ടാക്കിയിട്ടില്ലെന്ന് തോന്നുന്നു. വാഖിഫാത്തെ നൗ ക്ലാസുകളിൽ ധാരാളം കുട്ടികൾക്ക് അതിനെ സംബന്ധിച്ച് അറിയില്ലായിരുന്നു. എന്നോട് ചോദിക്കുന്നുമുണ്ടായിരുന്നു. യഥാർഥ കാര്യം ഇതാണ്. ഗ്രാസ് റൂട്ട് ലെവലിൽ പോയി പ്രവർത്തിക്കുന്നില്ല.

മുആവിന സദ്ർ: മീഡിയാ വാച്ചിംഗ് എന്റെ ഉത്തരവാദിത്വത്തിലാണ്. ഞങ്ങൾ ലജ്നകളെ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ കത്തുകളും op-eds വും എഴുതാൻ ഓർമിപ്പിക്കാറുണ്ട്.

**ഹുദൂർ:** ഇതുവരെ എത്ര ലജ്നകൾ കത്തുകൾ അല്ലെങ്കിൽ op-eds എഴുതി അയച്ചിട്ടുണ്ട്.

മുആവിന സദ്ർ: കഴിഞ്ഞ വർഷം 58 ലജ്നകൾ 109 കത്തുകളും ലേഖനങ്ങളും എഴുതിയിട്ടുണ്ട്. ഇത് കറക്റ്റ് ചെയ്ത് നന്നാക്കുന്നതിനുവേണ്ടി ഞങ്ങൾ പ്രവർത്തിച്ചു വരുന്നു. ഇപ്പോൾ ഞങ്ങൾ മാസന്തോറും ക്യാംപയൻസ്(campaigns) ആരംഭിച്ചിട്ടുണ്ട്. ഉദാഹരണമായി നവംബറിൽ thanksgiving ന്റെ പിരിയിഡാണ്. ഇതു സംബന്ധമായി ഇസ്‌ലാമിലെ thanksgivingന്റെ സങ്കല്പത്തെ കുറിച്ച് ലേഖനങ്ങൾ എഴുതാൻ പറഞ്ഞു. ഇതുപോലെതന്നെ കാലികപ്രസക്തിയുള്ള വിഷയങ്ങളുടെ വെളിച്ചത്തിൽ ഓരോന്നും ഉണർത്തിക്കൊണ്ടിരിക്കുന്നു.

സെക്രട്ടറി ഇശാഅത്ത്: ഞങ്ങളുടെ ത്രൈ മാസികയുടെ ഡിജിറ്റൽ കോപ്പി എല്ലാ ലജ്നകൾക്കും അയക്കുന്നു. അത് റെക്കോഡിൽ സൂക്ഷിക്കാൻ വേണ്ടി വളരെ ചുരുങ്ങിയ എണ്ണത്തിൽ പ്രിന്റും ചെയ്യുന്നു.

സെക്രട്ടറി സിഹ്ഹത്തെ ജിസ്മാനി: ഇപ്പോൾ 25 ശതമാനം ലജ്നകൾ വ്യായാമം ചെയ്യാറുണ്ട്. ഇപ്പോൾ ഞങ്ങൾ ജമാഅത്തീ പ്രോഗ്രാമുകളിലും മീറ്റിംഗുകളിലും വ്യായാമങ്ങളിലേക്ക് പ്രത്യേകം ഉണർത്താൻ തുടങ്ങിയിട്ടുണ്ട്.

ഹുദൂർ ചോദിച്ചപ്പോൾ സെക്രട്ടറി തജ്നീദ് പറഞ്ഞു: തജ്നീദ് സംബന്ധമായി ഞാൻ തൃപ്തയല്ല. എന്നാൽ, ഇപ്പോൾ ലോക്കൽ തജ്നീദ് സെക്രട്ടറിമാർ മുഖേന ശ്രമിച്ചു വരുന്നു. ചില മജ്ലിസുകളിലെ ലോക്കൽ സെക്രട്ടറിമാർ ഊർജസ്വലരല്ല.

ഹുദൂർ ലജ്ന സദ്റിനോടു പറഞ്ഞു: സെക്രട്ടറി തജ്നീദായാലും മറ്റേത് വിഭാഗത്തിന്റെ സെക്രട്ടറിയായാലും ഊർജസ്വലരല്ലെങ്കിൽ സ്വന്തം ഉത്തരവാദിത്വം നിർവഹിക്കുന്നില്ലെങ്കിൽ താങ്കൾക്ക് ചോയിസുണ്ട്. അത്തരം സെക്രട്ടറിമാരെ മാറ്റുക. അവരുടെ സ്ഥാനത്ത് നന്നായി പ്രവർത്തിക്കുന്ന ലജ്നകളെ കൊണ്ടു വരിക. ചുരുങ്ങിയത് പൂർണ വിവരങ്ങൾ നിങ്ങൾക്ക് വേണമല്ലോ.

ഇതിനുശേഷം ഹുദൂർ ചോദിച്ചപ്പോൾ സെക്രട്ടറി തജ്നീദ് പറഞ്ഞു: ഇപ്പോൾ ലജ്നകളുടെ ആകെ തജ്നീദ് 6291 ആണ്. എന്നാൽ നമ്മുടെയടുക്കൽ വയസ്സനുസരിച്ചുള്ള തജ്നീദ് പട്ടികയില്ല.

മുആവിന സദ്ർ ബറായെ വാഖിഫാത്തെ നൗ: ഇപ്പോൾ നമ്മുടെയടുക്കൽ 611 വാഖിഫാത്തെ നൗ കുട്ടികളുണ്ട്. അവരിൽ 311 പേർ 15 വയസ്സിന് മുകളിലാണ്. 241 പേർ 18 വയസ്സിനും അതിനു മുകളിലും ഉള്ളവരാണ്. അവരെല്ലാവരും അവരുടെ വഖ്ഫ് ഫോറം പുതുക്കിയിട്ടുണ്ട്.

ഹുദൂറിന്റെ ചോദ്യത്തിന് മുആവിനാ സാഹിബ പറഞ്ഞു: ഞങ്ങൾ റിപ്പോർട്ട് സദ്ർ ലജ്നക്കും നാഷണൽ സെക്രട്ടറി വഖ്ഫെ നൗവിനും അയക്കുന്നു. അവർ പിന്നീട് അവിടെനിന്ന് മർക്കസിലേക്കും.

ഹുദൂർ: ഇപ്പോൾ ധാരാളം അഭയാർഥികൾ വന്നിട്ടുണ്ട്. ഭാഷ അറിയാത്തുകൊണ്ടോ മറ്റെന്തെങ്കിലും പ്രശ്നം കാരണത്താലോ അവർക്ക് തടസ്സങ്ങളുണ്ടാകും. നിങ്ങൾ ഇതു സംബന്ധമായുള്ള ഡാറ്റകൾ തയ്യാറാക്കേണ്ടതുണ്ട്. പിന്നെ ഈ ഡാറ്റക്കനുസരിച്ച് എന്തെങ്കിലും പ്രോഗ്രാം തയ്യാറാക്കി അവർക്ക് കൊടുക്കുക. അവർക്ക് തയ്യൽ, പാചകം പഠിക്കൽ തുടങ്ങിയ കാര്യങ്ങളിൽ സഹായിക്കാൻ കഴിയും. അവരുടെ പ്രൊഡക്ടുകൾക്ക് മാർക്കറ്റ് ഉണ്ടാക്കി അതിൽ ഒരു തുക അവർക്ക് നല്കാവുന്നതാണ്. ഇതു സംബന്ധമായി നിങ്ങളുടെയടുക്കൽ ഡേറ്റയും വേണ്ടതാണ്.

## ഹദീഥുന്നബവി (സ):

**നബി(സ)തിരുമേനി പറഞ്ഞു:'രണ്ടാളുടെ ഇടയിൽ നീ നീതി പുലർത്തൽ ധർമമാണ്. ഒരാൾ തന്റെ വാഹനത്തിലേറാനോ യാത്രോപകരണങ്ങൾ അതിനുമുകളിൽ കയറ്റിവെക്കാനോ നീ സഹായിക്കലും ഒരു ധർമമാണ്. നല്ല വാക്കു പറയുന്നതും ധർമമാണ്. നമസ്കാരത്തിന് നടന്നുപോകലും ധർമമാണ്. വഴിയിലുള്ള ശല്യം ദൂരീകരിക്കലും കൂടി ഒരു ധർമമാണ്.' (ബുഖാരി മുസ്‌ലിം)**

ത്വാലിബെ ദുആ:
M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)

എത്ര ലജ്നാ അംഗങ്ങൾക്ക് ജോലി നല്കാൻ സഹായിച്ചു തുടങ്ങിയ വിവരങ്ങൾ വേണം.

സെക്രട്ടറി സ്വൻഅത്ത് വ തിജാറത്ത് തന്റെ റിപ്പോർട്ടും സെക്രട്ടറി ഉമൂറെ ത്വാലിബാത്ത് അവരുടെ റിപ്പോർട്ടും അവതരിപ്പിച്ചു.

**ഹുദൂർ:** ഇത് പുതിയ വിഭാഗമാണ്. നിങ്ങളുടെയടുക്കൽ ഡേറ്റകളുണ്ടോ? എത്ര വിദ്യാർഥിനികൾ ഹൈസ്കൂളുകളിലുണ്ട്? എത്ര പേർ കോളേജുകളിലുണ്ട്? എത്ര പേർ യൂണിവേഴ്സിറ്റികളിലുണ്ട്? എത്ര പേർ മറ്റു പ്രൊഫഷണൽ ഫീൽഡുകളിൽ പഠിച്ചു വരുന്നുണ്ട്?

സെക്രട്ടറി ഉമൂറെ ത്വാലിബാത്ത്: ഞങ്ങൾ ഈയടുത്താണ് സർവെ നടത്തിയത്. അതിന് 369 പേർ മറുപടി നല്കി. ഇപ്പോൾ കൂടുതൽ ഡേറ്റ ചേർത്തു വരുന്നു. അങ്ങനെ ചെയ്തു വരുന്നതിൽ ഏഴ് അധ്യായങ്ങളാണുള്ളത്. ഇപ്പോൾ കൂടുതൽ ജമാഅത്തുകളിൽ ഇത് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പ്രവർത്തനം നടന്നു വരുന്നു.

ഹുദൂർ അന്വേഷിച്ചപ്പോൾ സെക്രട്ടറി ത്വലബാ പറഞ്ഞു: അവർ അവരവരുടെ യൂണിവേഴ്സിറ്റികളിൽ തബ്ലീഗ് ചെയ്യുന്നുണ്ട്. സൃഷ്ടി സേവന പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

**ഹുദൂർ:** അവരുടെ പ്രസിഡന്റുമാരോട് ഇസ്ലാമിക അധ്യാപനങ്ങളെ പൂർണമായും പിൻപറ്റാൻ വിദ്യാർഥിനികളെ ഉണർത്തിക്കൊണ്ടിരിക്കാനും പറയുക.

സെക്രട്ടറി മാൽ: ഞങ്ങളുടെ ആകെ ബഡ്ജറ്റ് മൂന്ന് ലക്ഷത്തി എൺപത്തി രണ്ടായിരം ഡോളറാണ്.അൽഹംദു ലില്ലാഹ്, ഞങ്ങൾ നാല് ലക്ഷത്തി ഇരുപത്തി ഏഴായിരം ഡോളർ കൂടുതലായി പിരിച്ചെടുത്തു. ഇത് നിർദേശിക്കപ്പെട്ട ബഡ്ജറ്റിൽനിന്ന് പതിമൂന്ന് ശതമാനം കൂടുതലാണ്.

ഹുദൂർ ചോദിച്ചപ്പോൾ സെക്രട്ടറി മാൽ പറഞ്ഞു: ഞങ്ങളുടെ വരുമാനുമുള്ള ലജ്നാ മെംബർമാരുടെ എണ്ണം ആയിരത്തിൽ കൂടുതലാണ്. അവരുടെ ആകെ ചന്ദ രണ്ട് ലക്ഷത്തി നാല്പത്തി രണ്ടായിരത്തിൽ അധികമാണ്.

സ്വദ്ർ ലജ്നാ: ഞാൻ വിചാരിക്കുന്നത് ഈ എണ്ണം കുറവാണെന്നാണ്. ആകെ എണ്ണം ഇനിയും കൂടും.

**ഹുദൂർ:** പ്രാദേശിക മജ്ലിസുകളുടെ സെക്രട്ടറി മാൽ ആക്ടീവാകുകയാണെങ്കിൽ നിങ്ങൾക്ക് ഇതു സംബന്ധമായി അഭിവൃദ്ധിയുണ്ടാക്കാൻ കഴിയും.

സെക്രട്ടറി മാൽ: ഇജ്തിമായുടെ ആകെ ചന്ദ 740000 ഡോളറിൽ അധികമാണ്. ഇജ്തിമായിലെ ആകെ ചെലവ് 59000 ഡോളറിൽ കൂടുതലാണ്. റീജ്യണൽ ഇജ്തിമാക്ക് ഞങ്ങൾ ആതിഥേയത്വത്തിന് ആവശ്യമായ തുക മാത്രമേ നല്കാറുള്ളൂ. ബാക്കി ചെലവുകൾ റീജ്യൺ സ്വയം വഹിക്കലാണ്.

ഹുദൂർ ചോദിച്ചതിനെ തുടർന്ന് സ്വദ്ർ സാഹിബ പറഞ്ഞു: രാജ്യത്ത് ആകെ നാല് ഇജ്തിമാകളാണ് നടക്കുന്നത്. ഈ വർഷം ഈ നാല് ഇജ്തിമാകളിലുമായി ആകെ പങ്കെടുത്തവർ 2337 പേരാണ്. അവർ ഇജ്തിമാകളിൽ കൂടുതൽ ചെലവാക്കേണ്ടതുണ്ടോ?

**ഹുദൂർ:** നിങ്ങൾ പങ്കെടുക്കുന്നവരുടെ എണ്ണം വർധിപ്പിക്കേണ്ടതുണ്ട്. അതിനോടൊപ്പം ഇജ്തിമായിൽ കൂടുതൽ ചെലവ് ചെയ്യുക. എന്നാൽ, അനാവശ്യ ചെലവുകൾ വരരുത്. മറിച്ച് ശ്രദ്ധയോടെ ചെലവ് ചെയ്യുക. എണ്ണത്തിൽ വർധന വരുത്തുക.

സെക്രട്ടറി തഹ്രീകെ ജദീദ്: കഴിഞ്ഞ വർഷം ഞങ്ങൾ 5 ലക്ഷത്തി 69നായിരം ഡോളർ അധികം പിരിച്ചിരുന്നു. അതിനു മുമ്പേയുള്ള വർഷം 20നായിരം ഡോളർ അധികമായിരുന്നു. ഞങ്ങൾക്ക് ഒരുവിധ ബഡ്ജറ്റും നിശ്ചയിക്കപ്പെട്ടിരുന്നില്ല. എന്നാൽ, ഞങ്ങൾ നൂറ് ശതമാനവും ലജ്നകളെ തഹ്രീകെ ജദീദിൽ അംഗമാക്കാൻ ശ്രമിച്ചു. ഇതിൽ ഏഴായിരത്തിലധികം അംഗങ്ങളുണ്ട്. ഇവരിൽ ലജ്നകളും ഏഴ് വയസ്സിന് താഴെയുള്ള കുട്ടികളും ഉൾപ്പെടുന്നു.

ഞങ്ങൾ ഒരു സ്ഥലവും വാങ്ങി. അതിൽ ഒരു വീടും ഉണ്ടായിരുന്നു. അവിടെ ഒരു ലജ്നാ ഹാൾ നിർമിക്കാനുള്ള പദ്ധതിയുണ്ട്. അതിൽ 500 ലജ്നകൾക്ക് ഇരിക്കാൻ കഴിയും. ഇതോടൊപ്പം ചില ഓഫീസുകളും ചില റൂമുകളും മറ്റും നിർമിക്കാനുള്ള പദ്ധതിയുമുണ്ട്. ഈ സമയത്ത് നിർമാണ പ്രവർത്തനങ്ങളുടെ പ്ലാനിംഗും അനുവാദവും മറ്റും വാങ്ങാനുള്ള നടപടി തുടങ്ങിക്കഴിഞ്ഞു.

സെക്രട്ടറി വഖ്ഫെ ജദീദ്: എന്റെ ഉത്തരവാദിത്വത്തിൽ വഖ്ഫെ ജദീദിനെ കൂടാതെ പബ്ലിക് കാര്യങ്ങളിലുള്ള സ്വദ്ർ സാഹിബയുടെ സഹായി എന്നതുമുണ്ട്. വഖ്ഫെ ജദീദിൽ അംഗമായവരുടെ ആകെ എണ്ണം 7300 ൽ അധികമാണ്. അതിൽ നാസ്വിറാത്തും 7 വയസ്സിൽ താഴെയുള്ള കുട്ടികളും ഉണ്ട്. 2012-ൽ ഹുദൂർ ഞങ്ങൾക്ക് 'ലജ്നകളുടെ ടാർഗറ്റിൽനിന്ന് 20 ശതമാനം കൂടുതൽ നാസ്വിറാത്തിന്റെ ടാർഗറ്റ് വെക്കുക എന്ന നിർദേശം നല്കിയിരുന്നു.

**ഹുദൂർ:** ചന്ദയുടെ തുകകളേക്കാൾ എനിക്ക് ചിന്ത പങ്കെടുത്തവരുടെ എണ്ണത്തെ പറ്റിയാണ്. അതുകൊണ്ട് എല്ലാ നാസ്വിറാത്തുകളേയും പങ്കെടുപ്പിക്കാൻ ശ്രമിക്കുക.

സെക്രട്ടറി വഖ്ഫെ ജദീദ്: 2017-ൽ വഖ്ഫെ ജദീദിനെ പരാമർശിച്ചു കൊണ്ട് ഹുദൂർ പറഞ്ഞിരുന്നു, ചന്ദയിൽ കുറവില്ല എന്നാൽ, റിപ്പോർട്ടിംഗാണ് ശരിയല്ലാത്തതെന്ന്. റിപ്പോർട്ട് പൂർണമായും വരാറില്ല. അതുകൊണ്ട് ഞങ്ങൾ ഈ വർഷം റിപ്പോർട്ടിംഗ് സിസ്റ്റം മാറ്റി. അതുകാരണത്താൽ അൽഹംദുലില്ലാഹ് പങ്കെടുത്തവരുടെ എണ്ണം വളരെ നല്ലൊരളവോളം വർധിച്ചിട്ടുണ്ട്.

മുആവിന സ്വദ്ർ ബറായെ പബ്ലിക് അഫയേഴ്സ്: 2017-ൽ ഞങ്ങൾ പ്രാദേശിക മജ്ലിസുകളിൽ 117 പ്രോഗ്രാമുകൾ സംഘടിപ്പിച്ചു. ഇതു കൂടാതെ 21 സ്ത്രീ സെനറ്റർമാരുണ്ട്. ഞങ്ങൾ എല്ലാ സെനറ്ററുമാരേയും കണ്ടു. ഇത് പുതിയ വിഭാഗമാ ണ്. അതുകൊണ്ട് ഇതിൽ ഞങ്ങൾ കൂടുതൽ പ്രവർത്തനങ്ങൾ ചെയതു വരുന്നു. എല്ലാ വർഷവും 9/11 കാമ്പയിനും നടത്തറുണ്ട്. അതിൽ സ്ത്രീ മേയർമാർ, സ്ത്രീ സെനറ്റർമാർ, മറ്റു ഉന്നത സ്ഥാനീയരായ വനിതകളുമുണ്ട്. അവരുമായി കാണാറുണ്ട്. ഈ മീറ്റിംഗുകളിൽ ഞങ്ങൾ അഹ്മദിയ്യാ ജമാഅത്തിനേയും ലജ്നാ ഇമാഇല്ലായുടെ ശാഖാ സംഘടനയേയും പരിചയപ്പെടുത്തപ്പെടുന്നു. ഇതിന് വളരെ നല്ല ഫീഡ്ബാക്ക് കിട്ടാറുണ്ട്.

മുആവിന സ്വദ്ർ: ഞങ്ങൾ നാഷണൽ ഡെഓൺഹിൽ പരിപാടി സംഘടിപ്പിക്കാറുണ്ട്. ഇതിൽ മജ്ലിസുകളുടേയും പ്രാതിനിധ്യം അനിവാര്യമാണോ? ഞങ്ങൾക്ക് 74 മജ്ലിസുകളുണ്ട്. ഈ അവസരത്തിൽ ഏകദേശം 45 മജ്ലിസുകളുടെ സാന്നിധ്യം ഉണ്ടായിരുന്നു.

**ഹുദൂർ:** എല്ലാ മജ്ലിസുകളുടേയും പ്രതിനിധ്യം അനിവാര്യമല്ല. എങ്കിലും എന്തെങ്കിലും ഒരു പ്രാതിനിധ്യം വേണ്ടതാണ്. ഓരോ വർഷവും പുതിയ പുതിയ മജ്ലിസുകൾ അംഗങ്ങളായി കൊണ്ടിരുന്നാൽ മതി. ഇപ്രകാരം അവർക്കും നിങ്ങളിവിടെ എന്താണ് ചെയ്യുന്നതെന്ന് മനസ്സിലാകും. ഇപ്രകാരം അവർക്ക് കൂടുതൽ ബന്ധങ്ങൾ പ്രാദേശികമായും സൃഷ്ടിക്കുന്നതിന് ഉപകരിക്കും. റീജ്യണൽ സ്വദ്ർമാരും അവരവരുടെ റീജ്യണുകൾ പരിചയപ്പെടുത്തി. ഹുദൂർ റീജ്യണുകളും അംഗങ്ങളുടെ എണ്ണവും ചോദിച്ചറിഞ്ഞു.

ഹുദൂർ: റീജ്യണൽ സ്വദ്ർമാർ എല്ലാ ലജ്നാ അംഗങ്ങളുമായും ഒരു ബന്ധം നിലനിറുത്തേണ്ടതാണ്. തജ്നീദിന്റെ റെക്കോഡ് സംബന്ധമായും പ്രവർത്തനം നടത്തേണ്ടതുണ്ട്.

സ്വദ്ർ സാഹിബ ലജ്നാ ഇമാഇല്ലാഹ്: പ്രൈവറ്റ് സെക്രട്ടറി ലജ്നാ സെക്ഷൻ ഞങ്ങൾക്ക് ജർമനിയിൽ നടന്ന നാഷണൽ ലജ്നാ മജ്ലിസെ ആമില മിനുട്സ് അയച്ചു തന്നിരുന്നു. അതിൽ ഹുദൂർ നിർദേശം നല്കിയിരുന്നത് മാസമുറയുള്ളവർ മസ്ജിദിൽ പോകാൻ പാടില്ലെന്നാണ്.

**ഹുദൂർ:** ഇത് എന്റെ നിർദേശമല്ല. മറിച്ച് ഇത് ഹദീഥാണ്.

സ്വദ്ർ ലജ്ന: ചില അവസരങ്ങളിൽ ശൂറാ അല്ലെങ്കിൽ മറ്റു പ്രോഗ്രാമുകളുടെ സമയത്ത് ചില ലജ്നകൾക്ക് മാസമുറ കാരണത്താൽ പ്രോഗ്രാമുകളിൽ പങ്കെടുക്കാൻ സാധിക്കാറില്ല.

**ഹുദൂർ:** അത്തരം പരിപാടികൾ മസ്ജിദിൽ വെക്കാതിരിക്കുക. എന്നാൽ, മസ്ജിദിൽ വെക്കുകയാണെങ്കിൽ അത്തരം സ്ത്രീകളെ ആ ദിനങ്ങളിൽ പങ്കെടുക്കുന്നതിൽ നിന്ന് ഒഴിവാക്കി കൊടുക്കേണ്ടതാണ്. ഏതുവരെയെന്നാൽ ഈദിന്റെ അവസരത്തിൽപോലും പ്രത്യേകമായി ഹദീഥിൽ വന്നതാണ് മാസമുറയുള്ള സ്ത്രീകൾ മസ്ജിദിൽ കയററുതെന്ന്. യഥാർഥത്തിൽ ഈദ് നമസ്കാരവും ഖുത്ബയും നിർബന്ധമായ കാര്യമാണ്. എന്നിട്ടും മാസമുറയുള്ള സ്ത്രീകൾ മസ്ജിദിൽ പ്രവേശിക്കരുതെന്നും മസ്ജിദിന്റെ പുറത്തിരുന്ന് ഖുത്ബ കേൾക്കണമെന്നും വ്യക്തമായ രൂപത്തിൽ പറഞ്ഞിരിക്കുന്നു. അതുകൊണ്ട് മസ്ജിദിന്റെ ഹാളിലോ അല്ലെങ്കിൽ മറ്റേതെങ്കിലും റൂമിലോ സ്ത്രീകളെ ഇരുത്തേണ്ടതാണ്. അതുപോലെതന്നെ നിങ്ങളുടെ മീറ്റിംഗുകളും മറ്റും ഇത്തരം സ്ഥലങ്ങളിൽ സംഘടിപ്പിക്കുകയും ചെയ്യുക.

മീറ്റിംഗിന് ഒടുവിൽ ഹുദൂർ പറഞ്ഞു: ഇനി പുതിയ 'സ്വദ്ർ ലജ്ന'യുടെ തിരഞ്ഞെടുപ്പ് കഴിഞ്ഞതിന് ശേഷം പുതിയ ആമിലയെ തിരഞ്ഞെടുക്കുന്നതായിരിക്കും. അതുകൊണ്ട് നിങ്ങൾ എല്ലാ മാർഗദർശനങ്ങളും സ്വന്തം അനുഭവങ്ങളും ഇനി വരുന്ന സെക്രട്ടറിമാർക്ക് പകർന്നു നല്കുക. പൊതുവെ ഉണ്ടാകാറുള്ളത് ഏതു വകുപ്പ് എന്തെല്ലാം പ്ലാനിംഗ് ചെയ്തുവോ അത് നിങ്ങളുടെ ട്രേകളിൽ തന്നെയിരിക്കലാണ്. അതുകൊണ്ട് പുതുതായി വരുന്ന സെക്രട്ടറിമാരെ ഇക്കാര്യങ്ങളെ കുറിച്ചെല്ലാം അറിയിക്കേണ്ടതാണ്. പുതുതായി വരുന്ന സ്വദ്ർ ലജ്ന ഏതെങ്കിലും വകുപ്പിന്റെ സെക്രട്ടറിയായി നിങ്ങളെ നിയമിക്കുന്നില്ലെങ്കിലും നിങ്ങളുടെയുള്ളിൽ ഒരു വിധത്തിലുമുള്ള വെറുപ്പും ഉണ്ടാകരുത്. 7.45 വരെ യു.എസ്.എ ലജ്നയുടെ ഈ നാഷണൽ ആമില നീണ്ടുനിന്നു. (ബദ്ർ ഉർദു പത്രം 4-11 ഏപ്രിൽ 2019)

## ഹദീഥുന്നബ്വി (സ):

***നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു,***
***'എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.'***
***(മുസ്ലിം)***

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

## ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു:**
**'എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.'(മുസ്ലിം)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

### ആമീൻ പരിപാടി

ഹുദൂർ അയ്യദഹുല്ലാഹ് മസ്ജിദിന്റെ പുരുഷന്മാരുടെ ഹാളിലെത്തി. ആമീൻ പരിപാടിക്ക് ആരംഭം കുറിച്ചു. ഹുദൂർ ആൺകുട്ടികളും പെൺകുട്ടികളുമടങ്ങുന്ന 26 പേരിൽനിന്ന് ഓരോ ആയത്ത് ഓതിക്കേട്ടു. അവസാനം ദുആ ചെയ്തു.

ആൺകുട്ടികൾ: മുഇസ് അഹ്മദ് ഖാൻ, ഫാറാൻ അഹ്മദ്, ഹസൻ റശീദ്, ഥർമദ് അഹ്മദ് വർക്, ശാഹ് നവാസ് അഹ്മദ്, ഥർമദ് അഹ്മദ്, ഇബ്റാഹീം ഹമീദ് ഖുറയ്ശി, റഖീം അഹ്മദ് സാഹി, വാസിഖ് മലിക്, ഹസൻ മുഹമ്മദ് ദാനി, ഫൗസാൻ അഹ്മദ്, സാരിം വിൽദാൻ അഹ്മദ്

പെൺകുട്ടികൾ: നൂറുൽ ഐൻ നയീം, റുബീൻ അഹ്മദ് ഖാൻ, അബീഹ ഹരീം, ആബിഅ ഉഥ്മാൻ, അത്വാഉന്നൂർ മലിക്, സബീക കാംറാൻ ഡിയോ(Deo), അയാൻ അഹ്മദ് കാശാൻ, സ്വൻഅം സലീം, നാജിയ അഹ്മദ്, റയ്യാം സുൽത്വാൻ അഹ്മദ്, സ്വബാഹ അഹ്മദ്, ഹിബത്തുൽ ഇസ്ലാം ശാഹിദ്, മായാ ത്വാഹിർ, നശ്മിയ(Nashmia) സആദത്ത്.

ആമീൻ പരിപാടിക്കുശേഷം ഹുദൂർ മഗ്രിബ് ഇശാഅ് നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു.

### 2018 നവംബർ 1 വ്യാഴാഴ്ച

രാവിലെ 6.30–ന് മസ്ജിദ് ബയ്ത്തുർറഹ്മാനിൽ ഹുദൂർ സുബ്ഹി നമസ്കരിപ്പിച്ചു. തുടർന്ന് താമസസ്ഥലത്തേക്ക് മടങ്ങിയ ഹുദൂർ ഓഫീസ് സംബന്ധമായ പ്രവർത്തനങ്ങളിൽ വ്യാപൃതനായി. ഓഫീസ് സംബന്ധമായ കത്തുകളും മറ്റു കത്തുകളും റിപ്പോർട്ടുകളും പരിശോധിക്കുകയും വേണ്ട നിർദേശങ്ങൾ നല്കുകയും ചെയ്തു.

2.00 മണിക്ക് മസ്ജിദ് ബയ്ത്തുർറഹ്മാനിൽ ളുഹ്ർ– അസ്ർ നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു.

### കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകൾ

6.00 മണിക്ക് ഹുദൂർ ഓഫീസിലെത്തി. കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകൾക്ക് തുടക്കം കുറിച്ചു. ഇന്നത്തെ പരിപാടിയിൽ 83 കുടുംബങ്ങളിൽനിന്ന് 354 പേരും വ്യക്തിപരമായി 18 പേരുമാണ് തങ്ങളുടെ പ്രിയപ്പെട്ട ഹുദൂറുമായി കൂടിക്കാഴ്ച നടത്തിയത്.

എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അവസരം ലഭിച്ചു. എല്ലാവർക്കും പ്രിയ ഇമാമിൽനിന്ന് ദുആയും ലഭിച്ചു. ദുആയുടെ നിധികളും മനഃസമാധാനവും സന്തോഷവുമായിട്ടാണ് എല്ലാവരും ഓഫീസിൽനിന്ന് പുറത്തു വന്നു കൊണ്ടിരുന്നത്.

കൂടിക്കാഴ്ച നടത്തിയ ഈ കുടുംബങ്ങൾ അമേരിക്കയിലെ ജമാഅത്തുകളായ അൽബാനി, ബാൾട്ടിമൂർ, സെൻട്രൽ ജേഴ്സി, ഷിക്കാഗോ ഈസ്റ്റ്, സ്ലിയോ ലാന്റ്, ഷാർലെറ്റ്, ഷിക്കാഗോ നോർത്ത് വെസ്റ്റ്, ഷിക്കാഗോ സൗത്ത് വെസ്റ്റ്, ജോർജിയ, കരോലിന, ലോറിയൽ, നോർത്ത് ജേഴ്സി, സിലിക്കോൺ വാലി, സിൽവർ സ്പ്രിംഗ്, സൗത്ത് വെർജീനിയ, ഫിലാഡെൽഫിയ എന്നീ സ്ഥലങ്ങളിൽനിന്ന് വന്നവരാണ്. ചില കുടുംബങ്ങൾ ദീർഘമായ യാത്ര ചെയ്താണ് പ്രിയപ്പെട്ട ഇമാമിനെ കാണാനെത്തിയത്. ചിലർ രണ്ടായിരത്തി അഞ്ഞൂറ് കിലോമീറ്റർ യാത്ര ചെയ്താണ് വിമാന മാർഗം എത്തിയത്; മറ്റു ചിലർ 10 മണിക്കൂർ യാത്ര ചെയ്തും..

ഹുദൂർ വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നല്കി.

### കൂടിക്കാഴ്ച നടത്തിയവരുടെ ഈമാൻ വർധക പ്രതികരണങ്ങൾ

സയ്യിദ് സഅ്ദ് സാഹിബ് തന്റെ കുടുംബത്തോടൊപ്പമാണ് വന്നത്. അദ്ദേഹം പറയുന്നു: 'പ്രിയപ്പെട്ട ഹുദൂറുമായി കൂടിക്കാഴ്ച നടത്തിയതിനുശേഷം വിവരണാതീതമായ ഒരു സമാധാനം ഹൃദയത്തിന് ലഭിച്ചു. ഞങ്ങൾക്ക് ഹുദൂറിന്റെ ആത്മീയ അനുഗ്രഹങ്ങൾ ആസ്വദിക്കാൻ കഴിഞ്ഞു. ഹുദൂർ എന്നോട് എന്റെ ജോലിയെ കുറിച്ച് അന്വേഷിച്ചിരുന്നു.'

അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു: 'ഹുദൂർ കൈ എന്റെ തലയിൽ വെച്ചു. ഇപ്പോഴും ഹുദൂർ എന്നോടൊപ്പമുണ്ടെന്ന് എനിക്ക് തോന്നുന്നു.'

മലിക് ത്വാഹിർ നദീർ അഹ്മദ് സാഹിബ് പറയുന്നു: 'ഞാൻ എന്റെ കുടുംബത്തെ വളരെ ഭാഗ്യവാന്മാർ എന്ന് മനസ്സിലാക്കുന്നു. ഞങ്ങൾക്ക് ഈ അവസരം പ്രാപ്തമായിരിക്കുകയാണ്.പ്രിയപ്പെട്ട ഇമാമിനെ കാണാൻ ഞങ്ങൾക്ക് ഭാഗ്യം ലഭിച്ചു. ഈ കൂടിക്കാഴ്ച എന്നിൽ വളരെ ഗഹനീയമായ നിലയിൽ സ്വാധീനം ചെലുത്തിയിരിക്കുന്നു.'

സെൻട്രൽ വെർജീനിയയിൽനിന്നു വന്ന മലിക് ജലീലുർറഹ്മാൻ സാഹിബ് പറയുന്നു: 'ഹുദൂർ ഞങ്ങളുടെ ചെറുപ്പകാല സ്നേഹിതനെ പോലെ വാത്സല്യത്തോടെയാണ് ഞങ്ങളെ കണ്ടത്. ഹുദൂറിന്റെ പുഞ്ചിരി ഞങ്ങളുടെ ഹൃദയങ്ങളെ പെട്ടെന്ന് പ്രകാശിപ്പിച്ചു.'

തൗഖീർ നുഅ്മാൻ സാഹിബ് തന്റെ ഭാര്യ യോടൊപ്പമാണ് ഹുദൂറിനെ കാണാനെത്തിയത്. അദ്ദേഹം പറയുന്നു: 'ഹുദൂറുമായുള്ള അഭിമുഖം വളരെയധികം സന്തോഷദായകവും സൗഹൃദമായ അന്തരീക്ഷത്തിലുമായിരുന്നു. ഹുദൂർ ഞങ്ങൾ ഇരുവരോടും ഞങ്ങളുടെ പഠനത്തെ കുറിച്ച് അന്വേഷിച്ചു. അപ്പോൾ ഞാൻ പറഞ്ഞു; ഞാൻ മാസ്റ്റേഴ്സ് ചെയ്യുന്നു. ഹുദൂർ തമാശാ രൂപത്തിൽ ചോദിച്ചു: നിങ്ങളിലാരാണ് കൂടുതൽ സമ്പാദിക്കുന്നത്?'

ഫർഖൻദ അഹ്മദ് സാഹിബ പറയുന്നു: 'ഞാൻ 1992ലാണ് ബയ്അത്ത് ചെയ്തത്. ഇത് ഹുദൂറുമായുള്ള എന്റെ ആദ്യത്തെ കൂടിക്കാഴ്ചയാണ്. ഹുദൂർ വാത്സല്യവാനും ദയാലുവും ആത്മീയ പിതാവുമാണ്. എന്നോട് എന്റെ ആരോഗ്യത്തെ കുറിച്ച് അന്വേഷിച്ചു. ഞാൻ ക്യാൻസർ രോഗത്തിൽ നിന്ന് സുഖം പ്രാപിച്ച വ്യക്തിയാണ്. ഹുദൂർ എന്നോട് ഈ രോഗത്തിന് 'സച്ചീബൂട്ടി' (ഇത് ഒരു ആയുർവേദ മരുന്നാണ്. പാക്കിസ്താനിൽ ഇത് സുലഭമാണ്)ഉപയോഗിക്കാൻ പറഞ്ഞു. ഹുദൂറുമായുള്ള ഈ കൂടിക്കാഴ്ച വളരെ പ്രിയങ്കരവും അവിസ്മരണീയവുമാണ്.'

സെൻട്രൽ വെർജീനിയയിൽനിന്ന് കുടുംബത്തോടൊപ്പം വന്ന ദീശാൻ ളിയാ സാഹിബ് പറയുന്നു: "ഹുദൂർ എന്നോട് എന്റെ കച്ചവടത്തെ കുറിച്ച് അന്വേഷിച്ചു. കച്ചവടസംബന്ധമായ എല്ലാ കാര്യങ്ങളും എഴുതി സൂക്ഷിക്കാൻ ഹുദൂർ എന്നോടു നിർദേശിച്ചു. കഷ്ടപ്പാട് കൂടുതലാണെങ്കിൽ ചെലവുകൾ കുറക്കാൻ എന്റെ ഭാര്യയേയും ഹുദൂർ ഉപദേശിച്ചു. എന്റെ ഭാര്യ പറയുന്നു: ഹുദൂറിന്റെ മുഖം പ്രകാശപൂരിതമായിരുന്നു."

സെൻട്രൽ വെർജീനിയയിൽ നിന്നുള്ള മൻസൂർ അഹ്മദ് സാഹിബ് തന്റെ കുടുംബത്തോടൊപ്പമാണ് ഹുസൂറിനെ കാണാനെത്തിയത്. അദ്ദേഹം പറയുന്നു: ഞാൻ അല്ലാഹുവിന് എത്ര നന്ദി പറഞ്ഞാലും അത് കുറവായിരിക്കും. അവൻ എനിക്ക് ഹുദൂറിനെ കാണാനുള്ള ഭാഗ്യം അനുഗ്രഹിച്ചു നല്കി. ഞാൻ ട്രക്ക് ഡ്രൈവറാണ്. ഹുദൂർ എന്റെ തൊഴിലിനെ കുറിച്ച് അന്വേഷിച്ചു. സിഗററ്റു വലിക്കുന്നത് ഒഴിവാക്കാൻ ഹുദൂർ എന്നെ ഉപദേശിച്ചു.'

ഖാളി മുഹമ്മദ് അക്ബർ സാഹിബ് തന്റെ കുടുംബത്തോടൊപ്പമാണ് ഹുദൂറിനെ കാണാനെത്തിയത്. അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു:'ഹുദൂർ എന്നോട് ചോദിച്ചു, നിങ്ങൾ നിങ്ങളുടെ ഭർത്താവിനെ ഇവിടെ വിളിക്കാൻ വേണ്ടി സ്പോൺസർ ചെയ്തിരുന്നോ. ഞാൻ പറഞ്ഞു: ജീ ഹുദൂർ. ഞാൻ തന്നെയാണ് ഇദ്ദേഹത്തെ ഇവിടെ കൊണ്ടു വന്നതും. അപ്പോൾ ഹുദൂർ തമാശാരൂപേണ പറഞ്ഞു: 'അപ്പോൾ നിങ്ങൾ ഇദ്ദേഹത്തിന്റെ വിസയാണ്.'

ഇദ്ദേഹത്തിന്റെ ഭാര്യാ പിതാവായ ഖാളി മുഹമ്മദ് അസ്ലം സാഹിബ് പാക്കിസ്താനിൽനിന്ന് ഹുദൂറിനെ കാണാൻ അമേരിക്കയിൽ വന്നിരുന്നു. അദ്ദേഹം പറഞ്ഞു. ഹുദൂറുമായി തനിച്ചും ഒരു ഫോട്ടോ എടുക്കണമെന്നുണ്ടെന്ന് ഞാൻ ഹുദൂറിനോട് പറഞ്ഞു. ഹുദൂർ വാത്സല്യത്തോടെ എന്റെ അപേക്ഷ സ്വീകരിച്ചു.'

തുടരും

ബദർ
The Weekly BADR Qadian (Malayalam)
https://www.akhbarbadrqadian.in/

(പേജ് 7ൽനിന്ന്)

*ഇദാ മാ ഹുവസ്തഗ്നാവ യുബ്യിദുഹുൽഫഖ്ര*

'സമ്പത്തിന്റേയും ഐശ്വര്യത്തിന്റേയും അവസ്ഥയിൽ സുഹൃത്തുക്കളുമായി കൂടിച്ചേർന്നിരുന്ന ഒരു യുവാവായിരുന്നു അദ്ദേഹം. ആശ്രയിക്കേണ്ട ഘട്ടംവരുമ്പോൾ അവരിൽനിന്ന് മാറിപ്പോകുമായിരുന്നു.' ഹദ്റത്ത് അലി പറഞ്ഞു, 'ഈ കവിതയുടെ സാക്ഷാത്കാരം അബൂ മുഹമ്മദ് ത്വൽഹ ബിൻ ഉബയ്ദുല്ലാഹ് ആയിരുന്നു. അല്ലാഹു അദ്ദേഹത്തിനുമേൽ കരുണ ചൊരിയുമാറാകട്ടെ.'(ഉസുദുൽ ഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ ഭാഗം 3, പേജ് 87, ത്വൽഹ ബിൻ ഉബയ്ദുല്ലാഹ് ഖുറയ്ശീ. ദാറുൽകുതുബുൽഇൽമിയ്യ ബേറൂത്ത്)

ഇതോടെ അദ്ദേഹത്തെക്കുറിച്ചുള്ള പരാമർശം അവസാനിക്കുന്നു.

ഇനി ഞാൻ ഇപ്പോഴത്തെ അവസ്ഥയെ സംബന്ധിച്ച ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ഉദ്ധരണി വായിക്കുകയാണ്. ഒരവസരത്തിൽ അവിടന്ന് മുഫ്തി സാഹിബിനോട് പറഞ്ഞു: 'വീടുകൾ വെളിച്ചമുള്ളതാക്കിവെക്കുക. ഇന്നത്തെ അവസ്ഥയിൽ വീട് നന്നായി വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.' (പ്ലേഗ് ഉണ്ടായ സമയത്തുള്ള കാര്യമാണിത്). 'വസ്ത്രങ്ങളും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. ഈ ദിനങ്ങൾ വളരെ കാഠിന്യം നിറഞ്ഞതാണ്. വായു വിഷലിപ്തമാണ്. വൃത്തി സുന്നത്താകുന്നു. വിശുദ്ധഖുർആനിലും പറഞ്ഞിരിക്കുന്നു, *വ ഥിയാബക്ക ഫത്വഹ്ഹിർ. വർറുജ്സ ഫഹ്ജുർ.*'(മൽഫൂദാത്ത് വാല്യം 4, പേജ് 273–274)

മറ്റൊരവസരത്തിൽ പറഞ്ഞു: 'പ്ലേഗ് തീവ്രമായി വ്യാപിച്ചിട്ടുള്ള ഗ്രാമങ്ങളിലും നഗരങ്ങളിലും താമസിക്കുന്നവർ മറ്റു സ്ഥലങ്ങളിൽ പോകരുത്. സ്വന്തം വീടുകൾ വൃത്തിയാക്കുകയും അവയിൽ ചൂട് നിലനിറുത്തുകയും ചെയ്യുക. അത്യാവശ്യമായ പ്രതിരോധമാർഗങ്ങൾ സ്വീകരിക്കുകയും ചെയ്യുക. എല്ലാറ്റിലുമുപരിയായി ശരിയായ തൗബ ചെയ്യുക. പരിശുദ്ധമായ പരിവർത്തനമുണ്ടാക്കി അല്ലാഹുവുമായി രഞ്ജിപ്പുണ്ടാക്കുക. രാത്രികളിൽ എഴുന്നേറ്റ് തഹജ്ജുദ് നമസ്കരിക്കുകയും ദുആ ഇരക്കുകയും ചെയ്യുക.' പിന്നീട് അവിടന്ന് പറഞ്ഞു: സ്വന്തം അവസ്ഥയിൽ സൽപരിവർത്തനം വരുത്തുന്നതിലൂടെ മാത്രമേ അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് രക്ഷനേടാൻ സാധിക്കുകയുള്ളൂ. വ നിഅ്മ മാ ഖീല.' (മൽഫൂദാത്ത് വാല്യം 3, പേജ് 234)

അല്ലാഹു എല്ലാ അഹ്മദികൾക്കും ഈ ദിനങ്ങളിൽ ദുആയിലേക്ക് പ്രത്യേകം ഊന്നൽ നൽകുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഭരണകൂടത്തിന്റെ നിർദേശങ്ങൾ പാലിക്കുക. വീടുകൾ കഴുകി വൃത്തിയാക്കുക. ഡെറ്റോൾ മുതലായവ ഉപയോഗിച്ച് സ്പ്രേ ചെയ്തുകൊണ്ടിരിക്കുക. അല്ലാഹു എല്ലാവരിലും കരുണ ചൊരിയുമാറാകട്ടെ. എന്തായാലും ഈ ദിനങ്ങളിൽ ദുആകളിലേക്ക് പ്രത്യേകം ഊന്നൽ നൽകുക. അല്ലാഹു എല്ലാവർക്കും അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

# നമസ്കാരത്തിന്റെ പ്രാധാന്യം

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

**(വാഗ്ദത്ത മഹ്ദീ മസീഹ്)**

**വിവർത്തനം: ഇസ്മായീൽ ആലപ്പുഴ**

'ലാഇലാഹ ഇല്ലല്ലായുടെ പൊരുൾ കേട്ടതിനു ശേഷം ഇനി നമസ്കാരത്തിലേക്ക് ശ്രദ്ധിക്കുക. അത് കൃത്യതയോടെ നിർവഹിക്കാൻ വിശുദ്ധ ഖുർആനിൽ ആവർത്തിച്ചാവർത്തിച്ച് താക്കീത് ചെയ്യപ്പെട്ടിരിക്കുന്നു. പക്ഷേ, അതിനോടൊപ്പം ഇങ്ങനെയും പറഞ്ഞിട്ടുണ്ട്. *വയ്ലുൻല്ലിൽ മുസല്ലീനല്ലദീനഹും അൻസ്വലാത്തിഹിം സാഹൂൻ* നമസ്കാരത്തിലെ യാഥാർഥ്യത്തിൽനിന്ന് അജ്ഞരായ നമസ്കാരക്കാർക്ക് നാശം. അകൽച്ചയുടെ നേരത്ത് കൂടിക്കാഴ്ചയ്ക്കും കൂടിച്ചേരലിനുംവേണ്ടി വേദനയോടും സങ്കടത്തോടുംകൂടി തന്റെ ദൈവത്തിന്റെ സന്നിധിയിൽ മനുഷ്യൻ നടത്തുന്ന ഒരു അർഥനയാണ് നമസ്കാരമെന്ന് മനസ്സിലാക്കേണ്ടതാണ്. കാരണം അല്ലാഹു പരിശുദ്ധനാക്കാത്തിടത്തോളം ആരും പരിശുദ്ധരാവുകയില്ല. അവൻ സ്വയം കൂടിക്കാഴ്ച നല്കാത്തിടത്തോളം ആർക്കും കൂടിക്കാഴ്ച ലഭിക്കുകയില്ല. പലരീതിയിലുള്ള വളയങ്ങളും പലതരത്തിലുള്ള ചങ്ങലകളും മനുഷ്യന്റെ കഴുത്തിൽ വീണുകിടക്കുന്നു. അത് അകലണമെന്ന് മിക്കവരും ആഗ്രഹിക്കുന്നുണ്ട്. എന്നാൽ, അവ അകലുന്നില്ല. മനുഷ്യന് പരിശുദ്ധനാവണമെന്ന ആഗ്രഹമുണ്ടായിട്ടും ദോഷപ്രവണമായ ആത്മാവിന്റെ പ്രേരണകൾ ഉണ്ടാകുകതന്നെ ചെയ്യുന്നു. പാപങ്ങളിൽനിന്ന് പരിശുദ്ധമാക്കുക എന്നത് ദൈവത്തിന്റെ പ്രവൃത്തിയാണ്. ബലം പ്രയോഗിച്ച് നിങ്ങളെ പരിശുദ്ധരാക്കാൻ അവനെക്കൂടാതെ ഒരു ശക്തിയുമില്ല. പരിശുദ്ധമായ വികാരങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയാണ് അല്ലാഹു നമസ്കാരം വെച്ചിട്ടുള്ളത്. നമസ്കാരമെന്താണ്? ദുഷ്ചിന്തകളും ദുർവിചാരങ്ങളും അകന്നുപോകുന്നതിനും ശുദ്ധമായ സ്നേഹവും ശുദ്ധമായ ബന്ധവും ലഭിക്കുന്നതിനും അല്ലാഹുവിന്റെ കല്പനകൾക്കു വിധേയരായി നടക്കാൻ ഭാഗ്യം ഉണ്ടാകുന്നതിനുംവേണ്ടി വേദനയോടും എരിച്ചിലോടും നീറ്റലോടുംകൂടി അല്ലാഹുവിനോട് ചെയ്യുന്ന ഒരു അർഥനയാണത്. പ്രാർഥന കേവലം നാവുകൊണ്ടല്ല, പ്രത്യുത, അതിനോടൊപ്പം എരിച്ചിലും പുകച്ചിലും നീറ്റലുമുണ്ടാകേണ്ടത് നിർബന്ധമാണെന്ന് സ്വലാത്ത് എന്ന പദം വിളിച്ചോതുന്നു. മനുഷ്യൻ ദുആയുടെ സ്ഥിതിയിൽ മരണാവസ്ഥ പ്രാപിക്കുന്നതുവരെ അല്ലാഹു ദുആ സ്വീകരിക്കുകയില്ല.

നമസ്കാരം വലിയ ഗംഭീരതരത്തിലുള്ള പ്രാർഥനയാണ്. എന്നാൽ, ആളുകൾ അതിനെ വിലമതിക്കുന്നില്ല. ഇക്കാലഘട്ടത്തിൽ മുസ്ലിമീങ്ങൾ ദൈവനാമജപത്തിലേക്ക് ശ്രദ്ധ തിരിച്ചിരിക്കുകയാണ്. നൗശാഹി, നഖ്ശ്ബൻദി തുടങ്ങിയ ഒരുപാട് കക്ഷികളുണ്ട്. വ്യസനകരമെന്ന് പറയട്ടെ അവരിൽ ആരുംതന്നെ അനാചാരങ്ങളുടെ കലർപ്പിൽനിന്ന് മുക്തരല്ല. ഈ ആളുകൾ നമസ്കാരത്തിന്റെ യാഥാർഥ്യത്തിൽ അജ്ഞരാണ്. ദൈവകല്പനകളെ അവർ പരിഹസിക്കുന്നു. നമസ്കാരം നിലവിലിരിക്കെ പ്രാർഥിക്കുന്നവന് ഈ അനാചാരങ്ങളിലൊന്നിന്റേയും ആവശ്യമില്ല. ബുദ്ധിമുട്ടിന്റെ നേരത്ത് അംഗസ്നാനം വരുത്തി നമസ്കാരിക്കുന്നതിന് എഴുന്നേറ്റു നില്ക്കുകയും പ്രാർഥിക്കുകയും ചെയ്യുക എന്നതായിരുന്നു നബി(സ) തിരുമേനിയുടെ രീതി. നമസ്കാരത്തെക്കാൾ കൂടുതൽ അല്ലാഹുവിന്റെ അടുത്തേക്ക് കൊണ്ടുപോകുന്ന മറ്റൊരു സംഗതിയും ഇല്ലെന്ന് നമ്മുടെ അനുഭവവുമാണ്. വിനയത്തിന്റേയും വണക്കത്തിന്റേയും മര്യാദയുടെ പ്രകടനം ഉൾക്കൊള്ളുന്നവയാണ് നമസ്കാരത്തിന്റെ ഭാഗങ്ങൾ. നില്ക്കുമ്പോൾ നമസ്കാരക്കാരൻ കൈകെട്ടി നില്ക്കുന്നു; ഒരടിമ തന്റെ യജമാനന്റേയും രാജാവിന്റേയും മുമ്പിൽ മര്യാദയോടുകൂടി നില്ക്കുന്നതുപോലെ. റുക്കൂഇൽ വണക്കത്തോടെ കുനിയുന്നു. ഏറ്റവും വലിയ വണക്കം സുജൂദ് ചെയ്യുമ്പോഴാണ്. അതങ്ങേയറ്റത്തെ വിനയാവസ്ഥ പ്രകടിപ്പിക്കുന്നു.' (ജൽസാ സാലാനാ പ്രഭാഷണം, 1906)

നമസ്കാരങ്ങളെ കൃത്യമായി ഉത്തരവാദത്തോടുകൂടി അനുഷ്ഠിക്കേണ്ടതാണ്. ചിലയാളുകൾ ഒരേയൊരു നേരത്തെ നമസ്കാരമേ അനുഷ്ഠിക്കുന്നുള്ളൂ. നമസ്കാരം മാപ്പാകുകയില്ലെന്ന കാര്യം അവർ ഓർക്കേണ്ടതാണ്. നബിമാർക്കുപോലും അത് മാപ്പാക്കപ്പെട്ടിട്ടില്ല. ഒരു ഹദീഥിൽ വന്നിരിക്കുന്നു. നബി(സ)തിരുമേനിയുടെ അടുക്കൽ പുതുവിശ്വാസികളുടെ ഒരു സംഘം വന്ന് നമസ്കാരം മാപ്പാക്കണമെന്ന് അപേക്ഷിച്ചു. അവിടന്ന് അരുൾചെയ്തു: ഏതൊരു മതത്തിലാണോ കർമമില്ലാത്തത് ആ മതം, മതം തന്നെയല്ല.' (മൽഫൂദാത്ത്, വാല്യം 1, പേ– 254)

അല്ലാഹുവിനോട് സത്യസന്ധമായ ബന്ധവും യഥാർഥമായ അടുപ്പവും നിലനിറുത്താനാഗ്രഹിക്കുന്നെങ്കിൽ നമസ്കാരത്തിൽ ലയിക്കുന്നവരായിത്തീരാൻ ഞാൻ നിങ്ങളോട് വീണ്ടും പറയുന്നു. എത്രത്തോളമെന്നാൽ നിങ്ങളുടെ ശരീരവും– നിങ്ങളുടെ നാവല്ല– എന്നല്ല, നിങ്ങളുടെ ആത്മാവിന്റെ ഇച്ഛകളും വികാരങ്ങളുമെല്ലാം ഒന്നടങ്കം നമസ്കാരമായിത്തീരണം.' (മൽഫൂദാത്ത്, വാല്യം 1, പേ 163)

എന്താണ് നമസ്കാരം? നമസ്കാരം യഥാർഥത്തിൽ ആദരവുടയവനായ രക്ഷിതാവിനോടുള്ള പ്രാർഥനയാണ്. ഇതുകൂടാതെ മനുഷ്യന് ജീവിച്ചിരിക്കാൻ സാധ്യമല്ല. സൗഖ്യത്തിന്റേയും സന്തോഷത്തിന്റേയും സഹായവും കിട്ടുകയില്ല. അല്ലാഹു തന്റെ അനുഗ്രഹം അവന്റെമേൽ ചൊരിയുമ്പോഴാണ് യഥാർഥമായ സന്തോഷവും സംതൃപ്തിയും അവന് ലഭിക്കുന്നത്. സ്വാദിഷ്ടമായ ഭക്ഷണം കഴിക്കുമ്പോഴുണ്ടാകുന്ന ആനന്ദംപോലെ ആ നേരം മുതൽ അവന് നമസ്കാരങ്ങളിൽ പ്രിയവും താൽപര്യവുമുണ്ടാകാൻ തുടങ്ങും. അതുപോലെതന്നെ പിന്നീട് ദൈവിക സവിധത്തിലുള്ള കരച്ചിലിനോടും ആവലാതിയോടും പ്രിയം വരുന്നതുമാണ്. നമസ്കാരത്തിനുണ്ടാകേണ്ടതായ ഈ അവസ്ഥ ഉണ്ടായിവരികയും ചെയ്യും. അതിനുമുമ്പേ ആരോഗ്യം ലഭിക്കാൻ കയ്പുള്ള മരുന്ന് കഴിച്ചതുപോലെയായിരുന്നു. ഇപ്രകാരം ആനന്ദരഹിതമായ നമസ്കാരത്തേയും അനുഷ്ഠിക്കേണ്ടതും പ്രാർഥിച്ചുകൊണ്ടിരിക്കേണ്ടതും നിർബന്ധമാണ്. ആനന്ദശൂന്യമായ ആ അവസ്ഥയിൽ നിന്ന് രുചിയും ആനന്ദവും ഉണ്ടാകണമെന്ന വിചാരത്തോടെ ഇങ്ങനെ പ്രാർഥിക്കുക:– "അല്ലാഹുവേ, ഞാനെത്രമാത്രം അന്ധനും അറിവില്ലാത്തവനുമാണെന്ന് നീ കാണുന്നു, ഞാൻ ഈ നേരത്ത് തികച്ചും മൃതാവസ്ഥയിലാണ്. അല്പം കഴിഞ്ഞാൽ വിളി വരുമെന്ന് എനിക്ക് അറിയാം, അപ്പോൾ ഞാൻ നിന്നിലേക്ക് വരും. ആ നേരത്ത് ആർക്കും എന്നെ തടയാൻ സാധിക്കുകയില്ല. പക്ഷേ, എന്റെ ഹൃദയം ഇരുട്ടുനിറഞ്ഞതും നിന്നെ തിരിച്ചറിയാത്തതുമാണ്. നിന്റെ സ്നേഹവും നിന്നോടുള്ള ആസക്തിയും ഉണ്ടാകുംവിധമുള്ള പ്രകാശത്തിന്റെ ജ്വാല നീ എന്നിൽ ഇറക്കിയാലും. അന്ധനായി ഉണരാതിരിക്കുന്നതിനും അന്ധന്മാരുടെ കൂട്ടത്തിൽ ചെന്നുചേരാതിരിക്കുന്നതിനും നീ അനുഗ്രഹിച്ചാലും."

ഇത്തരത്തിൽ പ്രാർഥിക്കുകയും അത് മുടങ്ങാതെ തുടരുകയും ചെയ്യുമ്പോൾ അവൻ അനുഷ്ഠിച്ചുപോന്ന ആനന്ദരഹിതമായ നമസ്കാരത്തിൽ ഒരു വസ്തു ആകാശത്തുനിന്ന് അവനിൽ വീഴുന്ന ഒരു നേരം വന്നെത്തുന്നത് അവൻ കാണുന്നതാണ്. അത് കരച്ചിലുണ്ടാക്കും.' (മൽഫൂദാത്ത്, വാല്യം 4, പേജ് 361)

*വല്ലദീനഹും അലാ സ്വലവാത്തിഹിം യുഹാഫിളൂൻ.* അതായത്, ആറാമത്തെ പദവിയിലെത്തിയ മുഅ്മിൻ– സത്യവിശ്വാസി അഞ്ചാമത്തെ പദവിയിൽനിന്നുയർന്നവനായിമാറി. അപ്പോൾ അവൻ തന്റെ നമസ്കാരങ്ങളെ സ്വയം സംരക്ഷിക്കുന്നവനും മേൽനോട്ടക്കാരനുമാണ്. അതായത്, അവൻ മറ്റാരെങ്കിലും പറയുന്നതിനും ഓർമിപ്പിക്കുന്നതിനും ആശ്രയിക്കുന്നവനായിരിക്കുകയില്ല. പ്രത്യുത, അവൻ എപ്പോഴും അതിന്റെ മേൽനോട്ടം വഹിക്കുകയും, ഓരോ നിമിഷവും ദൈവസ്മരണയിൽ കഴിച്ചുകൂട്ടുംവിധമുള്ള ബന്ധം അല്ലാഹുവിനോടുണ്ടാകുകയും, അവനെ സ്മരിക്കാൻ സ്വാഭാവികമായ സ്നേഹവും, സ്വസ്ഥതയും, ജീവിതവും അവന് ലഭിക്കുകയും ചെയ്യുന്നു. ദൈവത്തെ സ്മരിക്കുന്നതിൽനിന്ന് അണുനിമിഷം വേറിടുന്നത് അവനിഷ്ടപ്പെടുന്നില്ല.

നഷ്ടപ്പെട്ടാൽ തനിക്ക് നാശമുണ്ടാകും എന്ന് കരുതുന്ന വസ്തുവിനെ മനുഷ്യൻ എല്ലാവിധത്തിലും പാടുപെട്ട് സംരക്ഷിക്കുമെന്നത് വ്യക്തമാണ്. വെള്ളവും ഭക്ഷണവും ഒന്നും ലഭിക്കാത്ത വിജനമായ ഒരു സ്ഥലത്തൂടെ ഒരാൾ യാത്ര ചെയ്യുകയാണ്. നൂറുക്കണക്കിന് മൈലുകൾക്കപ്പുറം വെള്ളമോ ഭക്ഷണമോ കിട്ടുമെന്ന പ്രതീക്ഷ അയാൾക്കില്ല. അയാൾ തന്റെ കൈയിലുള്ള ഭക്ഷണം എത്ര കാര്യമായിട്ടായിരിക്കും സൂക്ഷിച്ചുവെക്കുക. തന്റെ ജീവനതുല്യം അയാൾ അതിനെ മനസ്സിലാക്കുന്നു. എന്തുകൊണ്ടെന്നാൽ അത് നഷ്ടപ്പെടുന്നതോടെ തന്റെ മരണം സംഭവിക്കുമെന്ന് അയാൾ ദൃഢമായും വിശ്വസിക്കുന്നു. ആരാണോ ഈ വഴിയാത്രക്കാരനെപോലെ തങ്ങളുടെ നമസ്കാരങ്ങളെ കാത്തുസൂക്ഷിക്കുന്നത് അവൻ ധനനഷ്ടമുണ്ടായാലും മാനഹാനിയുണ്ടായാലും നമസ്കാരം കാരണത്താൽ ആരെങ്കിലും വെറുത്താലും ശരി, നമസ്കാരം ഒഴിവാക്കുകയില്ല. അത് നഷ്ടപ്പെടുമോ എന്ന ആശങ്കയിൽ അവന് കഠിനമായ അസ്വസ്ഥതയുണ്ടാകുകയും വിഷമംകൊണ്ട് മരിച്ചവനെപ്പോലെ ആയിത്തീരുകയും ചെയ്യുന്നു. അവൻ ഒരുശ്വാസംപോലും ദൈവസ്മരണയിൽനിന്ന് വേർപെടാൻ ആഗ്രഹിക്കുകയില്ല. നമസ്കാരവും ദൈവസ്മരണയും യഥാർഥത്തിൽ തന്റെയൊരു പ്രധാന ഭക്ഷണമായി അവൻ മനസ്സിലാക്കുന്നു. അതിലാണ് അവന്റെ ജീവിതത്തിന്റെ

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി Weekly **BADAR** Qadian
ഖാദിയാൻ

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 07 May 2020 Issue-19

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

നിലനില്പ്. ഈ അവസ്ഥ ഉണ്ടാകുന്നത് അല്ലാഹു അവനെ സ്നേഹിക്കുമ്പോഴാണ്. അവന്റെ വ്യക്തിപരമായ സ്നേഹത്തിന്റെ ഒരു ജ്വലിക്കുന്ന തീനാളം– ആധ്യാത്മികമായ നിലനില്പിന് അതിനെ ഒരു ആത്മാവെന്ന് പറയാവുന്നതാണ്– അവന്റെ ഹൃദയത്തിൽ ഇറങ്ങുകയും അവന് ഹയാത്തെ ഥാനീ– രണ്ടാമത്തെ ജീവിതം നല്കുകയും ചെയ്യുന്നു. ആ ആത്മാവ് അവന്റെ സകല ആധ്യാത്മികതയ്ക്കും വെളിച്ചവും ജീവിതവും പകരുന്നു. അപ്പോൾ അവൻ ഏതെങ്കിലും കൃത്രിമമായ നിലയിൽ ദൈവസ്മരണയിൽ മുഴുകുകയില്ല. മറിച്ച്, ഭൗതികമായി മനുഷ്യജീവിതം ഭക്ഷണത്തിലും വെള്ളത്തിലും നിലനിറുത്തിയിട്ടുള്ള അല്ലാഹു താൻ സ്നേഹിക്കുന്ന അവന്റെ ആധ്യാത്മികജീവിതത്തെ തന്റെ സ്മരണയാകുന്ന ഭക്ഷണവുമായി ബന്ധിപ്പിക്കുന്നു. അതുകൊണ്ട് അവൻ ആ ഭക്ഷണത്തേയും വെള്ളത്തേയും ഭൗതികമായ ഭക്ഷണത്തേക്കാളും വെള്ളത്തേക്കാളും കൂടുതൽ ആഗ്രഹിക്കുന്നു. അത് നഷ്ടപ്പെടുന്നതിനെ ഭയക്കുന്നു. ഇത് ഒരു തീനാളംപോലെ അവനിൽ ഇട്ടുകഴിഞ്ഞ ആത്മാവിന്റെ സ്വാധീനമാണ്. ഇതുമുഖേന ദൈവപ്രേമത്തിന്റെ പൂർണമായ ലഹരി അവനിലുണ്ടാകുന്നു. അതുകൊണ്ട് ദൈവസ്മരണയിൽനിന്ന് ഒരുനിമിഷംപോലും വേർപെടാൻ അവൻ ഇഷ്ടപ്പെടുകയില്ല. അവൻ അതിനുവേണ്ടി ദുഃഖം സഹിക്കുകയും വിപത്തുകളെ അഭിമുഖീകരിക്കുകയും ചെയ്യും. എന്നാൽ, അതിൽനിന്ന് ഒരുനിമിഷംപോലും വേർപെടാൻ ആഗ്രഹിക്കുകയില്ല. ഓരോ ശ്വാസത്തിലും അവൻ ദൈവസ്മരണയിൽ ഏർപ്പെടുകയും തന്റെ നമസ്കാരങ്ങളുടെ സംരക്ഷകനും മേൽനോട്ടക്കാരനുമായിരിക്കുകയും ചെയ്യും. ഇക്കാര്യം അവന് പ്രകൃതിസിദ്ധമാണ്. എന്തുകൊണ്ടെന്നാൽ, വാസ്തവത്തിൽ അല്ലാഹു തന്റെ സ്നേഹനിർഭരമായ സ്മരണയെ, ദൈവസ്മരണയെ– ഇതിനെ മറ്റുവാക്കുകളിൽ നമസ്കാരം എന്നു പറയുന്നു– അവന് ഒഴിച്ചുകൂടാൻപറ്റാത്ത ഭക്ഷണമായി നിശ്ചയിച്ചുകൊടുത്തിരിക്കുകയാണ്. തന്റെ വ്യക്തിപരമായ സ്നേഹത്താൽ അവനിൽ വെളിപ്പെട്ട് ദൈവസ്മരണയുടെ ഒരു സുന്ദരമായ ആനന്ദം അവന് നൽകിയിരിക്കുന്നു. ഇക്കാരണത്താൽ ദൈവസ്മരണ ജീവനെപോലെ, എന്നല്ല ജീവനെക്കാളുപരിയായി അവന് പ്രിയങ്കരമായിത്തീർന്നു. ദൈവത്തിന്റെ വ്യക്തിപരമായ സ്നേഹം ഒരു പുതുആത്മാവാണ്. അത് തീനാളംപോലെ അവന്റെ ഹൃദയത്തിൽ പതിക്കുന്നു. അവന്റെ നമസ്കാരത്തേയും ദൈവസ്മരണയേയും ഒരു ഭക്ഷണമെന്നപോലെ അവനുണ്ടാക്കിക്കൊടുക്കുന്നു. തന്റെ ജീവിതം ഭക്ഷണവും വെള്ളവും കൊണ്ടല്ല. നേരെമറിച്ച്, നമസ്കാരവും ദൈവസ്മരണയും കൊണ്ടാണെന്ന് അവൻ ദൃഢഗാഢമായി വിശ്വസിക്കുന്നു.

ചുരുക്കത്തിൽ സ്നേഹത്താൽ നിർഭരമായ ദൈവസ്മരണയുടെ പേരാണ് നമസ്കാരം. അത് വാസ്തവത്തിൽ അവരുടെ ഭക്ഷണമായി തീരുകയാണ്. അത് കൂടാതെ അവർക്ക് ജീവിക്കാനേ പറ്റുകയില്ല. വെള്ളവും ധാന്യവുമൊന്നുമില്ലാത്ത വനത്തിലൂടെ നീങ്ങുന്ന യാത്രക്കാരൻ തന്റെ കൈയിലുള്ള അല്പം ഭക്ഷണത്തെ സംരക്ഷിക്കുകയും തോൽസഞ്ചിയിലുള്ള അല്പമാത്രമായ ജലത്തെ ജീവനുതുല്യം കാണുകയും ചെയ്യുന്നതുപോലെ അവൻ അതിനെ സംരക്ഷിക്കുകയും കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു. ഉദാരനായ അല്ലാഹു മനുഷ്യന്റെ ആത്മീയാഭിവൃദ്ധിക്കായി ഇങ്ങനെയും ഒരു നില വെച്ചിരിക്കുകയാണ്. അത് വ്യക്തിപരമായ സ്നേഹവും പ്രേമവായ്പിന്റെ ആധിക്യവും സമർദ്ദത്തിന്റെ അവസാനത്തെ നിലയുമാണ്. വാസ്തവത്തിൽ ഈ നിലയിലെത്തുമ്പോൾ മനുഷ്യന് സ്നേഹനിർഭരമായ ദൈവസ്മരണ– ഇതിന് മതപരമായ സാങ്കേതികപദം നമസ്കാരം എന്നാണ്– ഭക്ഷണത്തിന്റെ പകരക്കാരനായി തീരുന്നു. എന്നല്ല, അവൻ നിരന്തരം തന്റെ ശാരീരികമായ ആത്മാവിനേയും ഈ ഭക്ഷണത്തിൽ ബലിയർപ്പിക്കാൻ ആഗ്രഹിക്കുന്നു.

തുടരും

# അനുഗൃഹീത റമളാനുമായി തഹ്‌രീക്കെ ജദീദിന് അഗാധമായ ബന്ധം

തഹ്‌രീക്കെ ജദീദിന്റെ സ്ഥാപകർ സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമാസീഹ് ഥാനീ(റ)അനുഗൃഹീത റമളാൻമാസവുമായി തഹ്‌രീക്കെ ജദീദിനുള്ള അഗാധമായ ബന്ധങ്ങളിൽ വെളിച്ചം വീശിക്കൊണ്ടു പറയുന്നു:

'........നിങ്ങൾ റമളാനിൽനിന്ന് ഫലമെടുക്കാൻ ആഗ്രിഹക്കുന്നെങ്കിൽ തഹ്‌രീക്കെ ജദീദ് അനുസരിച്ച് പ്രവൃത്തിക്കുക. തഹ്‌രീക്കെ ജദീദിന് പ്രയോജനമെത്തിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ നോമ്പുകളിൽനിന്ന് ശരിയായ ഫലമെടുക്കുക. ലളിതമായ ജീവിതം നയിക്കുക എന്നതാണ് തഹ്‌രീക്കെ ജദീദ്. നിങ്ങളെ അധ്വാനത്തിന്റേയും ബുദ്ധിമുട്ടിന്റേയും ത്യാഗത്തിന്റേയും ശീലമുള്ളവരാക്കുക. ഈ പാഠം പഠിപ്പിക്കാനാണ് റമളാൻ വരുന്നത്. അതിനാൽ ഏതൊരു ഉദ്ദേശ്യത്തിനാണോ റമളാൻ വന്നിട്ടുള്ളത് ആ ഉദ്ദേശ്യം കരസ്ഥമാക്കുന്നതിനുവേണ്ടി അത്യധ്വാനം ചെയ്യുക.......ഓരോ വ്യക്തിയുടേയും റമളാൻ തഹ്‌രീക്ക് ജദീദിന്റേയും തഹ്‌രീക്കെ ജദീദ് റമളാന്റേയും ആയിത്തീരാൻ ഓരോരുത്തരും പരിശ്രമിക്കേണ്ടതാണ്. റമളാൻ നമ്മുടെ ദോഷപ്രവണമായ ആത്മാവിനെ വധിക്കുന്നതായിരിക്കണം. തഹ്‌രീക്കെ നമ്മുടെ ആത്മാവിന് നവീനത പ്രദാനം ചെയ്യുന്നതായിരിക്കണം. അതിനാൽ റമളാനിൽനിന്ന് ഫലമെടുക്കാൻ ഞാൻ പറഞ്ഞത്, യഥാർഥത്തിൽ നിങ്ങൾക്ക് തഹ്‌രീക്കെ ജദീദിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ റമളാന്റെ വെളിച്ചത്തിൽ ഞാൻ നിങ്ങൾക്കു മനസ്സിലാക്കിത്തരാനാണ്. തഹ്‌രീക്കെ ജദീദിലേക്ക് ശ്രദ്ധിക്കുക എന്നു ഞാൻ പറഞ്ഞപ്പോൾ, മറ്റുവാക്കുകളിൽ നിങ്ങൾ എല്ലാ അവസ്ഥയിലും റമളാന്റെ അവസ്ഥ നിങ്ങളുടെമേൽ ഇറക്കുക എന്നാണ്. ശരിയായ ത്യാഗത്തിന്റേയും നിരന്തരമായ ദാനത്തിന്റേയും ശീലം നിങ്ങളുടെ ഉള്ളിലുണ്ടാക്കുക. സത്യസന്ധമായ ത്യാഗമില്ലാതെ ഏതൊരു റമളാനാണോ കഴിഞ്ഞുപോകുന്നത് അത് റമളാനല്ല. ആത്മാവിന്റെ പുതുമയില്ലാതെ ഏതൊരു തഹ്‌രീക്കെജദീദാണോ കടന്നുപോകുന്നത് അത് തഹ്‌രീക്കെ ജദീദുമല്ല.'(ഖുത്വ്ബ ജുമുഅ 1938 നവംബർ 4)

ഇതുസംബന്ധമായി ഹുദൂർ(റ)1938 നവംബർ 11 ന് ചെയ്ത ജുമുഅ ഖുത്വ്ബയുടെ അവസാനം ജമാഅത്തിനോടു ചന്ദകൊടുക്കുന്നവർക്കുവേണ്ടി ദുആ ചെയ്യാൻ ആഹ്വാനം ചെയ്തുകൊണ്ട് പറഞ്ഞു:"റമളാന്റെ അവസാനത്തെ പത്ത് വരാൻ പോകുകയാണ്. തഹ്‌രീക്കെ ജദീദിനെ സംബന്ധിച്ച് മുൻ ത്യാഗങ്ങൾക്കുള്ള നന്ദിയായും ഭാവിയിലേക്ക് ശക്തി ലഭിക്കുന്നതിനുംവേണ്ടി അതിനെ ചെലവഴിക്കുക. കഴിഞ്ഞ വർഷങ്ങളിൽ ത്യാഗം ചെയ്യാൻ തൗഫീഖ് കിട്ടിയതിന് അല്ലാഹുവിനോടു നന്ദി പറയുക. ദുആ ചെയ്യുന്ന ഓരോരുത്തരും ത്യാഗം ചെയ്യുന്ന ഓരോരുത്തർക്കുംവേണ്ടി അല്ലാഹുവിനോടു ദുആ ചെയ്യുക. അയാൾ ദീനിന്റെ അന്തസ്സിനും ജമാഅത്തിന്റെ പ്രബലതയ്ക്കുംവേണ്ടി എന്തു ത്യാഗമാണോ ചെയ്തത് അതിന്റെ ഫലമായി അല്ലാഹു അയാളുടമേൽ തന്റെ കൃപയും കാരുണ്യങ്ങളും ഇറക്കുമാറാകട്ടെ. അയാൾ അല്ലാഹുവിന്റെ വഴിയിൽ ഏതൊരു സ്നേഹത്തോടും ആത്മാർഥതയോടുംകൂടി ത്യാഗം ചെയ്തുവോ അതുപോലെ സ്നേഹവും അനുഗ്രഹങ്ങളും ഇറക്കുമാറാകട്ടെ. ആമീൻ."(അൽഫള്ൽ 1938 നവംബർ 15, പേജ് 4)

1938 നവംബർ 29 ന് ഖാദിയാനിൽ നിന്നിറങ്ങിയ അൽഫള്ൽ ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച വിളംബരം അനുസരിച്ച് ജമാഅത്തിലെ ആത്മാർഥരായവർ എപ്പോഴും തുടക്കം മുതലെ റമളാൻ മാസത്തിന്റെ മധ്യത്തോടെ തഹ്‌രീക്കെ ജദീദിന്റെ ചന്ദ വാഗ്ദാനങ്ങൾ നൂറു ശതമാനവും അടച്ച് അല്ലാഹുവിന്റെ കൃപകളും അനുഗ്രഹങ്ങളും ആകർഷിച്ചെടുക്കാൻ ശ്രമിക്കാറുണ്ട്. ഇപ്പോൾ നമ്മൾ അല്ലാഹു നല്കിയ തൗഫീഖുകൊണ്ട് ഒരിക്കൽക്കൂടി അസംഖ്യം ദൈവികമായ കാരുണ്യങ്ങളും അനുഗ്രഹങ്ങളും വഹിച്ചുവരുന്ന ആ മാസത്തിൽ കാലു വെക്കുകയാണ്. തഹ്‌രീക്കെ ജദീദിന്റെ സഹായികളോടു അപേക്ഷിക്കുന്നത്, അവർ തങ്ങളുടെ മനോഹരമായ ജമാഅത്ത് പാരമ്പര്യങ്ങളെ നിലനിറുത്തിക്കൊണ്ട് റമളാൻ 20 ന് അതായത് മെയ്മാസം 14 നുള്ളിൽ തങ്ങളുടെ നിർബന്ധമായ കാര്യങ്ങൾ നിറവേറ്റി ഹുദൂർ അയ്യദഹുല്ലായുടെ സ്വീകാര്യമായ ദുആകളിൽ ഭാഗഭാക്കാകാനുള്ള ഭാഗ്യം കരസ്ഥമാക്കുക. അല്ലാഹു നമുക്കെല്ലാവർക്കും അതിന് തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

ജില്ല, തദ്ദേശ അമീർമാരും ജമാഅത്തിന്റെ പ്രസിഡന്റുമാരും തഹ്‌രീക്കെ സെക്രട്ടറിമാരും ഇൻചാർജ് മുബല്ലിഗുമാരും അവരവരുടെ ജമാഅത്തിലെ നൂറുശതമാനം ചന്ദ അടച്ചവരുടെ പേരുവിവരം അടങ്ങിയ ലിസ്റ്റ് മെയ് 14 നു മുമ്പേ പോസ്റ്റുമുഖേനയോ മെയ് 20 നുള്ളിൽ ഈമെയിൽ മുഖേനയോ വക്കാലത്തെ മാൽ തഹ്‌രീക്കെ ജദീദ് ഖാദിയാന് അയച്ചുകൊടുക്കുക. ഈ ലിസ്റ്റുകൾ റമളാൻ 29 ന് നടക്കുന്ന സമൂഹപ്രാർഥനയ്ക്കുവേണ്ടി സയ്യിദുനാ ഹുദൂറിന് അയച്ചുകൊടുക്കേണ്ടതുണ്ട്.

**ജസാക്കുമുല്ലാഹ് ഖയ്റാ**
**വക്കീലുൽമാൽ തഹ്‌രീക്കെ ജദീദ് ഖാദിയാൻ**

(പേജ് 1ൽനിന്ന്)

ന്റെ ശഹാദത്തുണ്ടായെങ്കിൽ അത് ചീത്തതന്നെയാണ്. എന്നാൽ, അദ്ദേഹം ചെയ്ത പ്രവൃത്തി ഇന്നത്തെ ശിയാക്കൾ എല്ലാവരും ഒരുമിച്ചുകൂടിയാലും ചെയ്യാൻ കഴിയില്ല.

## ഗ്രന്ഥാനുസാരികളുടെ ഭക്ഷണം

ഗ്രന്ഥാനുസാരികളുടെ ഭക്ഷണം കഴിക്കുന്നതിനെ സംബന്ധിച്ച് ബാബു മുഹമ്മദ് അഫ്സൽ സാഹിബ് ചോദിച്ചപ്പോൾ ഹദ്റത്ത് അഖ്ദസ് പറഞ്ഞു: 'സംസ്കാരം എന്ന നിലയിൽ ഹിന്ദുക്കളുടെ ഭക്ഷണവും കഴിക്കാറുണ്ട്. ഇപ്രകാരം ക്രിസ്ത്യാനികളുടെ ഭക്ഷണവും ശരിതന്നെ. എന്നാൽ, പാത്രം പരിശുദ്ധമായിരിക്കേണ്ടതും അവിശുദ്ധവസ്തുവാകാതിരിക്കേണ്ടതും ഗൗനിക്കേണ്ടത് നിർബന്ധമാണ്.'(മൽഫൂദാത്ത് വാള്യം 1 പേജ് 131, 2018 ഖാദിയിൻ പതിപ്പ്)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin